# എന്റെ ഉത്സവങ്ങൾ

## യഹോവയുടെ ഉത്സവങ്ങൾ
## ഒരു വ്യാഖ്യാനം

**MY FEASTS**
**(AN EXPOSITION ON THE FEASTS OF THE LORD)**

**G. DAVISON**

**ജി. ഡേവിസൺ**

*പ്രസാധകർ*

*Published by*

**NUR UL ALAM MINISTRY**
P.O. BOX. 15, MANJERI - 676121
KERALA, INDIA.
e-mail: bible@sancharnet.in
www.bibleforu.com. www.namindia.org

All rights reserved.
No part of this Publication
may be reproduced without permission
of Author and Publisher.

# യഹോവയുടെ ഉത്സവങ്ങൾ

“മൂന്നു ഏഴുകളെപ്പറ്റി നിങ്ങൾ പഠിക്കാത്ത കാലത്തോളം ദൈവത്തിന്റെ യുഗപരമായ കാര്യപരിപാടികളിൽ നിങ്ങൾക്ക് ഒരിക്കലും ശരിയായൊരു അവബോധം ഉണ്ടാവുകയില്ല”. ഡോ. വിൽസ്സന്റെ വാക്കുകളാണിത്. അദ്ദേഹം പരാമർശിച്ച മൂന്നു ഏഴുകൾ ഇവയാണ്.

1. യഹോവയുടെ ഉത്സവങ്ങൾ (ലേവ്യ. 23).

2. ദൈവരാജ്യത്തിന്റെ ഉപമകൾ (മത്താ. 13)

3. സഭകളോടുള്ള ദൂതുകൾ (വെളി. 2, 3).

ഈ പ്രസ്താവനകൾ വാസ്തവമാണ്; ഈ വേദഭാഗങ്ങൾ പഠിക്കുന്നവർക്ക് പ്രസ്തുത വിഷയം ബോധ്യമാകുന്നതുമാണ്. മേലുദ്ധരിച്ച മൂന്നു സംഗതികളോടുള്ള ബന്ധത്തിൽ ചിന്തനീയമായ ഒരു കാര്യം, അവ നാലും മൂന്നുമായി വിഭജിക്കപ്പെടാം എന്നതാണ്. ആദ്യത്തെ നാലു ഉത്സവങ്ങളും, രണ്ടാമത്തെ മൂന്നു ഉത്സവങ്ങളും ചേർന്നുപോകുന്നു. ഉപമകളെയും, നാലും മൂന്നും എന്നിങ്ങനെ രണ്ടായി വിഭജിക്കാവുന്നതാണ്. എന്നാൽ സഭകൾക്കുള്ള ദൂതുകളെ മൂന്നും നാലും എന്ന ക്രമത്തിൽ വിഭാഗിക്കാനേ സാധിക്കൂ. ഇതിനൊരു വിശദീകരണം ആവശ്യമാണ്.

ആദ്യത്തേ നാലു ഉത്സവങ്ങൾ ക്രൈസ്തവസഭയോടുള്ള ബന്ധത്തിൽ നിവൃത്തിയായി; അതേസമയം, അവസാനത്തെ മൂന്നെണ്ണം ഭാവിയിൽ യിസ്രയേലിനോടുള്ള ബന്ധത്തിൽ നിവൃത്തിയാക്കപ്പെടേണ്ടിയിരിക്കുന്നു. മത്തായി സുവിശേഷം 13-ാം അദ്ധ്യായത്തിൽ വായിക്കുന്ന ഉപമകളിലെ ആദ്യത്തെ നാലു ഉപമകൾ യിസ്രയേലിനോടുള്ള ബന്ധത്തിലും, ഒടുക്കത്തെ മൂന്നെണ്ണം വിജാതീയരോടുള്ള ബന്ധത്തിലും പറഞ്ഞവയാണ്. ദൈവരാജ്യത്തെ ബാഹ്യമായ തലത്തിൽ, ലോകത്തിൽ പ്രകടമായി കാണാവുന്ന സവിശേഷമായ സ്വഭാവത്തിൽ, ആദ്യത്തെ നാലു ഉപമകളിൽ വ്യക്തമാക്കിയിരിക്കുന്നു. ദൈവീക പരിജ്ഞാനം ഉള്ളവർക്ക് മാത്രം മനസ്സിലാകുന്ന വിധത്തിലാണ് ഒടുക്കത്തെ മൂന്നെണ്ണം അവതരിപ്പിച്ചിരിക്കുന്നത്. മഹത്വവും അരാജകത്വവും ബാഹ്യമായി തെളിഞ്ഞുവരുന്നു; മൂല്യവും ഐക്യതയും ആന്തരികമായി മറയപ്പെട്ടിരിക്കുന്നതുകൂടാതെ, ദൈവാത്മാവ് ഉപദേശിച്ചുകൊടുക്കുന്നവർക്ക് മാത്രമേ അത് ഗ്രഹിക്കാനും സാധിക്കൂ. ശിഷ്യന്മാർ ക്രിസ്തുവിനോട് വേറിട്ടിരുന്നപ്പോൾ പറഞ്ഞ ഉപമകളായതുകൊണ്ടാണ് ഇത്തരത്തിലൊരു നിഗൂഢാത്മകത അതിനുള്ളതെന്ന് ചിലർ ചൂണ്ടിക്കാണിക്കുന്നു. ആന്തരികവും ബാഹ്യവുമായ വസ്തുതകൾ ഗ്രഹിക്കത്തക്കവിധം ദൈവം അവർക്ക് കണ്ണും കാതും നൽകുകയുണ്ടായി. (വാക്യം 16). തുടർന്ന്, സഭകളോടുള്ള ബന്ധത്തിൽ, ആദ്യത്തെ മൂന്നു ദൂതുകളിൽ വിശദീകരിക്കപ്പെട്ടിട്ടുള്ള അവസ്ഥയ്ക്ക് മാറ്റം വന്നു; എന്നാൽ, അവസാനത്തെ മൂന്നെണ്ണത്തിൽ പ്രസ്താവിച്ചിരിക്കുന്ന സംഗതികളാകട്ടെ, അന്ത്യത്തോളം സംഭവിച്ചുകൊണ്ടിരിക്കേണ്ടതുമാകുന്നു. ഈ സഭകളിൽ വിശദീകരിച്ചിരിക്കുന്ന പ്രാദേശിക സവിശേഷതകൾ, ചരിത്രപരമായി, ലോകപരമായി സഭയ്ക്കുള്ള ഇടപാടുകളെ സൂചിപിക്കാനത്രേ. മൂന്നു ഏഴുകളെപ്പറ്റി സംക്ഷിപ്തമായി ഇത്രമാത്രം പരാമർശിച്ചെന്നേയുള്ളു; ആദ്യത്തെ ഏഴിനെപ്പറ്റിയാണല്ലോ നാം പഠിക്കാനുദ്ദേശിക്കുന്നത്.

ഖണ്ഡിതമായി പറഞ്ഞാൽ, ശബ്ബത്ത് തുടങ്ങി കൂടാരപ്പെരുന്നാളിൽ അവസാനിക്കുന്ന എട്ടു ഉത്സവങ്ങൾ ഈ അദ്ധ്യായത്തിലുണ്ട്. ശബ്ബത്ത് പെരുന്നാൾ ആഴ്ചതോറും, മറ്റേഴ് പെരുന്നാളുകൾ ഓരോ വർഷത്തിലുമാണ് നടന്നുവരുന്നതെന്ന് കുറിക്കൊള്ളേണ്ടതാണ്. യഹോവയുടെ ഉത്സവങ്ങളെപ്പറ്റി പരാമർശിക്കപ്പെട്ടിരിക്കുന്നിടത്ത് ശബ്ബത്തിനെപ്പറ്റി പറഞ്ഞിരിക്കുന്നത് ഇവിടെമാത്രമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് (23:2). ഇംഗ്ലീഷിൽ ജെ. എൻ. ഡാർബി പരിഭാഷപ്പെടുത്തിയ പതിപ്പിൽ, "വിളിച്ചുകൂട്ടേണ്ട ഉത്സവങ്ങൾ" എന്നതിന് "നിശ്ചയിക്കപ്പെട്ട" എന്ന അടിക്കുറിപ്പ് കൊടുത്തിട്ടുണ്ട്. നിയോഗിക്കപ്പെട്ട എന്ന ആശയം അതിൽ അന്തർഹിതമാണ്. ഈ അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള  പരിശുദ്ധ പഞ്ചാംഗത്തിന്റെ മർമ്മം മനസ്സിലാക്കാൻ ഇതു തീർച്ചയായും സഹായിക്കും. "നിശ്ചയിക്കപ്പെട്ട" ഉത്സവങ്ങളെപ്പറ്റി നാലാം വാക്യത്തിൽ ആവർത്തിച്ചിട്ടുണ്ട്. അങ്ങനെ, മറ്റ് ഏഴ് ഉത്സവങ്ങളിൽനിന്ന് ശബ്ബത്ത് വേറിട്ടു നിൽക്കുന്നതായി അവിടെനിന്നു നാം മനസ്സിലാക്കുന്നു. അതിന്റെ കാരണം പലപ്പോഴും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്, അതായത്, ഈ ഒന്നാമത്തെ ഉത്സവത്തിൽ മറ്റെല്ലാ ഉത്സവങ്ങളിലും അന്തർലീനമായിരിക്കുന്ന മഹത്തായ സന്ദേശം അന്തർലീനമായിരിക്കുന്നു എന്നു സാരം. സങ്കീർത്തനങ്ങളുടെ എല്ലാംതന്നെ ഗതി ഏറെക്കുറെ ഈ രീതിയിലാണ് കാണുന്നത്, സങ്കീർത്തനത്തിന്റെ പ്രാരംഭത്തിൽ വിഷയം ആവിഷ്ക്കരിക്കുന്നു; അങ്ങനെ അവതരിക്കപ്പെട്ട വിഷയതന്തുവിന്റെ വെളിച്ചത്തിൽ ബാക്കിവരുന്ന സങ്കീർത്തനത്തിൽ വിശദീകരണവും നൽകിയിരിക്കുന്നു. ചരിത്രത്തിൽ മനുഷ്യരോട് ഇടപെടുന്നതിനോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ മഹത്തായ ഉദ്ദേശ്യമാണ് ശബ്ബത്തിൽ നാം കാണുന്നത്. ആ ലക്ഷ്യം എങ്ങനെ സാക്ഷാത്കരിക്കപ്പെടുമെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തേണ്ടതിന്, ഈ അദ്ധ്യായത്തിൽ ആവശ്യമായ വിശദീകരണങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയുന്നു. അതിനാൽ നമുക്കു അതിലേക്കു ശ്രദ്ധ തിരിക്കാം.

"യഹോവ പിന്നെയും മോശയോടു അരുളിച്ചെയ്തത്: നീ യിസ്രയേൽ മക്കളോട് പറയേണ്ടത്: എന്റെ ഉത്സവങ്ങൾ, വിശുദ്ധ സഭായോഗം വിളിച്ചുകൂട്ടേണ്ടുന്ന യഹോവയുടെ ഉത്സവങ്ങൾ ആവിത്" (23:1, 2).

"യഹോവ മോശയോട് അരുളിച്ചെയ്തു". ഇത് ആധികാരികമാണ്. നിരവധി വ്യാജോപദേഷ്ഠാക്കന്മാരെക്കൊണ്ട് നിറഞ്ഞ ഒരു കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത് (1 പത്രോസ് 2:1), അതിനാൽ ദൈവത്തിന്റെ വിശുദ്ധന്മാർ ആരെ ശ്രദ്ധിക്കണമെന്ന് വിശേഷവിധിയായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ ആധികാരിക ശബ്ദത്തിനത്രേ അവർ ചെവിക്കൊള്ളേത്. "യഹോവ അരുളിച്ചെയ്തു". അങ്ങനെ ദൈവം തന്റെ വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതാണ് ദൈവീകസത്യമെന്ന് നമുക്ക് ഉറപ്പാക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം, ദൈവത്തിന്റെ വചനം നമുക്ക് ലഭിച്ചെന്ന് നിശ്ചയമുണ്ടെങ്കിൽ, അത് സഫലമാക്കിത്തീർക്കുന്നതിൽ നാം നമ്മുടെ ആലസ്യം വിട്ടുകളയേണ്ടത് ആവശ്യമാണ്. "യഹോവയുടെ ന്യായപ്രമാണം പരിശോധിക്കാനും പ്രാവർത്തികമാക്കാനും യിസ്രയേലിൽ അതിന്റെ ചട്ടങ്ങളും വിധികളും ഉപദേശിക്കാനും എസ്രാ മനസ്സുവെച്ചിരുന്നു" (എസ്രാ 7:10). തന്റെ സ്വന്തം മഹത്വത്തിനും, തന്റെ സ്നേഹത്തിന്റെ സംതൃപ്തിക്കും വേണ്ടി താൻ എന്തു ചെയ്യുന്നു എന്ന് നാം ഓരോരുത്തരും അറിയണമെന്നത്രെ ദൈവത്തിന്റെ താൽപര്യം. മാത്രമല്ല, ബൗദ്ധികമായും നാം തന്നോട് ചേർന്ന് പ്രവർത്തിക്കണമെന്ന് അവിടുന്നു ആഗ്രഹിക്കുന്നു. തന്റെ ജനത്തിന്റെ ആഗ്രഹങ്ങളോടൊപ്പം, തന്റെ ഹൃദയാഭിലാഷത്തിന്റെ പ്രതികരണവും കരഗതമാക്കണമെന്ന വീക്ഷണത്തോടെയാണ് ദൈവം സംസാരിക്കുന്നത്.

"യിസ്രയേൽ മക്കളോട് പറയുക". താൻ വീണ്ടെടുത്ത തന്റെ തന്നെ ജനത്തോടത്രെ അവിടുന്നു സംസാരിക്കുന്നത്. അവരിൽ എത്ര പേരോട്? എല്ലാവരോടും. പുരോഹിതന്മാരോടും പ്രഭുക്കന്മാരോടും മാത്രമല്ല, മുഴു ജനത്തോടുമത്രെ ദൈവത്തിനു സംസാരിക്കാനുള്ളത്. ഈ വിഷയങ്ങൾ ഉപദേഷ്ടാക്കന്മാർക്കും മൂപ്പന്മാർക്കും വേണ്ടി പരിമിതപ്പെടുത്തുന്ന ഒരു പ്രവണത സാധാരണമാണല്ലോ. എന്നാൽ വിശുദ്ധന്മാരെല്ലാവരും തന്റെ വചനം കേൾക്കണമെന്നാണ് ദൈവത്തിന്റെ ഹിതം. താൻ എന്തു ചെയ്യുന്നു എന്ന അവബോധം ഓരോ വിശ്വാസിക്കും ഉണ്ടായിരിക്കേണ്ടതാണെന്നും ദൈവത്തിന്റെ കാര്യപരിപാടിയെപ്പറ്റി ശരിയായ ബോദ്ധ്യം ഉളവായി തന്റെ ശുശ്രൂഷയിൽ ഓരോരുത്തരും നിർവ്വഹിക്കേണ്ട ചുമതലകൾ എന്തെല്ലാമാണെന്നും അറിയേണ്ടത് അനിവാര്യമാണ്. ഞാൻ ആ വിഭാഗത്തിൽ ഉൾപ്പെട്ടതാണെങ്കിൽ, ഈ വചനം കേൾക്കാനുള്ള ഉത്തരവാദിത്വം എനിക്കുണ്ടെന്ന് തന്നെയല്ല, ആ ദൈവിക താൽപര്യത്തിൽ പ്രതികരിക്കുവാൻ നാം സദാ സന്നദ്ധരാകേണ്ടിയിരിക്കുന്നു.

"യഹോവയുടെ ഉത്സവങ്ങൾ" ദൈവം തന്റെ ജനത്തോട് പറയാൻ പോകുന്നതെന്താണെന്ന് ഈ പ്രസ്താവന ചൂണ്ടിക്കാണിക്കുന്നു. ദൈവനാമത്തിൽ കൂടിവരികയും തന്റെ പാവന സ്നേഹത്തിന്റെ സാഫല്യത്തിനുവേണ്ടി നാം നമ്മുടെ ജീവിതം സമർപ്പിക്കുകയും ചെയ്യുമ്പോൾ തന്റെ ഉത്സവങ്ങളെ നാം സ്വാദുവരുത്തുകയാണ് ചെയ്യുന്നത്. "എന്റെ ഉത്സവങ്ങൾ" എന്നിങ്ങനെയുള്ള പ്രയോഗത്തിലൂടെ നമ്മുടെ ഹൃദയത്തെ സ്പർശിക്കാൻ ദൈവം എത്രമാത്രം ഇഷ്ടപ്പെടുന്നു. ഇതിനു പ്രത്യുത്തരം നൽകുവാനുള്ള ഹൃദയാഭിലാഷം നമുക്കുണ്ടോ? നമ്മുടെ അനുഗ്രഹത്തിനുവേണ്ടി താൻ നമുക്കുവേണ്ടി ചെയ്ത വലിയ അനുഗ്രഹങ്ങളിൽ നിർലീനരായിരിക്കുകമാത്രമല്ല, മറിച്ച്, "അവർ അവന്നു ഒരു അത്താഴം ഒരുക്കി" എന്നു നാം യോഹന്നാൻ 12-ൽ വായിക്കുന്നതുപോലെ, നമുക്കു അവിടുത്തെ നാമമഹത്വത്തിന്നും എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ എന്നത്രെ അന്വേഷിക്കേണ്ടത്. പ്രിയപ്പെട്ടവരേ, ഈ നിലയിൽ നാം എപ്പോഴെങ്കിലും ദൈവത്തെ സമീപിക്കാറുണ്ടോ? എന്തെങ്കിലും തന്നിൽനിന്ന് പ്രാപിക്കുന്നതിനുവേണ്ടി അന്വേഷിക്കുകയോ, നമുക്കു ലഭിച്ച നന്മയെ ഓർത്ത് മഹിമപ്പെടുത്തുകയോ മാത്രമല്ല, നമ്മുടെ ഹൃദയാന്തർഭാഗത്തുനിന്നു ഉതിർന്നുവരുന്ന നന്ദിനിറഞ്ഞ അനുഭവത്തിൽ നമ്മുടെ ദൈവത്തെ സ്തുതിക്കാനും ആരാധിക്കാനും നമുക്കു സാധിക്കുന്നുണ്ടോ എന്നതാണ് പരമപ്രധാനം. തന്റെ ഹൃദയകുളിർമ്മക്കുവേണ്ടി താൻ നമുക്കു ചെയ്യുന്ന പ്രവൃത്തിയിൽ നാം ഏകാഗ്ര ചിത്തരായിരിക്കുന്നതാണ്, നമുക്കുവേണ്ടി താൻ ചെയ്ത നന്മയിൽ വിലയം പ്രാപിക്കുന്നതിനെക്കാൾ ഉൽകൃഷ്ടമെന്നോർക്കണം. അങ്ങനെ ചെയ്യുമ്പോൾ "എന്റെ ഉത്സവങ്ങൾ" എന്ന ഹൃദ്യമായ പ്രയോഗം നമ്മുടെ ഹൃദയത്തിന് ആസ്വാദ്യകരമാക്കിതീർക്കുമെന്ന് ഉറപ്പാണ്.

"വിശുദ്ധ സഭായോഗം" സംയുക്തമായ കൂടിവരവത്രേ ഇവിടുത്തെ സൂചന. അവിടുത്തെ ശുശ്രൂഷിക്കണമെന്ന ഏകചിന്തയോടെ നാം എല്ലാവരും തന്റെ സവിധത്തിൽ സഭായോഗം കൂടുന്നതാണ് ദൈവത്തെ ഏറ്റവുമധികം സന്തോഷിപ്പിക്കുന്നതെന്നു തോന്നുന്നു. ഇപ്രകാരം ചെയ്യുമ്പോൾ ഇത് വിസുദ്ധസഭായോഗമാണെന്ന് അനുസ്മരിപ്പിച്ചുകൊണ്ട് നമ്മുടെ ജഡവികാരങ്ങൾകൊണ്ട് തന്റെ പാവന സാന്നിധ്യത്തെ മലീമസമാക്കാതിരിക്കാൻ ദൈവം ശ്രദ്ധിക്കുമെന്ന വാഗ്ദാനം നൽകുകയാണ് ചെയ്യുന്നത്. നമ്മുടെ കൂടിവരവുകളിൽ ദൈവം ഉണ്ടെന്നും, സമർപ്പണത്തോടും, തികഞ്ഞ ആശ്രയത്തോടും ആരാധനയോടും കൂടിയാണ് നാമോരുരത്തരും അവിടുത്തെ മുമ്പാകെ

അടുത്തു വരുന്നതെന്നും നാം അനുസ്മരിക്കേണ്ടതാണ്. ഇപ്രകാരം ചെയ്യുന്നത്, വാസ്തവത്തിൽ, ദൈവത്തിന്റെ മനം കവരുന്ന ഉത്സവം തന്നെയെന്ന കാര്യത്തിൽ സംശയമില്ല. എണ്ണത്തിൽ കുറവാണെങ്കിൽപ്പോലും ഗുണത്തിൽ മെച്ചമായിത്തീരുന്ന പ്രവൃത്തിയത്രേ ഇത്; ഒപ്പം, എല്ലാം ശുഭകരമായിത്തീരാനും, ദൈവത്തെ സമുചികമായി സ്തുതിക്കുവാനും ഇടയാക്കും. ഇങ്ങനെ ഈ മഹനീയമായ അദ്ധ്യായത്തിലൂടെ ദൈവത്തിന്റെ ഇഷ്ടം എന്താണെന്ന് നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നു.

''ആറുദിവസം യഹോവയുടെ വേല ചെയ്യണം; എഴാം ദിവസം വിശുദ്ധസഭായോഗം കൂടേണ്ടുന്ന സ്വസ്ഥതെക്കുള്ള ശബ്ബത്ത്. അന്ന് ഒരു വേലയും ചെയ്യരുത്; നിങ്ങളുടെ സകലവാസസ്ഥലങ്ങളിലും അതു യഹോവയുടെ ശബ്ബത്ത് ആകുന്നു (23:3).

ഒന്നാമത്തെ ഉത്സവം, മറ്റെല്ലാ ഉത്സവങ്ങളുടെയും ഉദ്ദേശ്യമെന്തെന്ന് വെളിപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന് സൂചിപ്പിച്ചുവല്ലോ. പ്രവൃത്തി ആത്മനിവേശിത വചനത്തിന്റെ പ്രമേയ പ്രവാഹത്തിന് വിരാമം കുറിച്ചുകൊണ്ട് ദൈവത്തിന് ഒരു ദിവസം സമാഗതമാകുന്നു. ഉൽപ്പത്തി 1, 2 അദ്ധ്യായങ്ങൾ പുനഃസൃഷ്ടിനടത്തിക്കൊണ്ടാണ് അത് ആരംഭിക്കുന്നത്. “താൻ ചെയ്ത പ്രവൃത്തി ഒക്കെയും ദൈവെ തീർന്നശേഷം താൻ ചെയ്ത പ്രവൃത്തിയിൽനിന്നും താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽനിന്നും അന്നു നിവൃത്തനാകകൊണ്ട് ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു” (ഉൽപ്പ. 2:2,3). ആകയാൽ, ശബ്ബത്തിന്റെ അർത്ഥം എല്ലാ പ്രവൃത്തിയിൽനിന്നുള്ള നിവൃത്തിയെന്നാണ്. എന്നാൽ, പിന്നീട് പാപം ആദം മുഖാന്തരം സൃഷ്ടിയായ ഭൂമിയിൽ പ്രവേശിക്കുവാൻ, പാപം ഉളവാക്കിയ നാശത്തെ നിർമ്മാർജ്ജനം ചെയ്യേണ്ടതിന് ദൈവത്തിന്റെ പ്രവൃത്തനത്തെ വീണ്ടും ആരംഭിക്കേണ്ടത് ആവശ്യമായിത്തീർന്നു. അനന്തരം, യിസ്രയേലിനെ മിസ്രയീമിൽനിന്നു വീണ്ടെടുത്ത്, ഒരിക്കൽകൂടി ആവിഷ്ക്കരിച്ചു നാലാമത്തെ കൽപ്പനയിൽ ഉൾപ്പെടുത്തി യിസ്രയേലിനു നിർബന്ധമാക്കിത്തീർത്തു. അതുകൂടാതെ, താനും അവനും തമ്മിലുള്ള ഉടമ്പടിയുടെ അടയാളമായി രൂപാന്തരപ്പെടുത്തുകയും ചെയ്തു (പുറ. 31:13). ഈ ഉടമ്പടിക്കനുസ്രുതമായി യിസ്രയേൽ ദൈവത്തെ പ്രസാദിപ്പിച്ചു ജീവിച്ചിരുന്നെങ്കിൽ, തന്റെ ശബ്ദത്തിലൂടെ അവരെ ദൈവം സൗഖ്യമാക്കുമായിരുന്നു. എന്നാൽ മരുഭൂമിയിൽവെച്ച് അവർക്കുണ്ടായ പരാജയം ആ ചിന്തയ്ക്കു വിരാമം കുറിച്ചു; അവർ തന്റെ സ്വസ്ഥതയിൽ പ്രവേശിക്കയില്ലെന്നു ദൈവത്തിനു ശപഥം ചെയ്യേണ്ടതായും വന്നു. ശബ്ബത്തിനെപ്പറ്റി വിലപ്പെട്ട ആലോചനകൾ വിവരിച്ചിരിക്കുന്ന എബ്രായർ 4–ാം അദ്ധ്യായത്തിൽനിന്നു ഇക്കാര്യം വ്യക്തമായി മനസ്സിലാക്കാവുന്നതാണ്. “ആകയാൽ ദൈവത്തിന്റെ ജനത്തിന് ഒരു ശബ്ബത്തനുഭവം ശേഷിച്ചിരിക്കുന്നു” (എബ്രാ. 4:9). സൃഷ്ടിപ്പിനു ശേഷം വന്ന സ്വസ്ഥത ഭഞ്ജിക്കപ്പെട്ടു (4:4). മരുഭൂമിയിൽനിന്നു വാഗ്ദത്ത നാട്ടിലേക്കു പ്രവേശിച്ചതോടെ സ്വസ്ഥത കൈവന്നതായി കരുതി; പക്ഷെ, യോശുവ അവർക്കു സ്വസ്ഥത നൽകിയില്ല. അവർക്കു വ്യവസ്ഥാപിതമായൊരു രാജ്യം കൈവന്നതോടെ അത് സാക്ഷാത്കൃതമായെന്നു ചിന്തിച്ചു; എന്നാൽ, ദാവീദ് അവർക്ക് സ്വസ്ഥത പ്രദാനം ചെയ്തില്ല. (സങ്കീ. 132). അങ്ങനെയെങ്കിൽ എങ്ങനെയാണ് ഈ സ്വസ്ഥത ലഭിക്കുക? നമ്മുടെ പഠനവിഷയമായ ഏഴു ഉത്സവങ്ങൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. സൃഷ്ടിപ്പിനു ശേഷം മനുഷ്യൻ സ്വസ്ഥത നഷ്ടമാക്കി; ന്യായപ്രമാണത്തിൽ കീഴിൽ അത് പരാജയപ്പെട്ടു; രാജ്യസ്ഥാപനത്തിലും പരാജയപ്പെടുകയുണ്ടായി. എങ്കിലും ഇത് നിവൃത്തിയാകാനിരിക്കുന്നതേയുള്ളു. ക്രിസ്തുവിന്റെ മരണത്തിന്റെ അടിസ്ഥാനത്തിൽ, കൂടാരപ്പെരുന്നാളിൽ

ഈ സ്വസ്ഥത എത്തിച്ചേരാനിരിക്കുന്നതേയുള്ളു, ആവിർഭവിക്കാനിരിക്കുന്ന ലോകത്തിൽ – എബ്രായ ലേഖനം ഇതിനെപ്പറ്റിയത്രേ സംസാരിക്കുന്നത് – ദൈവത്തിന്റെ സ്വസ്ഥതസാക്ഷാത്കരിക്കപ്പെടും. വിശ്വസിക്കുന്നവരായ നാമാണല്ലോ അതിൽ പ്രവേശിക്കുന്നത് (എബ്രാ. 4:3).

അങ്ങനെ സ്വസ്ഥതയാണ് ഇവിടുത്തെ മഹത്തായ ആലോചനയെന്നു നാം കാണുന്നു; ദൈവീക സ്വസ്ഥത ഭാവികാലത്താകയാൽ, തന്റെ ജനം അനുഷ്ടിക്കണമെന്നു ആഗ്രഹിക്കുന്നതും, തനിക്കുവേണ്ടി അവർ ഉത്സവമായി ആചരിക്കണമെന്നു താൽപ്പര്യപ്പെടുന്നതും ആയ ഏതാനും വിവരണങ്ങൾ ദൈവം ഇവിടെ നൽകിയിരിക്കുന്നു. അവസാനം തന്റെ ജനമെല്ലാം വിശുദ്ധസഭായോഗമായി സമ്മേളിക്കുന്നത് എത്രയോ ശ്രേഷ്ടമായ വിശുദ്ധ ശബ്ബത്താകുന്നു! ഇതിന്റെ വൈപുല്യം, ലേവ്യാപുസ്തകം 25–ാം അദ്ധ്യായത്തിൽ നമുക്കു കാണാവുന്നതാണ്. ആ സ്വസ്ഥത ദൈവത്തിന്റെ പ്രാകൃത സൃഷ്ടിപോലും പങ്കെടുക്കുന്നതായിട്ടാണ് നാം വായിക്കുന്നത് (ലേവ്യ. 25:6, 7). ഇത് റോമർ 8:21–ൽ വിശദീകരിച്ചിട്ടുണ്ട്. ഒടുവിൽ അതിലേക്കു മനുഷ്യനെ കൊണ്ടുവരുമ്പോൾ ദൈവം തന്റെ സൃഷ്ടിയുടെയെല്ലാം കർത്താവായിത്തീരുന്നു. ഈ ഉത്സവത്തിൽ, യാതൊരു പ്രവൃത്തിയും ചെയ്യേണ്ടതില്ല. മറ്റ് ഉത്സവങ്ങളിൽ “ദാസ്യപ്രവൃത്തികളൊന്നും” ചെയ്യേണ്ടതില്ലെന്നു നാം വായിക്കുന്നു (25:7). എന്നാൽ ഈ ഉത്സവത്തിൽ യാതൊരു പ്രവൃത്തിയും ഇല്ല. ദാസ്യവേലകൾ അവയുടെ സ്ഥാനത്ത് ശരിയായിരിക്കാം; എന്നാൽ, സാധാരണ നാം വിവക്ഷിക്കാറുള്ളതുപോലെ, ദൈവിക മണ്ഡലത്തിലെ പ്രവൃത്തികളിൽനിന്ന് വ്യതിരിക്തമായി ഇതിനെ ഉത്തരവാദിത്വത്തോടുകൂടിയ പ്രവൃത്തിയായിട്ടത്രേ നാം അർത്ഥമാക്കുന്നത്. എന്നാൽ, ശബ്ബത്തുനാളിൽ വിശദീകരണം അർഹിക്കുന്ന യാതൊരു പ്രവൃത്തിയും ചെയ്യാൻ പാടില്ല. അത് സമ്പൂർണ്ണമായ സ്വസ്ഥതയാണ്. നമ്മെ ശരിയായ നിലയിൽ ഇവിടെ സജീവമാക്കുന്നതിൽനിന്നു സ്വതന്ത്രമാക്കി, ദൈവം നമുക്കു എന്തായിത്തീർന്നിരിക്കുന്നു എന്നും, തന്റെ സ്വന്തം പ്രമോദത്തിനും മഹത്വത്തിനും വേണ്ടി താൻ എന്തുചെയ്തുവെന്നും അറിഞ്ഞുകൊണ്ട് നാം ദൈവത്തിന്റെ സന്നിധാനത്തിൽ ഇരിക്കുന്നതിനെയാണ് സ്വസ്ഥതയെന്നു വിവക്ഷിക്കുന്നത്. വിശുദ്ധ സഭായോഗത്തിൽ നാം ഇങ്ങനെ ചെയ്യാനാണ് പ്രാപ്തരായിത്തീരുക. എന്നാൽ നമ്മുടെ വാസസ്ഥലങ്ങളിലും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. “നമ്മുടെ വാസസ്ഥലങ്ങളിലെല്ലാം യഹോവയ്ക്ക്” എന്നു പരിഭാഷപ്പെടുത്തുകയാണ് വേണ്ടത്. ഇങ്ങനെ ദൈവീക സ്വസ്ഥത ഭാവികാലത്തുള്ള ഒന്നായിരിക്കെ, അവിടുത്തെ സന്നിധിയിൽ അടുത്തുവന്നു, ക്രിസ്തുവിലൂടെ ആ സ്വസ്ഥതയുടെ ആന്തരികാനുഭവം നമുക്കു കൈവരിക്കാവുന്നതാണ് “ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും” (മത്താ. 11:28). ഇതു നമ്മുടെ എല്ലാ മേഖലകളിലും, നാം പ്രവൃത്തിമുഖരായിരിക്കുമ്പോഴും, നമ്മുടെ വാസസ്ഥലങ്ങളിലും, ക്രിസ്തീയ കൂട്ടായ്മയിലും, വിശുദ്ധ സഭായോഗങ്ങളിലും, നമ്മുടെ ഹൃദയത്തിൽ നിറഞ്ഞുനിൽക്കാവുന്ന സ്വസ്ഥതയാണ്. “നിങ്ങളുടെ എല്ലാ വാസസ്ഥലങ്ങളിലും” എന്നത് നമ്മോടുള്ള ബന്ധത്തിൽ പറയുന്നതാണെങ്കിലും, ജനം ദൈവീക സാന്നിധ്യത്തിൽ കൂടിവരുന്നതിനാൽ വിശുദ്ധ സഭായോഗം ദൈവീകപക്ഷത്തെയത്രെ ചൂണ്ടിക്കാണിക്കുന്നത്. അതിനോടു ചേർന്നു “യഹോവയുടെ” എന്നു വായിക്കുന്നതിൽ നിന്ന് അവിടുത്തെ ശുശ്രൂഷിക്കുക എന്ന മഹത്തായ ദൗത്യനിർവ്വഹണമത്രെ നാം നിർവ്വഹിക്കുന്നത്. നമ്മുടെ സഭായോഗങ്ങളിൽ ഈ വസ്തുതയ്ക്ക് സ്ഥാനമില്ലാതെപോയാൽ, നാമും യഹോവയുടെ ഉത്സവത്തെ യഹൂദന്മാരുടെ ഉത്സവമായി ചുരുക്കിയതുപോലുള്ള സ്ഥിതിവിശേഷത്തിലേക്കു എത്തിച്ചേരുന്നതാണ്.

"അതതുകാലത്തു വിശുദ്ധ സഭായോഗം വിളിച്ചുകൂട്ടേണ്ടുന്ന യഹോവയുടെ ഉത്സവങ്ങൾ ആവിത്: ഒന്നാം മാസം 14-ാം തിയതി സന്ധ്യാസമയത്ത് യഹോവയുടെ പെസഹ".

ഈ ഉദ്ധരണിയോടെ, നമ്മുടെ പഠനാദ്ധ്യായത്തിന്റെ പ്രാരംഭഭാഗത്ത് ദർശിച്ച ശബ്ബത്തനുഭവത്തിലേക്കു എത്തിച്ചേരേണ്ടതിന്, ദൈവത്തിന്റെ യുഗപരമായ പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്ന ഉത്സവ പരമ്പരയിലേക്കു നാം പ്രവേശിക്കുകയാണ്. ദൈവത്തിന്റെ മഹത്വത്തിന്നും മനുഷ്യന്റെ അനുഗ്രഹത്തിന്നും – നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കാൽവറി മരണം – എല്ലാം നാം ഇവിടെ മഹത്തായൊരു അടിസ്ഥാനത്തിന് നാന്ദികുറിക്കുന്നു. "അതതുകാലത്ത്" എന്നൊരു പ്രത്യേക സൂചന അവിടെ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക. ഓരോ ഉത്സവത്തിലും അതിന്റേതായ പ്രത്യേക സമയവും പ്രത്യേക ക്രമവും ഈ അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്; അതിനാൽ, ഈ ക്രമം പാലിക്കാൻ നാം തയ്യാറാകേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ ക്രൂശോടുകൂടി ആരംഭിച്ചില്ലെങ്കിൽ, കൂടാരപ്പെരുന്നാളിന്റെ അനുഗ്രഹങ്ങൾ നമുക്കെങ്ങനെ അറിയാൻ സാധിക്കും? ദൈവം മുൻനിർണ്ണയം ചെയ്ത പദ്ധതിയെയത്രെ "അതതുകാലത്തു" എന്നതിനാൽ അർത്ഥമാക്കുന്നത്. ദൈവരാജ്യത്തിന്റെ അനുഗ്രഹങ്ങൾ സ്വാംശീകരിക്കുമെങ്കിലും, ക്രിസ്തുവിന്റെ മരണത്തിലാണ് അത് അധിഷ്ഠിതമായിരിക്കുന്നതെന്ന യാഥാർത്ഥ്യത്തെ നിഷേധിക്കുകയും ചെയ്യുന്ന ലോകത്തെപ്പോലെയല്ല ഇത്. ദൈവത്തിനു തന്റെ പദ്ധതികൾ നടപ്പിലാക്കാനുള്ള തന്റേതായ വഴികളും സമയവും ഉണ്ട്; എന്നാൽ, ഇവയുടെ അനുഗ്രഹങ്ങൾ നമ്മുടേതായിത്തീരണമെങ്കിൽ, നാം അവിടുത്തെ പദ്ധതികൾക്കനുസ്രുതമായി പ്രവർത്തിക്കുകതന്നെ ചെയ്യണം.

രക്തത്താൽ സംസിദ്ധമാക്കുന്ന വീണ്ടെടുപ്പിന്റെ അത്ഭുതകരമായ വിഷയത്തെപ്പറ്റി നാം വിചിന്തനം ചെയ്യുമ്പോൾ എത്രയോ വിലയേറിയ ചിന്തകളുടെ പ്രവാഹമാണ് നമ്മുടെ ഹൃദയാന്തർഭാഗത്തുനിന്ന് നിർഗളിക്കുന്നത്! ഫറവോന്റെ അധീനതയിൽനിന്നു വിടുവിച്ച്, മിസ്രയീമിൽനിന്നു മരുഭൂമിയിലൂടെ നടത്തിക്കൊണ്ടുവന്ന യിസ്രയേലിനോടുള്ള ബന്ധത്തിലാണല്ലോ ഉത്സവങ്ങൾ നൽകപ്പെട്ടത്. അവർ മരുഭൂമിയിൽവെച്ച് ഈ ചട്ടങ്ങൾ അനുസരിക്കുകയുണ്ടായെന്നു നമുക്കു അറിയാവുന്നതാണ് (സംഖ്യാ. 9). കനാൻ ദേശത്തു പ്രവേശിച്ച ശേഷവും അവർ ഇത് അനുഷ്ഠിക്കുകയുണ്ടായി (യോശുവ 5). കട്ടിളക്കാലിന്മേലും കുറമ്പടിമേലും ഒരിയ്ക്കൽ മാത്രമേ അവർ രക്തം തളിക്കുകയുണ്ടായുള്ളു. ക്രിസ്തുവിന്റെ രക്തം ഒരിക്കലായി പാപങ്ങൾക്കുവേണ്ടി ചിന്തപ്പെട്ടതിനെയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. അത് ഒരിക്കലും ആവർത്തിക്കപ്പെടേണ്ടതില്ല. ഇനി, നാം ചിന്തിച്ച മൂന്നു സംഗതികളും ഒരുമിച്ചൊന്ന് കുറിച്ചിടട്ടെ:

1. ഫറവോന്റെ അടിമത്തത്തിൽനിന്നു വിടുവിച്ച്, മിസ്രയീം ദേശത്തുനിന്നു രക്തത്താൽ വീണ്ടെടുക്കുന്നത് (പുറ. 12).

2. പരദേശി മോക്ഷയാത്രയുടെ സ്വഭാവത്തെ അനുസ്മരിപ്പിച്ചുകൊണ്ട് മരുഭൂമിയിലൂടെ യാത്ര ചെയ്ത് അവകാശത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്നതിന്റെ ഓർമ്മ.

3. നമുക്കൊരു അവകാശം തുറന്നുതരുന്നു (യോശുവ 5).

അങ്ങനെ ക്രിസ്തുവിന്റെ മരണം നമ്മെ ദൈവത്തോടടുപ്പിക്കുകയും, ഒപ്പം ലോകത്തിൽനിന്നു വേർതിരിച്ചു ഒരു പരദേശിയാത്രക്കാരായി മുന്നോട്ടുപോയി, ദൈവീക അവകാശദേശത്തിലേക്കു ആനയിക്കുന്നു.

എങ്കിലും, ഈ അദ്ധ്യായത്തിലെ ഉത്സവങ്ങൾക്ക് ഇതിനേക്കാൾ അർത്ഥവ്യാപ്തിയുണ്ട്. ക്രിസ്തുവിന്റെ മരണം നമ്മുടെ വിമോചനത്തിന് ആധേയപ്പെട്ടിരിക്കുന്നതുകൂടാതെ, ദൈവം തന്റെ മഹത്വത്തിനുവേണ്ടി ഇതെല്ലാം ചെയ്യുന്നു എന്ന മഹത്തായ അടിസ്ഥാനവും നാം ഇവിടെ കാണുന്നു. “യഹോവയുടെ ഉത്സവ”മാണല്ലോ ഇത്. ഉത്സവങ്ങൾ നമ്മെ അനുഗ്രഹത്തിലേക്കു നയിക്കുന്നതിനേക്കാൾ ഉപരിയായി ക്രിസ്തുവിന്റെ പ്രവൃത്തി ദൈവത്തിന്റെ പ്രമോദമായിരിക്കുന്നു എന്നത് നമ്മുടെ ഹൃദയത്തിന് എത്രയോ സന്തോഷപ്രദമാണ്. തീർച്ചയായും, നമ്മെ അനുഗ്രഹീതരാക്കുന്നത് ദൈവത്തിന്റെ പ്രമോദമാണ്; ക്രിസ്തു കാൽവറിയിൽ മരിച്ചതുകൊണ്ട് പ്രാഥമികമായി ഉദ്ദേശിക്കുന്നതും അതത്രെ. ഈ രണ്ടു ആലോചനകളും എബ്രായർ 10:9, 10–ൽ നാം കാണുന്നുണ്ട്. “ഇതാ, ഞാൻ അങ്ങയുടെ ഇഷ്ടം ചെയ്‌വാൻ വരുന്നു” (10:9). “ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു” (10:10). എന്തിനാണ് അവിടുന്നു ലോകത്തിലേക്കു വന്നത്? ദൈവേഷ്ടം ചെയ്യാൻ. എന്താണ് ആ ഇഷ്ടം? നമ്മുടെ ശുദ്ധീകരണം. യഥാർത്ഥത്തിൽ അതത്രെ യഹോവയുടെ പെസഹ. ആകയാൽ, ഉത്സവത്തിന്റെ പ്രമേയം ഇതാണ് – ദൈവത്തിന്റെ മഹത്വത്തിന് ഉന്നതവും നിത്യവുമായ അടിസ്ഥാനമായും, മനുഷ്യന്റെ അനന്തമായ അനുഗ്രഹമായും ദൈവഹിതം സാക്ഷാത്ക്കരിക്കപ്പെടുന്ന ക്രിസ്തുവിന്റെ മരണത്തിന്റെ അനുസ്മരണം.

“ആ മാസം 15–ാം തിയതി യഹോവക്ക് പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ; ഏഴു ദിവസം പുളിപ്പില്ലാത്ത അപ്പം തിന്നേണം. ഒന്നാം ദിവസം നിങ്ങൾക്കു വിശുദ്ധ സഭായോഗം ഉണ്ടാകേണം; സാമാന്യവേല ഒന്നും ചെയ്യരുത്. നിങ്ങൾ ഏഴു ദിവസം യഹോവക്ക് ദഹനയാഗം അർപ്പിക്കേണം. ഏഴാം ദിവസം വിശുദ്ധ സഭായോഗം; അന്നു സാമാന്യവേല യാതൊന്നും ചെയ്യരുത്”. (26:6–8).

ഈ പെരുന്നാൾ പെസഹയിൽനിന്നു ഉത്ഭവിക്കുന്നതും, അതിനോട് ബന്ധപ്പെട്ടതും ആണെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. “യഹോവ മോശയോട് അരുളിച്ചെയ്തു” എന്ന സാധാരണ കൊടുക്കാറുള്ള ആമുഖ പ്രസ്താവന ഇവിടെ കാണുന്നില്ല. അതിനാൽ ഈ ഉത്സവം പെസഹയോട് ബന്ധപ്പെട്ടതാണെന്ന് ധരിക്കാവുന്നതാണ്. ക്രിസ്തു ഒരിക്കലായി മരിച്ചതിനാൽ എല്ലാ പാപങ്ങളും നീക്കപ്പെട്ടു എന്നതിനെ സൂചിപ്പിക്കുന്നതത്രേ ഇത് (റോമർ 6:10). ക്രിസ്തുവിന്റെ ക്രൂശിലെ വസ്തുനിഷ്ടമായ പ്രവൃത്തിയുടെ സാഫല്യമാണിത്. അവിടുന്നു പാപസംബന്ധമായി മരിച്ചെങ്കിൽ, നമ്മുടെ ക്രിസ്തീയ ജീവിതപാതയിൽ പ്രായോഗികമായി നാമോരോരുത്തരും മരിക്കേണ്ടിയിരിക്കുന്നു. “നമ്മുടെ പെസഹ കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തുതന്നെ. ആകയാൽ, നാം പഴയ പുളിമാവു കൊണ്ടല്ല, തിന്മയും ദുഷ്ടതയും ആയ പുളിമാവുകൊണ്ടുമല്ല, സ്വച്ഛതയും സത്യവുമായ പുളിമാവുകൊണ്ട് തന്നെ ഉത്സവം ആചരിക്ക” (1 കൊരി. 5:7–8). ഇവിടെ, പെസഹ കുഞ്ഞാടിന്റെ പ്രത്യക്ഷമായ ഫലമാണ് പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളിൽ കാണുന്നത്. അതിനാൽ, അവർ പുളിപ്പിൽനിന്ന് നിശ്ശേഷം ഒഴിഞ്ഞിരിക്കാനാണ് ആത്മാവ് ഉത്ബോധിപ്പിക്കുന്നത്. അപ്പോസ്തലൻ പുളിപ്പിനെപ്പറ്റി

രണ്ടു വിധത്തിലാണ് സംസാരിക്കുന്നത്. ഒന്നാമത്തേത് പഴയ പുളിമാവും, രണ്ടാമത്തേത് തിന്മയും ദുഷ്ടതയും എന്ന പുളിമാവുമത്രേ. സുവിശേഷം എത്തിച്ചേരുന്നതിനു മുമ്പ് അവരുടെ പൂർവ്വകാല ജീവിതത്തെപ്പറ്റിയുള്ള പരാമർശനമാണ് ഒന്നാമത്തേത്. അക്കാലത്ത് അവർ വിഗ്രഹങ്ങളെ ആരാധിക്കുകയും, അതിനോടു ചേർന്നു ചെയ്തുവന്ന കുപ്രസിദ്ധമായ പരസംഗങ്ങളെപ്പറ്റിയുള്ള പരാമർശനമായിരിക്കാം. അവരെ സംബന്ധിച്ചിടത്തോളം ഇതായിരുന്നു "പഴയ പുളിമാവ്". അവരിൽ അപ്പോഴും ഉണ്ടായിരുന്ന പഴയ മനുഷ്യനിൽ നിന്ന് തിന്മയും ദുഷ്ടതയും ബഹിർഗമിക്കുന്നു. ഇതും നിഷേധിക്കണമായിരുന്നു, കാരണം, അവർ അനുവർത്തിച്ചുപോന്ന വിഗ്രഹാരാധനയോടു ചേർന്ന പരസംഗത്തിൽനിന്ന് വിട പറയുന്നതിനോടൊപ്പം തിന്മയും ദുഷ്ടതയും ആയ പഴയ മനുഷ്യപ്രകൃതി സദാ ബഹിർഗമിക്കാൻ തയ്യാറായി നിന്നിരുന്നു. രണ്ടും നിർമ്മാർജ്ജനം ചെയ്യേണ്ടത് ആവശ്യമായിരുന്നു. ഈ രണ്ടു ദുഷ്ടതകളും നിഷേധിക്കുമ്പോൾ തന്നെ ആർജവവും സത്യവും നിലനിർത്തേണ്ടതത്രേ. ക്രിസ്തു ആത്മാവിലൂടെ എന്റെ ദേഹിയെ ശുശ്രൂഷിക്കുന്നതുപോലെയാണിത്. അതോടെ എന്റെ പഴയ ജീവിതത്തെ ഞാൻ ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. രണ്ടാമത്, പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടെ ഞാൻ നിയന്ത്രണ വിധേയമാക്കുകയും വേണം. മൂന്നാമത്, എന്റെ ദേഹിയുടെ പോഷണത്തിന്റെ ഞാൻ ക്രിസ്തുവിനെ ആഹരിക്കുകയും ചെയ്യണം. അപ്പോൾ അവിടുത്തെപ്പോലെ ആർജവത്തോടും സത്യത്തോടും കൂടെ ഞാൻ വളരുകയും ചെയ്യുന്നു.

ആദ്യമായി പെസഹയെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്ന പുറപ്പാട് 12-ാം അദ്ധ്യായത്തിലേക്കു നമ്മുടെ ദൃഷ്ടി പായിച്ചാൽ, പുളിപ്പിനെപ്പറ്റി രണ്ടുവിധ നിരോധനങ്ങൾ നമുക്കു അവിടെ വായിക്കാവുന്നതാണ്. അത് അവരുടെ ഭക്ഷണത്തിൽനിന്നും അവരുടെ വീടുകളിൽനിന്ന് ഒഴിവാക്കണമായിരുന്നു. പുളിപ്പില്ലാത്ത അപ്പമായിരുന്നു അവർ ഭക്ഷിക്കേണ്ടിയിരുന്നത് (12:8). പുളിപ്പെല്ലാം അവരുടെ വീടുകളിൽനിന്ന് നീക്കണമായിരുന്നു (15). പാപത്തോടുള്ള ബന്ധത്തിൽ ക്രിസ്തുവിന്റെ മരണത്തിന്റെ അർത്ഥം മനസ്സിലാക്കിയിട്ടുള്ള യാതൊരുവനും തന്റെ ഭവനത്തിൽ ലൗകികമായ കാര്യങ്ങൾക്കു പ്രസക്തി കൊടുക്കുകയില്ല. ദൈവത്തിനുവേണ്ടിയല്ലാതെ, നമുക്കുവേണ്ടിത്തന്നെ ജീവിതകാലത്ത് നമ്മുടെ പൂർവ്വകാല മാലിന്യങ്ങൾ ഇല്ലായ്മ ചെയ്യുന്ന കാര്യത്തിൽ നമ്മിൽ പലരും സവ്തുഷ്ടരായിരുന്നു. ഇതു ചെയ്യാനുള്ള കൃപയും ധൈര്യവും നമുക്കുണ്ടായിരുന്നെങ്കിൽ എത്രയോ നല്ലതായിരുന്നു. എന്നാൽ ഇതെല്ലാം, പ്രധാനപ്പെട്ടതാണെങ്കിലും, നിഷേധാത്മകമാണ്. നമ്മുടെ പൂർവ്വകാല ജീവിതത്തിൽ നാം ചെയ്തുപോന്നത് ഇതായിരുന്നു, പൗലോസ് കൊരിന്ത്യലേഖനത്തിൽ ഇതിനെയാണ് "പഴയ പുളിമാവ്" എന്നു പറഞ്ഞിരിക്കുന്നത്. നിങ്ങൾ പുളിപ്പില്ലാത്ത അപ്പമാണോ ഭക്ഷിച്ചുകൊണ്ടിരിക്കുന്നത്? ഈ നിഷേധാത്മക സംഗതികൾ, അവ പ്രാധാന്യമർഹിക്കുന്നവയാണെന്നത് നിസ്സംശയമാണെങ്കിലും, നമ്മുടെ ആത്മാക്കളുടെ പോഷണത്തിന് സഹായകമല്ല. ക്രിസ്തീയ ജീവിതത്തിൽ ഉരിഞ്ഞുകളയുന്നതിനോടൊപ്പം ഒരു ധരിക്കലുമുണ്ട്. പ്രിയരേ, നാം നിഷേധാത്മക വശം മാത്രമാണ് ശ്രദ്ധിക്കുന്നത് - ഉരിഞ്ഞുകളയേണ്ടവ? ക്രിസ്തുവിനെ ആഹരിച്ചുകൊണ്ടിരിക്കുന്നതിൽ നാം പരാജിതരാണോ - ക്രിസ്തുവിനെ ധരിക്കുന്ന യഥാർത്ഥമായ പുളിപ്പില്ലാത്ത അപ്പം നാം ഭക്ഷിക്കുന്നുണ്ടോ? (റോമർ 8:14). അവർ പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കണമായിരുന്നു. പുളിപ്പില്ലാത്ത അപ്പം കൊണ്ട് നാം യഹോവക്ക് ഒരു ഉത്സവം അനുഷ്ടിക്കുകയാണെങ്കിൽ, നമ്മുടെ ആത്മാ

വിന്റെ ആഹാരത്തിനായി ക്രിസ്തുവിനെ ഉപയുക്തമാക്കേണ്ടിയിരിക്കുന്നു. നാം അവിടുത്തെ ആഹരിക്കുമ്പോൾ മാത്രമേ, നാം അവിടുത്തെപ്പോലെ വളരുകയുള്ളു; അപ്പോൾ അവിടുത്തേക്കുണ്ടായിരുന്ന സവിശേഷതകൾ നമ്മുടെ ഉൽപാദ്രതമാകയുള്ളു. ദുഷ്ടതയെ ദ്വേഷിക്കുകയും നന്മയെ സ്വാംശീകരിക്കുകയും ചെയ്യുന്ന ക്രിസ്തു ഒരു വിശുദ്ധനിൽ സജീവമാകുകയാണെങ്കിൽ, അത് ദൈവത്തിനു എത്രയോ മഹത്തായ ഉത്സവമായിരിക്കും! "ഏഴുദിവസം പുളിപ്പില്ലാത്ത അപ്പം തിന്നേണം" ഈ പെരുന്നാൾ പെസഹയിൽനിന്നു ഉൽഭുതമായതുപോലെ, കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം അഞ്ചാം അദ്ധ്യായത്തിൽ തുടർന്നു വായിക്കുന്നത് കർത്താവിന്റെ മേശ കർത്താവിന്റെ നാളിൽ, അതായത്, പെസഹയിൽനിന്നു ഉരുത്തിരിയുന്നു എന്നാണ്. കർത്താവിന്റെ മേശയും കർത്താവിന്റെ നാളും തമ്മിൽ ഏഴു ദിവസത്തെ അന്തരമുണ്ട്. നാം അവിടുത്തെ മരണത്തെ അനുസ്മരിക്കാൻ ആരംഭിക്കുന്നതിന് മുമ്പ്, ഏഴു ദിവസം ക്രിസ്തുവിനോട് അനുരൂപരായി ലോകത്തിൽ ഏഴുദിവസം, അതായത്, ഒരാഴ്ചക്കാലം, ജീവിച്ചതിനു ശേഷമാണ്. അതുപോലെതന്നെ കർത്തൃമേശയിൽനിന്നു നാം ആത്മീക പോഷണം പ്രാപിച്ചശേഷം, തുടർന്ന് ഒരാഴ്ചക്കാലം ക്രിസ്തുവിൽനിന്നു പോഷണം ലഭിച്ചു ജീവിക്കുന്നു. അങ്ങനെ , അതിനുശേഷം നാം കർത്തൃമേശയിൽ പങ്കെടുക്കുമ്പോൾ ലഭ്യമാകുന്ന പാവനമായ അന്തരീക്ഷത്തിൽ നമുക്ക് ആനന്ദിക്കുവാൻ സാധിക്കുന്നു. നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ക്രിസ്തുവിന്റെ മരണം സാക്ഷാത്ക്കരിച്ച ചിന്തയിൽ നിർലീനമായിരിക്കുമ്പോൾ, "ഏഴുദിവസം" നാം ഉത്സവം അനുഷ്ഠിക്കുകയാണെന്നു സാരം. അതേസമയം, തിന്മയിൽനിന്നു അന്യമായൊരു ജീവിതം നയിക്കാനാവശ്യമായ ശക്തി ലഭിക്കണമെങ്കിൽ, ദിനംതോറും ക്രിസ്തുവിനെ ആഹരിക്കണമെന്ന വസ്തുതയും നാം വിസ്മരിക്കരുത്.

ഏഴുദിവസം പുളിപ്പില്ലാത്ത അപ്പം തിന്നുന്നതിനോടൊപ്പം, യഹോവക്ക് ഏഴുദിവസം ദഹനയാഗം അർപ്പിക്കണമെന്ന അനുശാസനം കൂടെ നൽകപ്പെട്ടിട്ടുണ്ട്. ക്രിസ്തു ദൈവത്തിനു സമർപ്പിക്കപ്പെടുന്നതിനെ ഇത് ചൂണ്ടിക്കാണിക്കുന്നു. ആഴ്ചയിൽ ഒരിക്കൽ മാത്രം അർപ്പിക്കുന്നതിനെപ്പറ്റി മാത്രം എന്തുകൊണ്ടാണ് നാം ചിന്തിക്കുന്നത്? ഓരോ ദിവസവും, ക്രിസ്തു നമ്മുടെ സംഭാഷണത്തിൽ മാത്രമല്ല, ഈ ഇരുണ്ട ലോകത്തിൽ നമ്മുടെ ജീവിതത്തിൽ നിറഞ്ഞുനിൽക്കുന്നത് ദർശിക്കത്തക്കവണ്ണം ജീവിക്കണമെന്നതും നമ്മെക്കുറിച്ചുള്ള ദൈവേഷ്ടമാണ്. നമ്മുടെ ദൈനംദിന ജീവിതത്തിൽ നാം ക്രിസ്തുവിനെ ആഹരിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, നമ്മിൽ അവിടുത്തെ പരിപൂർണ്ണതയുടെ സ്ഫുലിംഗം നിശ്ചയമായും വെളിപ്പെടുന്നതാണ്; ഇത് യഹോവക്ക് ഏഴു ദിവസത്തെ ദഹനയാഗമായിത്തീരുകയും ചെയ്യും. നമ്മുടെ ജീവിതത്തിൽ ഇത് വാസ്തവമായിത്തീരുകയാണെങ്കിൽ, നമ്മുടെ കൂടിവരവുകൾ എത്രയോ സന്തോഷപ്രദങ്ങളായ നിമിഷങ്ങളായിത്തീരും! ഈ പെരുന്നാൾ വിശുദ്ധസഭായോഗത്തോടെ ആരംഭിക്കുകയും വിശുദ്ധസഭായോഗത്തോടെ പര്യവസാനിക്കുകയും ചെയ്യുന്നു. നാം ഉൾപ്പെട്ട സംഘത്തിൽ നമ്മുടെ വ്യക്തിജീവിതങ്ങൾ ബന്ധിക്കപ്പെട്ടിരിക്കുകയാണ്. ഞാൻ ക്രിസ്തുവിൽ നിന്ന് പോഷണം പ്രാപിച്ചുകൊണ്ടിരിക്കുകയും, ക്രിസ്തുവിനായി ജീവിക്കുകയും, ക്രിസ്തുവിനെ ദിനംതോറും വെളിപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ, നമ്മുടെ കൂട്ടായ്മകളിലുള്ള സഹോദരന്മാർക്ക് ഞാനൊരു പ്രത്യുൽപ്പന്നമതിയായിത്തീരും. ഇവയെല്ലാം ശോധനചെയ്യപ്പെടേണ്ടവയാണെങ്കിലും, പുളിപ്പില്ലാത്ത അപ്പത്തിന്റെ ഈ പെരുന്നാൾ എന്നെത്തന്നെ സന്തോഷിപ്പിക്കുന്നതിന് അനു

ഷ്ഠിക്കുവാൻ എനിക്കു സാധിക്കുന്നില്ലെങ്കിൽ, ദൈവത്തെ പ്രീതിപ്പെടുത്തി ആചരിക്കാൻ എനിക്ക് കൃപയിൽ ചാരാവുന്നതാണ്. അങ്ങനെ, എന്നെത്തന്നെ അർപ്പണവിധേയമാക്കി യഹോവയുടെ ഉത്സവമാക്കിത്തീർക്കാൻ കഴിയും.

"യഹോവ പിന്നെയും മോശയോട് അരുളിച്ചെയ്തത്: നീ യിസ്രയേൽ മക്കളോടു പറയേണ്ടതു എന്തെന്നാൽ: ഞാൻ നിങ്ങൾക്കു തരുന്ന ദേശത്തു നിങ്ങൾ എത്തിയ ശേഷം അതിലെ വിളവെടുക്കുമ്പോൾ നിങ്ങളുടെ കൊയ്ത്തിലെ ആദ്യത്തെ കറ്റ പുരോഹിതന്റെ അടുക്കൽ കൊണ്ടുവരേണം" (9:10).

പെസഹാപെരുന്നാൾ, ക്രിസ്തു നമുക്കു പകരം ദൈവീക ന്യായവിധിക്കു വിധേയനായി തന്നെത്താൻ യാഗം അർപ്പിക്കുന്നതിനെയത്രെ ചൂണ്ടിക്കാണിക്കുന്നത്. അതിനെതുടർന്ന് അതിൽനിന്നും ബഹിർഗമിക്കുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ, ക്രിസ്തു നമുക്കുവേണ്ടി മരിച്ചതിന്റെ ഫലമായി നമ്മുടെ ഭാഗത്തുനിന്ന് എല്ലാ തിന്മയും വർജ്ജിക്കുന്നതിനെയത്രെ നിർദ്ദേശിക്കുന്നത്. ക്രിസ്തുതന്നെയാകുന്ന സാക്ഷാൽ പുളിപ്പില്ലാത്ത അപ്പം ആഹരിക്കുന്നതിലൂടെ നമ്മുടെ ജീവിതത്തിൽനിന്ന് ദുഷ്ടത നീക്കാനാവശ്യമായി ശക്തി ലഭിക്കുന്നു. അങ്ങനെ നാം ക്രിസ്തുവിൽ വളർച്ച പ്രാപിക്കുന്നു; ഒപ്പം, നമ്മുടെ തിന്മയും ദുഷ്ടതയും ആകുന്ന പഴയ ജീവിതം വെടിഞ്ഞ് സ്വച്ഛതയും സത്യവുമായ പുളിപ്പില്ലായ്മ ധരിച്ചുകൊണ്ട് ലോകത്തിൽ ജീവിക്കുവാൻ നമുക്കു സാധിക്കുന്നതുമാണ്. അതിനെത്തുടർന്നാണ് ആദ്യഫല കറ്റപ്പെടുന്നാൾ ആചരിക്കുന്നത്. ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കുന്നതിനെയത്രേ ഇത് ചൂണ്ടിക്കാണിക്കുന്നത്. പുറപ്പാട് 16:32–ൽ നാം വായിക്കുന്നു "മന്ന തലമുറകൾക്കായി സൂക്ഷിച്ചുവെക്കണം" എന്ന്.

മന്ന ക്രിസ്തുവിന് നിഴലായിരിക്കുന്നത് പോലെയത്രെ ഈ പെരുന്നാളും. മന്നാ രണ്ടിടങ്ങഴി സൂക്ഷിച്ചുവെക്കണം; ആദ്യഫലകറ്റയുടെ ജ്ഞാപകത്തെപ്പറ്റിയും കാണുന്നു. എന്താണ് ഇത് അത്ഥമാക്കുന്നത്? പൂർണ്ണ മനുഷ്യനായി ഈ ഭൂമിയിൽ അവതീർണ്ണനായ മനുഷ്യപുത്രൻ തന്നെ, ദൈവഹിതത്തിന് പൂർണ്ണമായി വിധേയപ്പെടുത്തിക്കൊണ്ട് ക്രൂശിൽ മരിക്കുകയും, അതിനെത്തുടർന്നു മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു ദൈവമഹത്വത്തിനായി ജീവിക്കുകയും ചെയ്യുന്നു. അവിടുത്തെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ! ദൈവീകാലോചനയുടെ ഫലമായിത്തീരത്തക്കവണ്ണം തികച്ചും നൂതനമായൊരു പാത തുറന്നുകൊണ്ട് ദൈവമഹത്വത്തിനായി മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റത് "ഇതേ യേശു" തന്നെ. അതുകൊണ്ടാണ് "നിങ്ങൾ ദേശത്തു എത്തിയശേഷം" എന്നു നാം വായിക്കുന്നത്. അവർക്ക് മിസ്രയീമിൽ മാത്രമല്ല, മരുഭൂമിയിലും സ്വന്തമായ വാസസ്ഥലം ഇല്ലായിരുന്നു; എന്നാൽ, യോർദ്ദാനക്കരെ ദൈവം അവർക്കു നൽകിയ അവകാശത്തെയത്രെ ഈ പെരുന്നാൾ, അവർക്കു പ്രതീക്ഷ നൽകുന്നത്. പ്രിയരേ, മരണത്തിന്റെ ശക്തിക്കു പുറത്ത് പ്രവിശാലമായൊരു അവകാശം ക്രിസ്തുവിന്റെ പുനരുത്ഥാനം മുക്കു തുറന്നു തന്നിരിക്കുന്നു. പത്രോസ് ഇതിനെ ക്ഷയമില്ലാത്തത് എന്നു പറഞ്ഞിരിക്കുന്നതിൽ അത്ഭുതപ്പെടാനില്ല; മരണത്തിനു സ്പർശിക്കാനാവാത്ത ഒന്നത്രെ ഇത്. മാലിന്യമില്ലാത്ത് – പാപത്തിനു ഒരിക്കലും കളങ്കപ്പെടുത്താനാവാത്തതാകുന്നു; വാട്ടമില്ലാത്തത് – സനാതനമായത്. ക്രിസ്തുവിന്റെ പുനരുത്ഥാനശക്തി വ്യാപരിക്കുന്നതിലൂടെ, നമ്മുടെ ആത്മാവിലൂടെ പുതിയൊരനുഭവം ആരംഭിക്കുകയാണ്. എഫേസ്യലേഖനം 1, 2 അദ്ധ്യായങ്ങളിൽ ക്രിസ്തുയേശുവിൽ നാം സ്വർഗ്ഗ

സ്ഥലങ്ങളിലായിരിക്കുന്ന അനുഭവത്തെപ്പറ്റി പൗലോസ് ചൂണ്ടിക്കാണിക്കുന്നത് ഇതിനെപ്പറ്റിയാകുന്നു. “ഞാൻ നിങ്ങൾക്കു തരുന്ന ദേശം” എന്നതിനാൽ അർത്ഥമാക്കുന്നത് ഈ അവകാശം നാം നേടിയെടുക്കുന്നു; അത് ലഭിക്കാനുള്ള യോഗ്യത നമുക്കില്ലെന്നും വ്യക്തമാക്കുന്നതു കൂടാതെ, ദൈവം തന്റെ സർവ്വാധികാരത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ആത്മീകാനുഗ്രഹങ്ങൾക്കായി ദാനം നൽകിയതെന്നുമാണ്. ദേശം ദൈവത്തിന്റേതാണ്; അത് അവിടുന്നു നമുക്കു നൽകുന്നു; ക്രിസ്തുവിന്റെ പുനരുത്ഥാനം മുഖാന്തരം അത് അനുഭവവേദ്യമാക്കിത്തീർക്കാൻ നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നു. ദൈവത്തോടുള്ള ബന്ധത്തിൽ “അവിടുന്നു, അവിടുത്തേത്” എന്നു എഫേസ്യർ ഒന്നാം അദ്ധ്യായത്തിൽ നാം പലപ്രാവശ്യം വായിക്കുന്നത് ചിന്തനീയമാണ്.

ഈ കറ്റ ബാർലികൊണ്ടുള്ളതാണെന്ന് നാം മനസ്സിലാക്കുന്നു, കാരണം ബാർലി ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന് നിഴലും, ഗോതമ്പ് തന്റെ സ്വർഗ്ഗീയ മഹത്വത്തിന്റെ പ്രതീകവുമത്രേ. ബാർലി (യവം) കൊണ്ടുണ്ടാക്കിയ അഞ്ച് അപ്പത്തെപ്പറ്റി – യോഹന്നാൻ മാത്രമാണ് ഇങ്ങനെ പറഞ്ഞിരിക്കുന്നത് – യോഹന്നാന്റെ സുവിശേഷം 6–ാം അദ്ധ്യായത്തിൽ വായിക്കുന്നു; ഗോതമ്പുമണിയെപ്പറ്റി പറഞ്ഞിരിക്കുന്ന ഒരേയൊരു സുവിശേഷകനും ദ്ദേഹം തന്നെ (യോഹ. 12). യോഹ. 6:39, 40, 44, 54 എന്നീ വേദഭാഗങ്ങളിലെ ചിന്ത പുനരുത്ഥാനമാണെന്നത് വ്യക്തമാണ്. അദ്ധ്യായം 12:24, 25–ലെ പ്രമേയം സ്വർഗ്ഗീയ മഹത്വമാണെന്നതും ശ്രദ്ധേയമത്രെ. ഗോതമ്പു കൊയ്ത്തിന് ഏഴു ആഴ്ചമുമ്പാണ് യിസ്രയേലിൽ യവക്കൊയ്ത്ത് നടത്തിയിരുന്നത്. പ്രസിദ്ധ യഹൂദ്യ എഴുത്തുകാരനായ ഡോ. ഏസർ ഷെയിമിന്റെ വിശദീകരണം ഇതിനോടുള്ള ബന്ധത്തിൽ ഉദ്ധരിക്കട്ടെ: “നിസ്സാൻ മാസം 14–ാം തിയതി, സന്നദ്രീം സംഘത്തിന്റെ സാന്നിധ്യത്തിൽ, ബാർലി വിളഞ്ഞു നിൽക്കുമ്പോൾതന്നെ, അവയിൽനിന്നു മുറിച്ചെടുത്തു കെട്ടി, ഒന്നാമത്തെ കുറ്റി ഉണ്ടാക്കുന്നു” എന്നാൽ ഇതിനെപ്പറ്റി കൂടുതൽ വിവരങ്ങൾ പിന്നീട് ലഭിക്കുന്നു.

“എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തിരിക്കുന്നു” എന്ന് 1 കൊരി. 15:20–ൽ നാം വായിക്കുന്നതുപോലെ, ആദ്യഫലകറ്റ പെരുന്നാൾ മരിച്ചവരിൽനിന്ന് ഉയിർത്ത ക്രിസ്തുവിനെയത്രെ ചൂണ്ടിക്കാണിക്കുന്നത്. അനന്തരം ഈ കറ്റ പുരോഹിതന്റെ അടുക്കൽ കൊണ്ടുവരുന്നു. പുരോഹിതനെപ്പറ്റി ഈ അദ്ധ്യായത്തിൽ ഇവിടെയാണ് ആദ്യമായി പരാമർശിച്ചിരിക്കുന്നത്. ദൈവസന്നിധിയിലേക്ക് അടുത്തുചെല്ലുവാൻ വിശുദ്ധീകരിക്കപ്പെട്ടവനാണല്ലോ പുരോഹിതൻ. എന്തിനാണ് പുരോഹിതനെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്? ക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ ദൈവത്തിന്റെ സവിധത്തിലേക്കുള്ള പാത തുറക്കപ്പെട്ടു എന്നതിനെ ചൂണ്ടിക്കാണിക്കാനല്ലേ? തന്റെ പുനരുത്ഥാനത്താൽ സാക്ഷാത്കൃതമായി നാം നേരത്തെ പരാമർശിച്ചതുപോലെ ഇത് നൂതനങ്ങളിൽ ഒന്നത്രേ – ദൈവസന്നിധിയിലേക്ക് അടുത്തുചെല്ലുവാൻ തുറക്കപ്പെട്ട ഒരു വഴി. യേശു, നാം ഏറ്റുപറയുന്ന അപ്പോസ്തലനും മഹാപുരോഹിതനുമാകുന്നു (എബ്രാ. 3:1). മാത്രമല്ല, എബ്രായർ 4–ൽ ഇങ്ങനെ വായിക്കുന്നു: “അവിടുന്നു ഒരിക്കലായി അതിവിശുദ്ധ സ്ഥലത്തു പ്രവേശിച്ചു”. മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേറ്റിരിക്കുന്നതിനാൽ അവിടുന്നു സാക്ഷാൽ പുരോഹിതനും, പുരോഹിതൻ നീരാജനം ചെയ്യുന്ന ആദ്യഫല കറ്റയുമത്രെ. ദൈവത്തിന്റെ സന്നിധിയിൽ മഹാപുരോഹിതനായി അവിടുന്നു വാഴുന്നു; സ്ഥായിയായ ദൈവീക പ്രമോദത്തിന്റെ സാക്ഷാൽ നീരാജനകറ്റപ്പെരുന്നാൾ ഇതത്രെ.

"നിങ്ങൾക്കു പ്രസാദം ലഭിക്കേണ്ടതിന് അവൻ ആ കറ്റ യഹോവയുടെ സന്നിധിയിൽ നീരാജനം ചെയ്യേണം" (25:11).

മറ്റൊരു മഹനീയ ചിന്ത ഇവിടെ നാം കാണുന്നു – സ്വീകാര്യത. ദൈവസന്നിധിയിൽ, ദൈവത്തിന്റെ സമ്പൂർണ്ണ സ്നേഹവായ്പിൽ മനുഷ്യൻ മഹത്വീകരിക്കപ്പെടുന്നതായി നാം കണ്ണുകളുയർത്തി കാണുന്നു; നാം ഉയരത്തിലേക്കു നോക്കുമ്പോൾ ക്രിസ്തു അവിടെ ദർശിക്കുന്നു; എഫേസ്യർ 1:6–ൽ വായിക്കുന്നതുപോലെ, ദൈവം തന്റെ പ്രിയനായവനിൽ നമ്മെ സ്വീകരിക്കുകയും ചെയ്തു. നമ്മുടെ പാപങ്ങൾ ഇപ്പോൾ എങ്ങനെയാണ്? ഇപ്പോഴും നാം കണ്ണുകൾ ഉയർത്തി ഇങ്ങനെ ചിന്തിക്കാൻ കഴിയും: "അവൻ ഇരിക്കുന്നതുപോലെ ലോകത്തിൽ നാമും ഇരിക്കുന്നു" (1 യോഹ. 4:17). ക്രിസ്തു മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേറ്റിരിക്കുന്നതിനാൽ, ദൈവത്തിന്റെ മഹത്വത്തിനും മനുഷ്യന്റെ അനുഗ്രഹത്തിനും വേണ്ടി തന്റെ മരണം സാക്ഷാത്കരിച്ചതെല്ലാം സാഫല്യത്തിലാക്കിത്തീർക്കാൻ സജീവമായി കർമ്മനിരതനായിരിക്കുകയാണ്. ദൈവസന്നിധിയിലേക്ക് അവിടുന്നു പ്രവേശിച്ചിരിക്കുന്നു; പൗരോഹിത്യം പ്രവൃത്ത്യുന്മുഖമായിരിക്കുന്നു; മനുഷ്യൻ സ്വീകാര്യനായിത്തീർന്നിരിക്കുന്നു; അങ്ങനെ പൗരോഹിത്യ ആരാധനയിൽ ദൈവീക ശുശ്രൂഷ തുടർന്നുകൊണ്ടിരിക്കേണ്ടതിന് തിരശ്ശീലയിലൂടെ പ്രവേശിക്കേണ്ടതിന് വഴി തുറക്കപ്പെട്ടിരിക്കുന്നു.

"കറ്റ നീരാജനം ചെയ്യുന്ന ദിവസം നിങ്ങൾ യഹോവക്കു ഹോമയാഗമായി ഒരു വയസ്സു പ്രായമുള്ള ഊനമില്ലാത്ത ഒരു ആണാട്ടിൻകുട്ടിയെ അർപ്പിക്കേണം. അതിന്റെ ഭോജനയാഗം എണ്ണചേർത്ത രണ്ടിടങ്ങഴി നേരിയ മാവ് ആയിരിക്കേണം; അത് യഹോവക്കു സൗരഭ്യവാസനയുള്ള ദഹനയാഗം; അതിന്റെ പാനീയയാഗം ഒരു നാഴി വീഞ്ഞ് ആയിരിക്കേണം" (23:12, 13).

ആദ്യഫലകറ്റയോട് ചേർന്നു അർപ്പിക്കുന്ന ഈ വഴിപാടിൽ, നമ്മുടെ കർത്താവായ യേശുവിന്റെ ജീവിതത്തിൽ ദൈവത്തിന്റെ മഹത്വത്തിനും പ്രമോദത്തിനും ഉതകുന്നതെല്ലാം ഉൾക്കൊണ്ടിരിക്കുന്നതായി നാം കാണുന്നു; ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണത്തിലും, മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റതിലൂടെയും സാക്ഷാത്കൃതമായതെല്ലാം തന്നെ. തന്റെ പുത്രൻ മനുഷ്യനായിത്തീർന്നതിലും, ജീവിതത്തിലും, മരണപുനരുത്ഥാനത്തിലും ദൈവം നമുക്കു പ്രദാനം ചെയ്തതിന്റെ പൂർണ്ണ ഫലം നമുക്ക് ലഭിക്കണമെങ്കിൽ, മേൽപ്പറഞ്ഞ വസ്തുതകളുടെ എല്ലാം സമഗ്രമായ അവബോധം നമ്മുടെ ഹൃദയാന്തർഭാഗത്ത് കരുതിക്കൊള്ളേണ്ടത് ആവശ്യമാണ്; ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് മഹത്വീകരിക്കപ്പെട്ടവനായി അവിടുന്നു നിലകൊള്ളുന്നത് നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും മഹനീയമായ ഉത്തരം നൽകിക്കൊണ്ടാണ്. "ഇറങ്ങിയവൻ സകലത്തേയും നിറക്കേണ്ടതിനു സ്വർഗ്ഗാധിസ്വർഗ്ഗത്തിന്നു മീതെ കയറിയവനും ആകുന്നു" (എഫെ. 4:10). ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിന് അതിന്റെ എല്ലാ ശക്തിയും പ്രദാനം ചെയ്തത് തന്റെ പാപരഹിതമായ സമ്പൂർണ്ണ ജീവിതമായിരുന്നു; അതിന്റെ ഉത്തരം എല്ലാം തന്റെ മഹത്വത്തിൽ ഇപ്പോൾ ദൃശ്യമാണ്. മേലുദ്ധരിച്ച വേദഭാഗത്ത് ഈ സവിശേഷതകളെല്ലാം കാണാവുന്നതാണ്.

"ആൺ ആട്ടിൻകുട്ടി". നമ്മുടെ കർത്താവായ യേശുവിന്റെ പൗരുഷമാണ് ആൺ ആട്ടിൻകുട്ടി വ്യക്തമാക്കുന്നത്. പെണ്ണാടിനെ യാഗത്തിനായി നിർദ്ദേശിച്ചിരിക്കുന്ന സന്ദർഭങ്ങളുമുണ്ട് (ലേവ്യ. 4:28, സംഖ്യ. 19:2); അത് ക്രിസ്തുവിനെ ചൂണ്ടിക്കാണിക്കു

കയും ചെയ്യുന്നു, എന്നാൽ ഇവിടെ പറഞ്ഞിരിക്കുന്നത് ആൺ ആട്ടിൻകുട്ടിയാണ്. പെണ്ണാടിനെ അർപ്പിക്കുന്നതിലൂടെ നമ്മോടുള്ള ബന്ധത്തിൽ ക്രിസ്തുവിന്റെ മരണം വീക്ഷിക്കാവുന്നതാണ്; അതേസമയം, ആൺ ആട്ടിൻകുട്ടി ദൈവത്തോടുള്ള ബന്ധത്തിൽ വിലയിരുത്തപ്പെടുന്നതാണ് ഏറെ യുക്തം. യെശയ്യാവ് 53–ൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ, ദൈവഹിതത്തിന് ക്രിസ്തു സമർപ്പിക്കപ്പെടുന്നതാണ് കുഞ്ഞാടിന്റെ സാദൃശ്യം. കുഞ്ഞാട് നമ്മുടെ കർത്താവിന്റെ ഒരു ദൈവീക നാമമായിത്തീർന്ന വസ്തുത ഏവർക്കും അറിവുള്ളതാണല്ലോ. “ഇതാ, ദൈവത്തിന്റെ കുഞ്ഞാട്”. ആരാധനാവേളയിൽ എത്രയോ പ്രാവശ്യം നമ്മുടെ അധരങ്ങളിൽ ഈ നാമം ഉരുവിടുന്നതിൽ നാം സന്തുഷ്ടരാണ്. എങ്കിലും, കുഞ്ഞാടിനു പകരം, എന്തുകൊണ്ട് ദൈവത്തിന്റെ കാളയെന്നോ, ദൈവത്തിന്റെ കോലാടെന്നോ പ്രയോഗിക്കുന്നില്ലെന്ന കാര്യം നാം എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അബ്രഹാമിന്റെ മനസ്സിൽ ഒരു കുഞ്ഞാടിന്റെ ചിത്രമുണ്ടായിരുന്നു എന്നു നമുക്ക് നന്നായറിയാം, എന്നാൽ മഹാപാപപരിഹാര ദിവസം അഹരോന്റെ കുടുംബത്തിന് ഒരു കാളക്കുട്ടിയെ യാഗം കഴിക്കുമ്പോൾ, യഹോവക്കും ജനത്തിനും വേണ്ടി അർപ്പിക്കേണ്ടിയിരിക്കുന്നത് ഒരു കോലാടിനെയാകുന്നു. ഏതായാലും കർത്താവിന് ഉപയോഗിച്ചിരിക്കുന്ന പേർ കുഞ്ഞാടു തന്നെ. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, തന്റെ പിതാവിന് നമ്മുടെ കർത്താവ് സമ്പൂർണ്ണമായി വിധേയപ്പെടുകയും അനുസരിക്കുകയും ചെയ്യുന്നതിനെ വ്യക്തമാക്കാനാണ് ഈ പേര് ഉപയോഗിച്ചിരിക്കുന്നത്. ഈ സംഗതികൾ വിലപ്പെട്ട ചിന്തകളാണ്, കാരണം ഈ മൃഗങ്ങളെല്ലാം കർത്താവിന്റെ പ്രവൃത്തിയുടെ വ്യത്യസ്ത സവിശേഷതകളാണ് ചൂണ്ടിക്കാണിക്കുന്നത്. ക്രിസ്തുവിന്റെ പ്രവൃത്തിയുടെ വൈപുല്യം നിമിത്തം അതിന്റെ വിവിധ വശങ്ങളെ പ്രതിപാദിക്കാൻ ഒരു മൃഗത്തെ സാദൃശ്യപ്പെടുത്തിയാൽ അപര്യാപ്തമാണ്. ഇവിടെ, ഗത്ശമന തോട്ടത്തിൽവെച്ച് ക്രിസ്തു തന്റെ പിതാവിന്റെ ഹിതത്തിന് കീഴ്പ്പെടുത്തിക്കൊടുക്കുന്നതിനെ കുഞ്ഞാടുതന്നെ ഏറ്റവും സമുചിതമായ മൃഗം.

“ഊനമില്ലാത്തത്”. കർത്താവിന്റെ പരിപൂർണ്ണ പൗരുഷമാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. ഊനം ഒരു പാടാണല്ലോ. അത് അവിടെ ഉണ്ടാകാൻ പാടില്ലാത്തതാകുന്നു. കളങ്കം എന്നത് അവിടെയില്ലാത്ത ഒന്നാണ്; അതേസമയം അവിടെ ഉണ്ടായിരിക്കേണ്ടതുമാണ്. ഒന്നാമത്തേത്, ആവശ്യമില്ലാത്ത ഒന്നത്രെ. രണ്ടാമത്തേതാകട്ടെ, അപര്യാപ്തതയുള്ളതും (ലേവ്യ 21:8). ഊനമില്ലാത്തതെന്നാണ് ഇവിടെ നാം കാണുന്നത്. പാടിനെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. മനുഷ്യനിൽ കാണേണ്ട സത്ഗുണങ്ങൾ ക്രിസ്തുവിൽ കാണാവുന്നതാണ്. നമ്മിൽ പ്രകടമായിക്കാണേണ്ട ആത്മാവിന്റെ 9 ഫലങ്ങൾ ക്രിസ്തുവിന്റെ ഐഹിക ജീവിതകാലത്ത് ദൃശ്യമായിരുന്നു. ഈ 9 ആത്മാവിന്റെ ഫലങ്ങളും സമ്പൂർണ്ണ മനുഷ്യന്റെ അടയാളങ്ങളാണ്, കാരണം ആത്മാവിന്റെ പ്രവർത്തനഫലമായി നമ്മിൽ ഉത്ഭൂതമാകുന്ന ഗുണങ്ങളാണിവ. ക്രിസ്തു ഇഹത്തിൽ മനുഷ്യപ്രകൃതത്തിന് വിധേയപ്പെട്ടപ്പോൾ ഇവ പരിപൂർണ്ണതയിൽ തന്നിൽ പ്രതിഫലിക്കുകയുണ്ടായി. അവിടുന്നു എപ്പോഴും ദൈവമഹത്വത്തിന് അനുസ്രുതമായത്രെ ജീവിച്ചത്. മനുഷ്യനിൽ പൂർണ്ണമായി കാണേണ്ട സത്ഗുണങ്ങൾ യാതൊരു ഊനവും കൂടാതെ, ക്രിസ്തുവിൽ വെളിപ്പെടുകയുണ്ടായി (ഗലാ.5:22, 23).

"ഒരു ആട്ടിൻകുട്ടി". മറിയയുടെ ആദ്യസുതനെന്നവണ്ണം ക്രിസ്തുവിനെ വെളിപ്പെടുത്തുകയാണിത്. മറിയയുടെ ആദ്യജാതനായാൽ മാത്രമേ കന്യകാജനനം സാധ്യമാകയുള്ളു (ലൂക്കോസ് 2:7). "ഒന്നാമത്തെ വർഷമെന്ന്, ഔദ്യോഗിക പരിഭാഷയിൽ കാണുന്നത് ഈ ചിന്തക്ക് കുറേക്കൂടി അർത്ഥവ്യാപ്തി നൽകുന്നു. നാം ഇവിടെ കാണുന്നതുപോലെ, കർത്താവിന്റെ കന്യകാജനനവും നിഴലായിട്ടിവിടെ കാണുന്നു.

"യഹോവക്ക് ഹോമയാഗം". മരണത്തോളം കർത്താവ് ദൈവഹിതത്തിന് വിധേയമായതിനെയാണ് ഈ ഹോമയാഗം നിഴലായി നിൽക്കുന്നത്. ലേവ്യാപുസ്തകത്തിന്റെ ഒന്നാം അദ്ധ്യായത്തിൽ ഹോമയാഗത്തിന്റെ എല്ലാ അംശങ്ങളും ദൈവത്തിനുവേണ്ടിയുള്ളതാണെന്ന് നാം വായിക്കുന്നു. പാപത്തോട് പോരാടുന്നതല്ല, പ്രത്യുത, തന്റെ പിതാവിനോട് കാണിക്കുന്ന അനുസരണമാണ് ഇവിടെ കാണുന്നത്. പാപം ചുമന്നൊഴിക്കുന്നതിനല്ല ഊന്നൽ, പ്രത്യുത, ദൈവേഷ്ടം നിറവേറ്റുന്നതിനുള്ള സമർപ്പണത്തിനാണ് പ്രസക്തി കൊടുത്തിരിക്കുന്നത്. "അങ്ങയുടെ ഇഷ്ടം ചെയ്യാൻ ഞാൻ വരുന്നു" എന്നതത്രെ ഹോമയാഗം (സങ്കീ. 40:7, 8; എബ്രാ. 10:7). സങ്കീർത്തനം 40–ൽ "ഞാൻ പ്രിയപ്പെടുന്നു" എന്നു കാണുന്നുണ്ട്, പക്ഷേ, എബ്രായർ 10:7–ൽ "ഞാൻ പ്രിയപ്പെടുന്നു" എന്നതു ഒഴിവാക്കിയിരിക്കുന്നു. അതിന്റെ കാരണം സങ്കീർത്തനം 40–ൽ പ്രധാനമായും ഹോമയാഗമാണ് വിവക്ഷിച്ചിരിക്കുന്നത്, അതേസമയം, എബ്രായർ 10–ൽ പാപയാഗവും. ഹോമയാഗത്തിന്റെ സവിശേഷതയിൽ പിതാവിന്റെ ഹിതം നിറവേറ്റുന്നതായിരുന്നു പുത്രന്റെ സന്തോഷം, എന്നാൽ, പാപയാഗത്തിന്റെ സവിശേഷതയിൽ പാപം ആക്കപ്പെടുന്നതിൽ അവിടുത്തേക്കു പ്രിയം ആയിരുന്നില്ല. അതിനാൽ, പാപം വിവക്ഷിക്കുന്നിടത്ത് "ഞാൻ പ്രിയപ്പെടുന്നു" ഒഴിവാക്കിയിരിക്കുന്നു. അങ്ങനെ ഈ വേദഭാഗത്ത് നീരാജന കറ്റപ്പെരുന്നാൾ ഹോമയാഗമത്രെ ചൂണ്ടിക്കാണിക്കുന്നത് – ക്രൂശിലെ മരണത്താൽ ദൈവഹിതം നിറവേറ്റുന്നതിന് ക്രിസ്തു നിർവ്വഹിക്കുന്ന പ്രവൃത്തി.

"ഭോജനയാഗം". ഇതിൽ ക്രിസ്തുവിന്റെ ജീവിതം കാണുന്നു. "ഭോജനയാഗം" എന്നതിന് ഭക്ഷ്യയാഗം എന്നർത്ഥം. ഇത് നമുക്ക് യോഹന്നാൻ 6–ൽ കാണാവുന്നതാണ്. ഇവിടെ കർത്താവുതന്നെക്കുറിച്ച് അപ്പം എന്നു പറഞ്ഞിരിക്കുന്നു – മൂന്നു സവിശേഷ സ്വഭാവങ്ങളോടുകൂടിയ അപ്പം. "ദൈവത്തിന്റെ അപ്പം". ദൈവഹിതത്തിന് ക്രിസ്തു ഇങ്ങനെയായിത്തീർന്നു. "ജീവനുള്ള അപ്പം". ഇങ്ങനെ തന്നെ അവിടുന്നു നമുക്കും ആയിത്തീർന്നു. ഈ ലോകത്തിൽ ഒരു ഭോജനയാഗമെന്നവണ്ണം അവിടുന്നു ദൈവഹിതം നിറവേറ്റി; വിശ്വാസത്താൽ അവിടുത്തെ സ്വീകരിക്കുന്ന ഏവർക്കും അവിടുന്നു ജീവൻ നൽകുകയുണ്ടായി. ഭോജനയാഗത്തോട് എണ്ണ ചേർക്കണം. ഇവിടെ, ദൈവാത്മാവിനാൽ ക്രിസ്തു ഗർഭസ്ഥനായിത്തീരുന്നത് മുൻകുറിക്കപ്പെടുന്നു. യോർദ്ദാൻ നദീതീരത്തുവെച്ച് ക്രിസ്തു പരസ്യമായി അഭിഷേകം ചെയ്യപ്പെട്ടതിനെ "എണ്ണയാൽ അഭിഷേകം ചെയ്യുക" എന്നതു ചൂണ്ടിക്കാണിക്കുമ്പോൾ, എണ്ണ ചേർക്കുന്നത് പരിശുദ്ധാത്മാവിൽ ഗർഭം ധരിക്കുന്നതത്രെ. അങ്ങനെ ദൈവദൃഷ്ടിയിൽ ദൈവപുത്രൻ തന്റെ സമ്പൂർണ്ണ മനുഷ്യത്വത്തിൽ ഇഹത്തിൽ ജീവിച്ചതിനെയാണ് ഭോജനയാഗം അനുസ്മരിപ്പിക്കുന്നത്.

"നേരിയമാവ്". ക്രിസ്തു തന്റെ മനുഷ്യത്വത്തിൽ സമ്പൂർണ്ണമായിരുന്നതിനെ ചൂണ്ടിക്കാണിക്കുന്നു. "നേരിയമാവ് ആയിരിക്കേണം" (ലേവ്യ. 2:1). ക്രിസ്തുവിന്റെ സ്വഭാവത്തിൽ ന്യൂനത ഒട്ടും ഉണ്ടായിരുന്നില്ല. എല്ലാനിലയിലും അവിടുന്നു സമ്പൂർണ്ണനായിരുന്നു. അവിടുത്തെ ഏതെങ്കിലും സ്വഭാവം മറ്റൊന്നിനു വിരുദ്ധമായി നിലകൊ

ണ്ടിരുന്നില്ല. എല്ലാം സമഞ്ജസമായി സമന്വയിച്ചിരുന്നു. മാവിനെ സംബന്ധിച്ചിടത്തോളം, എത്രമാത്രം ശക്തിയായി ശക്തിയും സമ്മർദ്ദവും ഉപയോഗിക്കപ്പെടുന്നുവോ, അത്രമാത്രം നേരിയപൊടിയായി അത് രൂപാന്തരപ്പെടുന്നു. നമ്മുടെ കർത്താവിന്റെയും ജീവിതത്തിൽ സംഭവിച്ചത് അതായിരുന്നു. എവിടെ വെച്ചായിരുന്നു ഏറ്റവും കഠിനമായ നിലയിൽ സമ്മർദ്ദം ക്രിസ്തുവിനുണ്ടായത്? ഗത്ശമന തോട്ടത്തിൽവെച്ചായിരുന്നു. എന്താണ് അതിന്റെ ഫലമായുണ്ടായത്? “എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നടക്കട്ടെ”. നമ്മെ സംബന്ധിച്ചിടത്തോളം, സമ്മർദ്ദം നമ്മുടെ പ്രാകൃതസ്വഭാവത്തെ കൂടുതൽ ദൃഢതരമാക്കിത്തീർക്കുകയാണ് ചെയ്യുക; അതേസമയം, ക്രിസ്തുവിൽ അത് മനുഷ്യത്വത്തിന്റെ പൂർണ്ണത കൂടുതൽ സുവ്യക്തമാക്കുകയാണുണ്ടായത്. വാസ്തവത്തിൽ, സ്വർഗ്ഗത്തിൽ നിന്ന് അവതീർണ്ണനായ “രണ്ടാമത്തെ മനുഷ്യനാ”ണ് താനെന്ന് നേരിയമാവ് ചൂണ്ടിക്കാണിക്കുന്നത്. താൻ പ്രവർത്തിക്കുകയും പറയുകയും ചെയ്തതിനെല്ലാം അവിടുന്നു ഒരു സ്വർഗ്ഗീയ സ്പർശം നൽകുകയുണ്ടായി.

ക്രിസ്തുവിന്റെ പാവനമായ ഗർഭധാരണമാണ് നേരിയമാവിനോട് എണ്ണ ഒഴിക്കുന്നത് ചൂണ്ടിക്കാണിക്കുന്നത്. അതിനെതുടർന്നു ദൈവത്തിനു സമ്പൂർണ്ണമായി വിധേയപ്പെടുന്ന ക്രിസ്തുവിന്റെ പരിപൂർണ്ണ മനുഷ്യത്വവും അനുസരണവും നാം ദർശിക്കുന്നു. “രണ്ടിടങ്ങഴി” അളവിനെപ്പറ്റി പിന്നീട് നാം വിശദീകരിക്കുന്നതുകൊണ്ട് തൽക്കാലത്തേക്ക് ഒഴിവാക്കുകയാണ്.

ഇതിന്റെയെല്ലാം വെളിച്ചത്തിൽ, ക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർത്തെഴുന്നേൽക്കുകയും, ദൈവമഹത്വത്തിൽ അത്യുന്നതമായ സ്ഥാനവും നൽകിയിരിക്കുന്നത് എന്തുകൊണ്ടാണെന്ന് നാം അതിശയിക്കേണ്ടതുണ്ടോ? ആ സ്ഥാനത്തിരിക്കാൻ ഇതിനേക്കാൾ യോഗ്യതയുള്ളവൻ ആരെങ്കിലുമുണ്ടോ? കാലിത്തൊഴുത്തുമുതൽ കുരിശുവരെ സമ്പൂർണ്ണ മനുഷ്യത്വത്തിന്റെ എല്ലാ സത്ഗുണങ്ങളും ക്രിസ്തുവിൽ നിറഞ്ഞു നിന്നിരുന്നു. തന്റെ നിഷ്പാപസമ്പൂർണ്ണത, ക്രൂശീകരണത്തോളം ദൈവഹിതത്തിന് വിധേയപ്പെടുത്തിയ അനുസരണം; ദൈവീക പ്രമോദത്തിന് തന്നെത്താൻ സമർപ്പിച്ചതിന്റെ പ്രതീകമായ ഹോമയാഗം; ഇതെല്ലാം “യഹോവക്ക് സൗരഭ്യവാസനയുള്ള ദഹനയാഗം” ആകുന്നു. അവിടുത്തേതുപോലെ, യഹോവക്ക് സൗരഭ്യവാസനയുള്ള ദഹനയാഗമായിത്തീരാൻ മറ്റാർക്കെങ്കിലും കഴിഞ്ഞിട്ടുണ്ടോ? അതിനാൽ ദൈവം മഹത്വത്തിൽ ഈ അത്യുന്നതമായ പദവി നൽകിയതിൽ അത്ഭുതപ്പെടേണ്ടതുണ്ടോ? ദൈവം മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേൽപ്പിക്കുകയും മഹത്വീകരിക്കുകയും ചെയ്തവൻ മറ്റെല്ലാവരെക്കാളും യോഗ്യനാണെന്ന് ഈ യാഗങ്ങളെല്ലാം നൽകപ്പെട്ടതിലൂടെ വെളിപ്പെടുത്തുന്നതെന്ന് തോന്നുന്നു. ക്രിസ്തു നിർവ്വഹിച്ച ഒരു ഈ സമ്പൂർണ്ണ ബലിയർപ്പണമെന്ന പാതയെക്കാൾ മറ്റേതൊരു ഉത്തരമാണ് ദൈവത്തിന് നൽകുവാൻ സാധിക്കുക? അങ്ങനെ ക്രിസ്തു തന്റെ ഇഹലോക ജീവിതത്തിൽ സാക്ഷാത്ക്കരിച്ച പരിപൂർണ്ണ മാനുഷിക ജീവിതത്തിലൂടെ ദൈവമഹത്വത്തിന്റെ പ്രത്യക്ഷത നാം ദർശിക്കുന്നു. അതത്രെ ദൈവത്തിന് മനുഷ്യന്റെ പ്രശ്നത്തിനുള്ള ഉത്തരം. ഇനി മറ്റൊരു വഴിപാടും കൂടെ പരിഗണിക്കാനുണ്ട്.

“അതിന്റെ പാനീയയാഗം ഒരു നാഴി വീഞ്ഞായിരിക്കേണം” പാനീയയാഗത്തെപ്പറ്റി ലേവ്യാപുസ്തകത്തിൽ ആദ്യമായി പരാമർശിക്കുന്നത് ഇവിടെയാണ്. മുന്തിരിവള്ളി ദൈവത്തേയും മനുഷ്യനേയും ആനന്ദിപ്പിക്കുന്ന രസമെന്നത്രെ യോഥാവിന്റെ

ഉപമ പറയുന്നത് (ന്യായ. 9:13). മറ്റ് യാഗങ്ങളിൽനിന്ന് വ്യതിരിക്തമായി പാനീയയാഗത്തിന്റെ സവിശേഷത എന്താണെന്ന് ഈ ഉപമ ചൂണ്ടിക്കാണിക്കുന്നു. ലേവ്യാപുസ്തകത്തിൽ പാനീയയാഗത്തെപ്പറ്റി വേറൊരിടത്തും വിശദീകരണം കാണുന്നില്ല. ഇതിനെപ്പറ്റി പറഞ്ഞിരിക്കുന്നിടത്ത് ആനന്ദം എന്ന ആശയമാണ് പ്രകാശിക്കുന്നത്. പൗലോസ് തന്നെത്തന്നെ പാനീയയാഗമായിട്ടാണ് തുലനം ചെയ്തിരിക്കുന്നത് (ഫിലി. 2:17). പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിക്കൊണ്ട് ശാശ്വതവത്ക്കരിച്ചിരിക്കുന്ന ദൈവീക ആനന്ദമാണ് ഈ പാനീയയാഗം നിർദ്ദേശിക്കുക. ഈ ആനന്ദലബ്ധി പുനരുത്ഥാനംവരെ സംഭവിക്കുന്നില്ലെന്നത് വ്യക്തമാണ്. “നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയുണ്ടെന്നതി”നോട് ചേർന്നുപോകുന്നതത്രെ ഇത് (സങ്കീ. 16:11). ഇവിടെയും, പുനരുത്ഥാനമത്രെ വിവക്ഷ. അങ്ങനെ ക്രിസ്തുവിന് ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിക്കൊണ്ട് അനുഭവവേദ്യമായിത്തീർന്ന ആനന്ദമത്രെ ഈ പാനീയയാഗം ചൂണ്ടിക്കാണിക്കുന്നത്.

“നിങ്ങളുടെ ദൈവത്തിന്നു വഴിപാടു കൊണ്ടുവരുന്ന ദിവസംവരെ നിങ്ങൾ അപ്പമാകട്ടെ, മലരാകട്ടെ, കതിരാകട്ടെ തിന്നരുത്; നിങ്ങളുടെ വാസസ്ഥലങ്ങളിലും ഇതു തലമുറ തലമുറയായി നിങ്ങൾക്കു എന്നേക്കുമുള്ള ചട്ടം ആയിരിക്കേണം” (23:14).

മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചുകൊണ്ട് ക്രിസ്തുവിൽ ദൈവം തന്റെ അവകാശം സുരക്ഷിതമാക്കുവോഴം, മനുഷ്യപുത്രന്മാർക്ക് യാതൊന്നും ലഭ്യമല്ലെന്ന് ഈ വേദഭാഗം വ്യക്തമാക്കുന്നു. മറ്റു ലേഖനങ്ങളിൽനിന്ന് നാം മനസ്സിലാക്കുന്നത്, ക്രിസ്തുവിൽ നമുക്ക് ദൈവത്തിൽ നിന്ന് ഒട്ടനവധി അനുഗ്രഹങ്ങൾ ഉണ്ടെന്നാണ്; എന്നാൽ, നാം കൊയ്ത്തിന്റെ ഫലം അനുഭ വിക്കുന്നതിനുമുമ്പ് ഒന്നാമത് ക്രിസ്തു മഹത്വത്തിലാകേണ്ടത് അനുലക്ഷണീയമാണ്. ഈ മൂന്നു വസ്തുക്കളും നേരെ തിരിച്ചു വ്യാഖ്യാനിച്ചാൽ അവയുടെ കുറെക്കൂടെ വേഗത്തിൽ മനസ്സിലാക്കാവുന്നതാണ്. കതിർ ജീവിതത്തിന്റെ തികഞ്ഞ ഉന്മേഷത്തെ കാണിക്കുന്നു. മലർ മരണത്തെയും, അപ്പം ആത്മാവിന്റെ പോഷണത്തേയും സൂചിപ്പിക്കുന്നു. കർത്താവിന്റെ ഐഹിക ജീവിതത്തെയാണ് കതിർ ചൂണ്ടിക്കാണിക്കുന്നത്. ദൈവീക ന്യായവിധിയിൽ ജീവിതം ഹോമിക്കപ്പെട്ടതിനെ മലർ സാദൃശീകരിക്കുന്നു. അപ്പമാകട്ടെ, നമ്മുടെ ആത്മാവിന്റെ ആഹാരത്തിന് ക്രിസ്തു സമൃദ്ധിയായ ഭക്ഷണമാണെന്ന് സൂചിപ്പിക്കുന്നു. ക്രിസ്തു ഉയിർത്തെഴുന്നേറ്റതിനാൽ സംസിദ്ധമായ കൊയ്ത്തിൽനിന്ന് നമുക്ക് സമൃദ്ധിയായ അനുഗ്രഹം ലഭിക്കുന്നു. തന്റെ മരണത്തിൽ നിന്നും ധാരാളം അനുഗ്രഹം സിദ്ധിക്കുന്നു; തന്റെ ജീവിതത്തിൽ നിന്ന് ഒട്ടനവധി സത്ഗുണങ്ങൾ ലഭ്യമാണെങ്കിലും, ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്ത് ദൈവത്തിന്റെ സന്നിധിയിൽ ഉപവിഷ്ടനാകുവോളം അപ്പം ആഹരിക്കാൻ സാധിക്കുന്നില്ല.

വിശുദ്ധ സഭായോഗത്തെപ്പറ്റി ഈ പെരുന്നാളിൽ ഒരു പരാമർശവും കാണുന്നില്ല, എങ്കിലും വാസസ്ഥലങ്ങളെപ്പറ്റി പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. ദൈവഹിതം സാക്ഷാത്ക്കരിക്കുകയും, തന്റെ പുനരുത്ഥാനത്തിലൂടെ അതിന് ഉത്തരം കണ്ടെത്തുകയും ചെയ്തുകൊണ്ട് ഉത്തരവാദിത്വമുള്ള മനുഷ്യനായി ക്രിസ്തുവിനെ ഈ യാഗത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നതായി നാം കാണുന്നു. ദൈവത്തിന്റെ സ്ഥായിയായ പ്രമോദത്തിന് മനുഷ്യൻ എന്തായിത്തീരണമെന്ന് അറിയാനുള്ള വ്യഗ്രതയിൽ ദൈവസന്നിധിയിൽ ധ്യാനിച്ചുകൊണ്ട് ഈ യാഗം ഒരു ചട്ടമായി നമ്മുടെ വാസസ്ഥലങ്ങ

ളിൽ നാം അനുഷ്ഠിച്ചാൽ, നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇതിന്റെ പ്രതിഫലനം ഉണ്ടാകുന്നതാണ്. അവിടുന്നു ആരായിരുന്നുവെന്നും, ഇപ്പോൾ ആരാണെന്നും മനസ്സിലാക്കിയാൽ തന്നെപ്പോലെ വളരാൻ നമുക്കു സാധിക്കും. "എന്നാൽ മൂടുപടം നിങ്ങിയ മുഖത്ത് കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു" (2 കൊരി. 3:18). നമ്മുടെ വാസസ്ഥലങ്ങളിൽ നമ്മുടെ മതത്തിന്റെ ധാർമ്മിക മഹത്വം ജാജ്വല്യമായിത്തീരണമെന്നത്രെ ദൈവത്തിന്റെ അനുഗ്രഹം എന്നു തോന്നുന്നു. ഇതെങ്ങനെ സാക്ഷാത്ക്കരിക്കപ്പെടുന്നു എന്നത്രെ അടുത്ത പെരുന്നാൾ ചൂണ്ടിക്കാണിക്കുന്നത്.

"ശബ്ബത്തിന്റെ പിറ്റേന്നാൾ മുതൽ, നിങ്ങൾ നീരാജനത്തിന്റെ കറ്റ കൊണ്ടുവന്ന ദിവസം മുതൽ തന്നേ, എണ്ണി ഏഴ് ശബ്ബത്ത് തികയേണം. ഏഴാമത്തെ ശബ്ബത്തിന്റെ പിറ്റേന്നാൾ വരെ അമ്പതു ദിവസം എണ്ണി യഹോവക്ക് പുതിയ ധാന്യം കൊണ്ട് ഒരു ഭോജനയാഗം അർപ്പിക്കേണം" (15, 16).

പ്രസിദ്ധ പെരുന്നാൾ പെന്തക്കോസ്തിലേക്ക് നാം എത്തിച്ചേർന്നിരിക്കുന്നു. പെന്തക്കോസ്ത് എന്ന വാക്കിന്റെ അർത്ഥം അമ്പത് ദിവസം എന്നത്രെ. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ പെസഹയിൽനിന്ന് ബഹിർഗമിക്കുന്നതുപോലെ ഈ "പുതിയ ഭോജനയാഗം" ആദ്യഫലകറ്റ പെരുന്നാളിൽ നിന്നത്രെ ആവിർഭവിക്കുന്നത്. "ശബ്ബത്തിന്റെ പിറ്റെന്നാൾ" പുനരുത്ഥാനത്തിന്റെ അത്ഭുതകരമായ സുപ്രഭാതമാണ്; പെരുന്നാൾ നാം എണ്ണാൻ ആരംഭിക്കേണ്ടത് ഇവിടെയത്രേ. ഇപ്രകാരം ക്രിസ്തുവിന്റെ പുനരുത്ഥാന സുപ്രഭാതം മുതൽ ആരംഭിക്കുന്നതുകൊണ്ട് ഈ പുതിയ ഭോജനയാഗത്തിന് ക്രിസ്തുവിനോട് നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു. അപ്പോസ്തല പ്രവൃത്തികൾ രണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, ഈ പെരുന്നാളിന്റെ നിവൃത്തിയിലേക്ക് നമ്മുടെ ശ്രദ്ധ തിരിച്ചാൽ, എന്താണീ പ്രത്യക്ഷമായ ബന്ധമെന്ന് പെട്ടെന്ന് നമുക്കു മനസ്സിലാക്കാവുന്നതാണ്. ഉയിർത്തെഴുന്നേൽക്കുകയും മഹത്വീകരിക്കപ്പെടുകയും ചെയ്ത ക്രിസ്തുവിനോട് ആത്മാവിനുള്ള ബന്ധമത്രെ ഇത്. വീണ്ടും ചോദിക്കട്ടെ, എന്തുകൊണ്ടാണിങ്ങനെ? ക്രിസ്തുവിന്റെ സവിശേഷ ഗുണങ്ങൾ ലോകത്തിൽ പുനരാവിഷ്ക്കരിക്കണമെന്ന് സാരം. അവിടുന്നാണ് യഥാർത്ഥ ഭോജനയാഗം. ആത്മാവിനാൽ നാമും "പുതിയ ഭോജനയാഗ"മാണ്. ആത്മാവിനോട് ബന്ധപ്പെട്ട് ക്രിസ്തു ഇപ്പോൾ ആയിരിക്കുന്ന ഇടത്തുനിന്ന് തന്റെ സവിശേഷ സ്വഭാവങ്ങൾ നമ്മിൽ ഓരോരുത്തരിലും ഉൽപ്പാദിതമായിത്തീരുവാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവമഹത്വത്തിനും പ്രമോദത്തിനും മനുഷ്യൻ എങ്ങനെ വർത്തിക്കണമെന്ന് വെളിപ്പെടുത്തിക്കൊണ്ടാണ് ക്രിസ്തു ലോകത്തിൽനിന്ന് അത്ഭുതകരമാം വണ്ണം തിരോഭവിച്ചത്. പുത്രന് മറ്റൊന്നായിരിക്കുവാൻ സാദ്ധ്യമല്ല, തന്റെ സ്വഭാവത്തിന് മാറ്റം വരുത്താൻ കഴിയുകയില്ലല്ലോ. നമ്മെപ്പോലുള്ള ജീവികളിൽ ദൈവത്തിന് തന്റെ കൃപയുടേയും ജ്ഞാനത്തിന്റേയും ശക്തിയുടെയും ഉജ്ജ്വലമായ വിജയം ഉളവാക്കുവാൻ കഴിയും. ഇതത്രെ "പുതിയ ഭോജനയാഗം". പരിശുദ്ധാത്മാവിനാൽ മുദ്രിതരെന്നവണ്ണം ക്രിസ്ത്യാനികളായ നമുക്ക്, മഹത്വത്തിലായിരിക്കുന്ന ക്രിസ്തുവിനോട് നേരിട്ട് ബന്ധപ്പെട്ട്, ഈ മനുഷ്യത്വത്തിന്റെ സവിശേഷതകൾ ഈ ലോകത്തിൽ വെളിപ്പെടുത്താവുന്നതാണ്. അങ്ങനെ നാം സ്വഭാവ സവിശേഷതകൾ പ്രദർശിപ്പിക്കുമ്പോൾ ദൈവത്തിന്റെ പ്രമോദത്തിന് നാം ശുശ്രൂഷ അർപ്പിക്കുകയാണ് ചെയ്യുന്നത്, കാരണം യഹോവയാൽ നിയുക്തമായ ഉത്സവങ്ങളിൽ ഒന്നാണല്ലോ ഇതും. ഇനി ശേഷമുള്ള വേദഭാഗത്തേക്കു നമ്മുടെ ശ്രദ്ധ തിരിക്കാം.

"നീരാജനത്തിനു രണ്ടിടങ്ങഴി മാവുകൊണ്ട് രണ്ടപ്പം നിങ്ങളുടെ വാസസ്ഥലങ്ങളിൽനിന്ന് കൊണ്ടുവരേണം; അതു നേരിയ മാവുകൊണ്ടുള്ളതും പുളിപ്പിച്ചു ചുട്ടതും ആയിരിക്കേണം; അതു യഹോവക്ക് ആദ്യവിളവ്" (23:17).

ഈ വഴിപാടിന്റെ സ്വഭാവമാണ് ഈ വാക്യത്തിൽ ഒന്നാമത് നാം കാണുന്നത്. "നേരിയമാവ്" കൊണ്ടുള്ള വഴിപാട്. നീരാജനകറ്റയോടു ചേർന്ന് അർപ്പിക്കുന്ന ഭോജനയാഗത്തിനുപയോഗിക്കുന്ന വസ്തുതകൾ തന്നെ; ലേവ്യൂപുസ്തകം രണ്ടിൽ ഭോജനയഗത്തിന്നു ഉപയോഗിച്ചിരിക്കുന്ന വാക്കുതന്നെയാണ് ഇവിടേയും കാണുന്നത്. ഗോതമ്പ് മാവിന്റെ ഏറ്റവും നേരിയതാണിതെന്ന് ജെ. എൻ. ഡാർബിയുടെ വിവർത്തനത്തിന്റെ അടിക്കുറിപ്പിൽ കൊടുത്തിട്ടുണ്ട്. നീരാജനക്കറ്റ ബാർലിയാണെന്നു നേരത്തെ നാം കാണുകയുണ്ടായല്ലോ; ഇവിടെ, ഈ വഴിപാടിന്റെ അനന്തരഫലം നാം പരിഗണിക്കുമ്പോൾ, ഗോതമ്പാണ് ഉപയോഗിക്കുന്നതെന്ന് ദർശിക്കുന്നു. ആത്മാവിനാൽ മഹത്വീകരിക്കപ്പെട്ട ക്രിസ്തുവിനോടാണ് നാം ബന്ധപ്പെട്ടിരിക്കുന്നതെന്നും, അത്, ഈ വഴിപാടിന്റെ നിവൃത്തിയായി, അപ്പോസ്തല പ്രവൃത്തികൾ രണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, ക്രിസ്തീയ സമൂഹത്തിലേക്ക് ആവസിക്കുകയുണ്ടായെന്നും നമ്മെ അനുസ്മരിപ്പിക്കുന്നില്ലേ? ലേവ്യാപുസ്തകത്തിലെ ഈ വേദഭാഗത്ത് മഹത്വീകരിക്കപ്പെട്ട ക്രിസ്തുവിന്റെ ചിത്രം നമുക്ക് ദർശിക്കുവാൻ സാധിക്കുകയില്ലെങ്കിലും, അതാണ് സംഭവിച്ചതെന്നും, നിഴലായി ഇതു സംബന്ധിച്ച നേരിയൊരു യാഥാർത്ഥ്യം പുഷ്കലമായിത്തീർന്നിട്ടുണ്ടെന്നും നമുക്ക് മനസ്സിലാക്കാവുന്നതാണ്. ആകയാൽ നേരിയമാവ് പരിശുദ്ധാത്മാവിനാൽ വിശുദ്ധന്മാരിൽ സംസിദ്ധമായ ക്രിസ്തുവിന്റെ സ്വഭാവമെന്ന് കാണുന്നു. ലേവ്യ. രണ്ടിലെ ഭോജനയാഗം "സ്വർഗ്ഗത്തിൽനിന്നുള്ള രണ്ടാം മനുഷ്യനെ" പ്രദർശിപ്പിക്കുകയാണ് ചെയ്യുന്നത് (1 കൊരി. 15:47). എന്നാൽ ലോവ്യ 23–ലെ "പുതിയ ഭോജനയാഗമാകട്ടെ, യഹോവയുടെ ഉത്സവമെന്നവണ്ണം തന്റെ വിശുദ്ധന്മാരിൽ ക്രിസ്തുവാകുന്ന സ്വർഗ്ഗീയ മനുഷ്യന്റെ സ്വഭാവം രൂപീകൃതമാകണമെന്ന് ഉദ്ദേശിക്കുന്നതത്രെ. ക്രിസ്തു സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന "രണ്ടാം മനുഷ്യൻ മാത്രമല്ല, സ്വർഗ്ഗത്തിൽ മഹത്വീകരിക്കപ്പെട്ടവനായി നിലകൊള്ളുന്ന മനുഷ്യനും താൻതന്നെ. എന്നാൽ, ആത്മാവിനാൽ ക്രിസ്തുവിന്റെ സമ്പൂർണ്ണ മനുഷ്യത്വം ക്രിസ്ത്യാനികളുടെ ഹൃദയത്തിൽ രൂപീകൃതമാകുന്നതിനാൽ, വീണ്ടും ദൈവത്തിന്റെ പ്രസാദത്തിന് ഈ ക്രിസ്തീയ അനുഭവം തെളിവായി പരിണമിക്കുന്നു.

ഈ നേരിയമാവിൽ ഭോജനയാഗത്തിന്റെ സ്വഭാവം പ്രകാശിപ്പിക്കുന്നുണ്ടെങ്കിൽ അടുത്ത പ്രസ്താവനയിൽ അതിന്റെ അളവ് രണ്ടിടങ്ങഴി ആണെന്നു നിജപ്പെടുത്തിയിരിക്കുന്നു. 13–ാം വാക്യത്തിന്റെ  വിശദീകരണം നൽകിയപ്പോൾ ഭോജനയാഗത്തിന്റെ അളവ് പിന്നീട് വ്യക്തമാക്കാമെന്ന് സൂചിപ്പിച്ചുവല്ലോ. ഇവിടെയും "രണ്ടിടങ്ങഴി"യാണ് അതിന്റെ അളവെന്നു കാണുന്നു. മാത്രമല്ല, 24:5–ലേക്ക് താളുകൾ മറിച്ചാൽ, സമാഗമന കൂടാരത്തിലെ മേശമേൽ വെക്കുന്ന 12 അപ്പവും രണ്ടിടങ്ങഴി മാവും കൊണ്ട് ഉണ്ടാക്കിയതാണെന്നു കാണാം. നമുക്കെല്ലാം അറിവുള്ളതുപോലെ, ഇവിടെ യിസ്രയേലിലെ 12 ഗോത്രങ്ങളാണ് വിവക്ഷിക്കുന്നത്. രണ്ടിടങ്ങഴി നേരിയമാവ് കൊണ്ടുണ്ടാക്കി എണ്ണ ഒഴിച്ച മാവ് ഭോജനയാഗം (വാക്യം 13) സ്വർഗ്ഗത്തിൽ നിന്നുള്ള അവതീർണ്ണനായ "രണ്ടാം മനുഷ്യനെ" ചൂണ്ടിക്കാണിക്കുന്നു. ഇന്ന് ക്രിസ്തീയ സമൂഹത്തിൽ സവിശേഷമായി പ്രകടമായികകാണുന്ന ഗുണവിശേഷത്തിന്റെ പ്രതീകമായ "പുതിയ ഭോജനയാഗ"വും

രണ്ടിടങ്ങഴി നേരിയമാവും കൊണ്ടത്രെ ഉണ്ടാക്കേണ്ടത്. ദൈവസഭയുടെ ഉത്പ്രാപണത്തിന് ശേഷം യിസ്രയേൽ ഒരിക്കൽകൂടി ദൈവത്തെ പ്രതിനിധാനം ചെയ്യുന്നതിന്റെ പ്രതീകമായിത്തീരുമെന്ന് 12 കാഴ്ചയപ്പത്തിന്റെ മേശ ചൂണ്ടിക്കാണിക്കുന്നു; ഇവിടേയും അളവ് ഇതു തന്നെ – രണ്ടിടങ്ങഴി നേരിയമാവ് (24:5). ഇന്ന് ക്രിസ്തീയ സമൂഹത്തിലും, സഭ മഹത്വത്തിലായിരിക്കുമ്പോൾ, അതോടൊപ്പം, ഉത്പ്രാപണാനന്തരം ഭാവി യിസ്രയേലിലും മനുഷ്യപ്രകൃതിയിലും സ്വഭാവത്തിലും ഉണ്ടാകേണമെന്ന് ദൈവം ഉദ്ദേശിക്കുന്ന ഒന്നത്രെ ഇതെന്നു നമുക്കു നിശ്ചയമായും പറയാവുന്നതാണ്. വരാനിരിക്കുന്ന ലോകത്തിൽ, സ്വർഗ്ഗീയ സംഘത്തിലും ഐഹിക സംഘത്തിലും, രണ്ടാം മനുഷ്യനായ ക്രിസ്തു നിറഞ്ഞുനിൽക്കുന്നു, ദൈവീക പ്രവൃത്തിയുടെ ഫലമെന്നവണ്ണം. സമ്പൂർണ്ണനും, തേജസ്ക്കരിക്കപ്പെട്ടവനും, മഹത്വീകരിക്കപ്പെട്ടവനുമായ മനുഷ്യന്റെ സവിശേഷതകൾ പ്രപഞ്ചത്തിൽ നിറഞ്ഞു നിൽക്കണമെന്നത് ദൈവത്തിന്റെ താൽപര്യമാണെന്നു തോന്നുന്നു. ക്രിസ്തു എല്ലാറ്റിനും എല്ലാമായിരിക്കണം.

“രണ്ടിടങ്ങഴി”. മനുഷ്യന്റെ ഉത്തരവാദിത്വത്തെ ചൂണ്ടിക്കാണിക്കുന്ന അളവാണിത്. അതായത്, രണ്ടുവിധത്തിലുള്ള ഉത്തരവാദിത്വം. ഇത് ദൈവത്തോടുള്ള സ്നേഹത്തേയും, ഒപ്പം മനുഷ്യനോടുള്ള സ്നേഹത്തേയും ആണ് വിവക്ഷിക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഉൽപ്പത്തി മൂന്നാം അദ്ധ്യായത്തിൽ, ആദം – ഹവ്വാമാരുടെ പതനത്തിൽ, ദൈവത്തിനെതിരെയുള്ള പാപമാണ് നാം കാണുന്നത്. പിന്നീട് നാലാം അദ്ധ്യായത്തിൽ, കയീൻ – ഹാബേൽമാരുടെ ജീവിതത്തിൽ നിന്ന് – മനുഷ്യനെതിരെയുള്ള പാപം ദർശിക്കുന്നു. ഇങ്ങനെ രണ്ടുവിധ മാനദണ്ഡത്തിൽ മനുഷ്യൻ ദൈവമുമ്പാകെ കുറ്റക്കാരനാണ്. ന്യായപ്രമാണം യിസ്രയേലിനു കൊടുത്തപ്പോൾ, ഈ രണ്ടു ലക്ഷ്യങ്ങളും സംക്ഷിപ്തമായി അതിൽ പ്രതിപാദിച്ചിരുന്നു. ഈ രണ്ടിലും – ദൈവത്തോടുള്ള സ്നേഹവും മനുഷ്യനോടുള്ള സ്നേഹവും – എല്ലാ ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നു കർത്താവ് തന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ (മത്താ. 22:34–40). 10 കൽപ്പനകളിൽ നാലെണ്ണം ദൈവത്തോടുള്ള ഉത്തരവാദിത്വത്തെയും, ആറെണ്ണം മനുഷ്യനോടുള്ള ഉത്തരവാദിത്വത്തെയും ചൂണ്ടിക്കാണിക്കുന്നു. തൃപ്തനായിത്തീർന്നിട്ട് യഹോവയെ തള്ളിപ്പറയാനും, ദരിദ്രനായിത്തീർന്നിട്ട് മോഷ്ടിച്ച് ദൈവത്തിന്റെ നാമത്തെ അപകീർത്തിപ്പെടുത്താനും ഇടവരരുതേ എന്ന് പ്രവചനികമായി ആഗൂർ പറഞ്ഞിരിക്കുന്നതിന്റെ ഉള്ളടക്കം ഇതുതന്നെ. (സദൃ. 30:9). മറ്റൊരുവന് ഈ സത്യം ദർശനത്തിലൂടെയാണ് വെളിപ്പെട്ടത് (സഖ. 5:3). ഈ രണ്ടു മേഖലകളിലും ഉടമ്പടിയോടുള്ള ബന്ധത്തിൽ യിസ്രയേലിന്റെ പരാജയം ദർശനത്തിലൂടെ ഇവിടെ കാണുന്നു; അതിന്റെ ഫലമായി ന്യായവിധി അവരുടെ മേൽ നിപതിക്കുകയും ചെയ്യുന്നു. നമ്മുടെ കർത്താവ് ഈ ഭൂമിയിലായിരുന്നപ്പോൾ, നാം അവിടുത്തെ യഹോവയുടെ ദാസനെന്നത്രെ വായിക്കുന്നത്. “അവൻ ന്യായപ്രമാണം പ്രകാശിപ്പിക്കുകയും ആദരണീയമാക്കുകയും ചെയ്യും” അങ്ങനെ കർത്താവു തന്റെ ഗിരിപ്രഭാഷണത്തിൽ (മത്താ. 5–7). 14 പ്രാവശ്യം “ഞാനോ നിങ്ങളോട് പറയുന്നത്” എന്ന് ആവർത്തിച്ചിരിക്കുന്നതായി കാണുന്നു. “പൂർവ്വന്മാരോട് അരുളിച്ചെയ്തത്, നിങ്ങൾ കേട്ടിട്ടുണ്ടല്ലോ” – ന്യായപ്രമാണം – എന്നാൽ, “ഞാനോ നിങ്ങളോട് പറയുന്നു” – വിപുലീകരിക്കുന്നു. അല്ലെങ്കിൽ, അടുത്തതായി മറ്റൊന്നുകൂടെ നോക്കുക. “കൂട്ടുകാരനെ സ്നേഹിക്കുകയും ശത്രുവിനെ പകെക്കുകയും ചെയ്ക” – ന്യായപ്രമാണം; എന്നാൽ “ഞാനോ നിങ്ങളോടു പറയുന്നത്: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പീൻ” – വിപുലീകരണം. അവി

ടുന്നു ന്യായപ്രമാണം ലഘൂകരിക്കുകയോ ദുർബലമാക്കുകയോ ചെയ്തില്ല; വിപുലീകരിക്കുകയും ശക്തീകരിക്കുകയുമായിരുന്നു. മാത്രമല്ല, അതിന്റെ മൗലീകമായ അവകാശത്തിനു അത്യന്തം വിപുലമായി അതിനെ, അതിന്റെ എല്ലാ അർത്ഥത്തിലും തലത്തിലും, സംരക്ഷിക്കുകയും, പാലിക്കുകയും, ആദരിക്കുകയും, അതിനോടുള്ള ബന്ധത്തിൽ ദൈവത്തെ മഹത്വീകരിക്കുകയുമാണ് ചെയ്തത്. "അവൻ ന്യായപ്രമാണത്തെ വിപുലീകരിക്കുകയും ആദരിക്കുകയും ചെയ്യും" (യെശ. 43:21).

ഇതെങ്ങനെ സാക്ഷാത്ക്കരിക്കപ്പെട്ടുവെന്ന് നാം കാണുന്നു, നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ മരണത്തിൽപ്പോലും. യോഹന്നാന്റെ സുവിശേഷത്തിൽ, തന്റെ തന്നെ അധരങ്ങളിൽ നിന്ന്, ദൈവത്തോടും മമുഷ്യരോടും ഈ സ്നേഹം ഇത്രമാത്രം വെളിപ്പെടുത്തിയെന്ന് രണ്ടു സംഭാഷണത്തിലൂടെ കർത്താവു വ്യക്തമാക്കുകയുണ്ടായി. "എങ്കിലും ഞാൻ പിതാവിനെ സ്നേഹിക്കുന്നു എന്നും പിതാവു എന്നോടു കൽപ്പിച്ചതുപോലെ ഞാൻ ചെയ്യുന്നു എന്നും ലോകം അറിയിക്കട്ടെ, എഴുന്നേൽപ്പിൻ, നാം പോക" (യോഹ. 14:31). "സ്നേഹിതന്മാർക്ക് വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കുമില്ല" (യോഹ. 15:13). പിതാവിനും സ്നേഹിതന്മാർക്കും വേണ്ടി തന്റെ ജീവനെ കൊടുക്കുന്നതിലൂടെ പിതാവിനോടുള്ള സ്നേഹത്തോടൊപ്പം സ്നേഹിതരേയും സ്നേഹിക്കുന്നതിൽ ക്രിസ്തു സമ്പൂർണ്ണത കൈവരിക്കുകയുണ്ടായി. ഒരുവശത്ത് പിതാവിന്റെ മഹത്വവും, മറുവശത്ത് തന്റേതായ ജനത്തിന്റെ ആവശ്യവുമായി രുന്നു ലക്ഷ്യം. തന്റെ സ്വന്തക്കാർക്കുവേണ്ടി ഈ സ്നേഹം പരിമിതപ്പെടുത്തുവാൻ സാധിക്കുമായിരുന്നില്ല., കാരണം മനുഷ്യവർഗ്ഗത്തോടുള്ള തന്റെ സ്നേഹത്തിൽ, അവിടുന്നു എല്ലാവർക്കും വേണ്ടി ക്രൂശിക്കപ്പെടുകയാണുണ്ടായത് (2 കൊരി. 5:14). രണ്ടിടങ്ങഴി മാവിന്റെ ഉത്തരം ഇതത്രെ.

"അതു പുളിപ്പിച്ചു ചുട്ടത് ആയിരിക്കേണം" . ഭോജനയാഗത്തിന് പുളിപ്പ് അശ്ലേഷം പാടില്ലെന്നു നാം കാണുകയുണ്ടായല്ലോ.

എന്നാൽ ഇവിടെ ഇതാ പുളിപ്പ് ആവശ്യപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ മനുഷ്യത്വത്തെ പ്രതിപാദിക്കുന്നു ഏതൊരിടത്തും പുളിപ്പ് – ജഡത്തിലുള്ള ഒരുതരം പാപം – ചേർക്കുവാൻ പാടുള്ളതല്ല. അവിടുന്നു ''വിശുദ്ധ പ്രജ'' ആയിരുന്നു (ലൂക്കോ. 1:35). എന്നാൽ പുതിയ ഭോജനയാഗത്തിന് പുളിപ്പും ചേർക്കണമായിരുന്നു, കാരണം, ഇത് നമ്മെപ്പറ്റി പരാമർശിക്കുന്നതുകൊണ്ടാണ്. വിശ്വാസിയുടെ സമ്മിശ്രമായ സ്വഭാവത്തെയാണിത് ചൂണ്ടിക്കാണിക്കുന്നത്. നമ്മുടെ ആത്മാക്കളെ നേരിയ മാവുപോലെ സംശുദ്ധ സ്വഭാവത്തോടുകൂടി ആക്കിയ ദൈവത്തിനു സ്തോത്രം; എങ്കിലും, നമ്മിൽ പുളിപ്പ് നിശ്ചയമായിട്ടും ഉണ്ടെന്ന് നമുക്കറിവുണ്ടല്ലോ. റോമാലേഖനം ഏഴാം അദ്ധ്യായത്തിലെ അനഭവം – നന്മയും തിന്മയും തമ്മിലുള്ള പോരാട്ടം – നാമെല്ലാവരും അഭിമുഖീകരിക്കുന്നുണ്ടല്ലോ. പുളിപ്പ് ദുഷ്ടതയുടെ നിഴലാണ്; പുതിയ നിയമത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതിനെപ്പറ്റി പരാമർശിച്ചിരിക്കുന്നതിൽ നിന്ന് ഇക്കാര്യം നമുക്ക് സ്ഥിരീകരിക്കാൻ കഴിയും. "സ്വർഗ്ഗരാജ്യം പുളിച്ച മാവിനോട് സാദൃശ്യം; അതു ഒരു സ്ത്രീ എടുത്തു മൂന്നുപറ മാവിൽ എല്ലാം പുളിച്ചുവരുവോളം അടക്കിവെച്ചു" (മത്താ. 13:33). ഇത് വിഗ്രഹാരാധനയാണെന്ന് നാം മനസ്സിലാക്കുന്നു (സെഖ. 5:5–11). പരീശന്മാരുടെ പുളിപ്പ് – കടഭക്തി; സാദൂക്യരുടെ പുളിപ്പ് – അവിശ്വാസം (മത്താ. 16:6). ഹെരോദാവിന്റെ പുളിപ്പ് – ലോകമയത്വം (മർക്കോസ് 8:15). പൗലോസ് ഇതേ

പ്രതീകം തന്നെ 1 കൊരി. 5:6–ൽ ഉപയോഗിച്ചിട്ടുണ്ട്. ദുഷ്പരിജയമത്രെ ഇവിടുത്തെ വിവക്ഷ. അദ്ദേഹം ഗലാത്യർ 5:9–ൽ ഇത് ആവർത്തിച്ചിട്ടുണ്ട്. വ്യാജോപദേശമാണ് ഇവിടെ വിവക്ഷിക്കുന്നത്. അങ്ങനെ ആറു പ്രാവശ്യം പുതിയ നിയമത്തിൽ ഈ വിഷയം പരാമർശിച്ചിട്ടുണ്ട്; എല്ലായിടത്തും തിന്മയാണ് ഉദ്ദേശിക്കുന്നത്. ഇനി, ഈ തിന്മ ഏതെങ്കിലും ക്രിസ്തുവിൽ കാണാൻ കഴിയുന്നുണ്ടോ? ഒന്നുംതന്നെയില്ല. വിഗ്രഹാരാധന – "നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമെ ആരാധിക്കാവൂ" (മത്താ. 4:10). കപടഭക്തി – "നീ ആര് ആകുന്നു എന്നു ചോദിച്ചതിന് യേശു: ആദിമുതൽ ഞാൻ നിങ്ങളോട് സംസാരിച്ചുപോരുന്നത് തന്നെ" (യോഹ. 8:25). അവിശ്വാസം – "തിരുവെഴുത്തിന് നീക്കം വന്നുകൂടായെല്ലോ" (യോഹ. 10:35). ലോകമയത്വം – "ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" (യോഹ. 16:33). ദുഷ്പരിചയം – "നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ച് ബോധം വരുത്തുന്നു" (യോഹ 8:46). വ്യാജോപദേശം – "എന്റെ ഉപദേശം എന്റേതല്ല, എന്നെ അയച്ചവന്റേതത്രേ" (യോഹ. 7:16). ഈ ദുഷ്പ്രവണതകളെല്ലാം ക്രിസ്തുവിൽ കാണുന്നില്ലെങ്കിലും, അവയെല്ലാം നമുക്കുണ്ട്. അപ്പം "വേവിച്ചതായി" പറഞ്ഞിരിക്കുന്നു. അഗ്നി പുളിപ്പിനെ ഇല്ലായ്മ ചെയ്യണം. അങ്ങനെ പെന്തക്കോസ്തു നാളിൽ ആത്മാവ് അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകളോടെ പ്രത്യക്ഷപ്പെട്ടു. പാപത്തിന്റെ ഫലമായി നമ്മിൽ ഉള്ള ഈ ദുഷ്പ്രവണതകളെ ഇല്ലായ്മ ചെയ്യാൻ ഈ സ്വഭാവത്തോടുകൂടിയ പരിശുദ്ധാത്മാവിന്റെ ശക്തി നമ്മിൽ ആവസിക്കുമ്പോൾ മാത്രമേ സാധിക്കൂ. ഇങ്ങനെ പുളിപ്പിനെ നിശ്ശേഷ്മായി നില നിർത്തിയാൽ മാത്രമേ നേരിയ മാവിന്റെ ഗുണം വെളിച്ചത്താകയുള്ളു. പുതിയ ഭോജനയാഗം അപ്പോൾ കാണാനിടയാകും.

"അതു യഹോവക്കു ആദ്യവിളവ്". നീരാജന കറ്റ ആദ്യഫലമാണെന്നും, അതു മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ ചൂണ്ടിക്കാണിക്കുകയാണെന്നും നാം നേരത്തെ പഠിക്കുകയുണ്ടായല്ലോ (1 കൊരി. 15:20). ഇവിടെ ഇതാ മറ്റൊരു ആദ്യഫലം. ഒന്നാമത്തേത് ബാർലിയുടെ വിളവെടുപ്പും, രണ്ടാമത്തേത് ഗോതമ്പിന്റെ വിളവെടുപ്പുമാണെന്ന് കാണുന്നു. ഗോതമ്പ് കൊയ്ത്തും പുതിയ ഭോജനയാഗവും പുറപ്പാട് 34:22–ൽ ഒരുമിച്ച് പരാമർശിച്ചിരിക്കുകയാണ്. "ഗോതമ്പ് കൊയ്ത്തിലെ ആദ്യഫലോത്സവമായ വാരോത്സവവും ആണ്ടറുതിയിൽ കായ്കനിപ്പെരുന്നാളും നീ ആചരിക്കേണം". ഗോതമ്പിന്റെ വിളവെടുപ്പ് ബാർലിയുടെ വിളവെടുപ്പിന് ഏഴ് ആഴ്ചകൾക്ക് ശേഷമാണെന്ന് ഈ വേദവാക്യം സ്ഥിരീകരിക്കുന്നു. ബാർലിയുടെ വിളവെടുപ്പ് മരിച്ചവരിൽ നിന്ന് ഉയിർത്തെ ക്രിസ്തുവിനെ കാണിക്കുമ്പോൾ ഗോതമ്പിന്റെ കൊയ്ത്ത് പരിശുദ്ധാത്മാവിനാൽ സഭ രൂപീകൃതമാകുന്നതിന് ചൂണ്ടിക്കാണിക്കുന്നു. "നാം അവന്റെ സൃഷ്ടികളിൽ ഒരുവിധം ആദ്യഫലമാകേണ്ടതിന് അവൻ തന്റെ ഇഷ്ടം ഹേതുവായി സത്യത്തിന്റെ വചനത്താൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു" (യാക്കോ. 1:18). എന്നിങ്ങനെ നാം വായിക്കുന്നുണ്ടല്ലോ. അങ്ങനെ ക്രിസ്തു ആദ്യഫലമെന്നവണ്ണം മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റവനാണെങ്കിൽ, ക്രിസ്വിന്റെ പ്രവൃത്തിയുടെ ഫലമായി അനുഗ്രഹത്തിലേക്ക് വരാനിരിക്കുന്ന എല്ലാവരുടേയും ദൈവത്തിനുള്ള ആദ്യഫലമാണ് സഭ. യിസ്രയേൽ ഇനിയും അനുഗ്രഹത്തിലേക്ക് വരാനിരിക്കുന്നു; അവർ അങ്ങനെ വരുമ്പോൾ അവരോടു ചേർന്ന് ജാതികളുടെ ഇടയിൽനിന്ന് ഒരു വിഭാഗം കൂടി ആ അനുഗ്രഹത്തിലേക്ക് കടന്നുവരും. എന്നാൽ സഭയാണ് ആദ്യഫലം; വരാനിരിക്കുന്ന ഈ അനുഗ്രഹങ്ങളുടെയെല്ലാം മുന്നോടി സഭ തന്നെ. ക്രിസ്തുവിനെ സ്വീകരിക്കുന്ന

തിലൂടെ യിസ്രയേൽ ജനത്തിൽ നിന്ന് ഒരു വിഭാഗം വേർതിരിഞ്ഞു വന്നപ്പോൾ അവർ ദൈവീകാനുഗ്രഹങ്ങളുടെ പങ്കാളികളായിത്തീർന്നു എന്ന് പരാമർശിക്കുമ്പോൾ യാക്കോബ് ഈ വസ്തുത വിവക്ഷിച്ചിരുന്നു. യഹൂദന്മാരിൽനിന്നും വിജാതീയരിൽനിന്നും ഉള്ളവരായ നാമെല്ലാം ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു കഴിഞ്ഞപ്പോൾ ഈ അനുഭവത്തിലേക്ക് പ്രവേശിക്കുകയായിരുന്നു.

"നിങ്ങളുടെ വാസസ്ഥലങ്ങളിൽനിന്ന് "ഇവിടെയാണ് പുതിയ നിയമത്തിലെ യാഗം നടക്കേണ്ടത് സഭായോഗങ്ങളിലല്ല, വാസസ്ഥലങ്ങളിൽ. മറ്റെവിടെയാണ് ക്രിസ്തു നമ്മിൽ കാണേണ്ടത്? നാം കടപ്പാടോടെ സജീവമായിരിക്കുന്ന മേഖലയിൽതന്നെ. നാം സംയുക്തമായി പ്രവർത്തിക്കുമ്പോൾ നന്മ ചെയ്യാനും പറയാനും എളുപ്പമാണ്, എന്നാൽ ഇവയുടെയെല്ലാം ശോധന യഥാർത്ഥത്തിൽ നടക്കേണ്ടത് നമ്മുടെ വാസസ്ഥലങ്ങളിലായിരിക്കണം. കൊലോസ്യർ മൂന്നാം അദ്ധ്യായത്തിലേക്ക് ശ്രദ്ധ തിരിച്ചാൽ നാമെല്ലാവരും നമ്മുടെ ജീവിതം കേന്ദ്രീകരിച്ചിരിക്കുന്ന മഹത്തായ മൂന്നു മണ്ഡലങ്ങളിൽ ക്രിസ്തുവിന്റെ സവിശേഷതകൾ എങ്ങനെ ബഹിർഗമിക്കുന്നു എന്ന് കാണാവുന്നതാണ്.

പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞു പുതിയ മനുഷ്യൻ ധരിക്കുന്നതാണ് ഈ അധ്യായത്തിലെ പ്രധാന വിഷയം. നാം ഇത് ചെയ്തതായി പറയപ്പെട്ടിരിക്കുന്നു (3:9, 10). എന്നാൽ പുതിയ മനുഷ്യന്റെ പ്രവൃത്തി നാം ധരിച്ചിട്ടുണ്ടോ? ഇതാണ് പ്രബോധനം. ആത്മാവിനാൽ വിശുദ്ധന്മാരിൽ വസിക്കേണ്ട ക്രിസ്തുവാണ് ഈ പുതിയ മനുഷ്യൻ എന്നത്രെ ഈ അദ്ധ്യായം ചൂണ്ടിക്കാണിക്കുന്നത്, കാരണം രണ്ടാം മനുഷ്യനായ ക്രിസ്തുവിന്റെ പുനരാവിഷ്ക്കരണമാണ് പുതിയ മനുഷ്യന്റെ എല്ലാ ഗുണഗണങ്ങളും. ക്രിസ്തുവിനെ ഒരിക്കലും പുതിയ മനുഷ്യനെന്നു പറഞ്ഞിട്ടില്ല, അവിടുന്നു രണ്ടാം മനുഷ്യനാണ്, എന്നാൽ പുതിയ മനുഷ്യന്റെ ഓരോ സവിശേഷതകളും ക്രിസ്തുവിൽ കാണുന്നു. ക്രിസ്തു വ്യക്തിപരമായി വരുന്നതല്ല, സ്വഭാവസവിശേഷതകളോടെ ആത്മാവിനാൽ വിശുദ്ധന്മാരിൽ ആവസിക്കുന്നതത്രേ പുതിയ മനുഷ്യൻ. നാം ചിന്തിച്ചുകൊണ്ടിരിക്കുന്ന പുതിയ ഭോജനയാഗത്തിന് ഇതിനോട് അടുത്ത ബന്ധമുണ്ട്. അങ്ങനെയെങ്കിൽ, പുതിയ മനുഷ്യന്റെ പ്രവൃത്തികൾ ഏതൊക്കെയാണ്? മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ, അന്യോന്യം പൊറുക്കുക, ക്ഷമിക്കുക എന്നിവയാണ്. (3:12, 13). ക്ഷമയുടെ അളവു നോക്കൂ – "കർത്താവു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്വിൻ". ഇതുപോലെ എനിക്ക് ക്ഷമിക്കാൻ സാധ്യമല്ല എന്ന് എനിക്ക് പറയാൻ കഴിയുമോ? നിങ്ങൾക്കു കഴിയും! പരിശുദ്ധാത്മാവിനാൽ രണ്ടിടങ്ങഴി നേരിയ മാവുകൊണ്ടുണ്ടാക്കിയ അപ്പം നിങ്ങളിൽ ഉത്ഭൂതമായിരിക്കുകയാണല്ലോ. ക്രിസ്തുവിന്റെ സ്വഭാവം എനിക്കില്ലെങ്കിൽ, ക്രിസ്തുവിനെപ്പോലെ എനിക്കു ക്ഷമിക്കാനാവില്ല, എങ്കിലും, വാസ്തവത്തിൽ, എനിക്കതു ചെയ്യാൻ കഴിയുമെന്ന് എന്നോടു പറഞ്ഞിരിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന ഗാനം അർത്ഥഗർഭമാണ്:

"നിന്നെപ്പോലെ വിശ്വാസത്തിലും ക്ഷമയിലും സ്നേഹത്താലും
കമനീയമായ കൃപയിലൂടെയെല്ലാം;
മഹത്വത്തിൽനിന്ന് മഹത്വത്തിലേക്ക് രൂപാന്തരപ്പെട്ടു,
നിന്റെ മുഖം ഞങ്ങൾ കാണുവോളം.

പിന്നെ സമ്പൂർണ്ണതയുടെ ഉടമ്പടിയായ സ്നേഹത്താൽ നാം മുദ്രിതമാകണം; ദൈവീക സമാധാനം നമ്മുടെ ഹദയത്തെയും ജീവിതത്തെയും നിയന്ത്രിക്കണം; നാം ദിനംതോറും അനുഭവിക്കുന്ന ദൈവകൃപയും കാരുണ്യയും നിമിത്തം നന്ദിയുള്ളവരായിത്തീരുകയും വേണം (3:14, 15). നമുക്കുള്ളതിൽ സംതൃപ്തരായിരിക്കുന്ന അവസ്ഥയും ഇതിൽ അടങ്ങിയിരിക്കുന്നു. സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയ ഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും ഹൃദയത്തിൽ ദൈവത്തിനു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടുംകൂടെ നമ്മിൽ വസിക്കേണ്ടിയിരിക്കുന്നു. ഈ രീതിയിലാണ് നമ്മുടെ കർത്താവ് ശിഷ്യന്മാരെ സഹായിച്ചത്. വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും താൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞും കൊണ്ടിരിക്കണം" (3:17). പുതിയ ഭോജനയാഗം കാണപ്പെടേണ്ട ഒന്നാമത്തെ മണ്ഡലം ഇതാണ് – ക്രിസ്ത്യൻ മണ്ഡലം.

മറ്റൊരു മണ്ഡലം 18–21 വാക്യങ്ങളിൽ ആവിഷ്ക്കരിച്ചിരിക്കുന്നു. കുടുംബമണ്ഡലമാണിത്; വാസസ്ഥലമെന്ന് ഉദ്ദേശിക്കുന്നത് ഇതുതന്നെ. ഇനി, വിവിധങ്ങളായ ഈ ബന്ധങ്ങൾ നമുക്ക് എങ്ങനെ ക്രിസ്തുവിനോട് എങ്ങനെ പൊരുത്തപ്പെടുത്താം? ഇതത്രെ പലപ്പോഴും ഉയരുന്ന ഒരു ചോദ്യം. ഭാര്യ, ഭർത്താവ്, പിതാവ്, മാതാവ് എന്നിങ്ങനെയുള്ള യാതൊരു ബന്ധത്തിലേക്കും അവിടുന്നു പ്രവേശിച്ചിട്ടില്ലെന്നു നമുക്കു അറിയാവുന്നതാണല്ലോ. അതിനാൽ എങ്ങനെയാണ് തന്റെ ജീവിതം ഈ വിഷയത്തിൽ നമുക്കൊരു മാതൃകയായിത്തീരുക? ഈ നിലയിലാണ് "ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു കർത്താവിൽ ഉചിതമാകുംവണ്ണം കീഴടങ്ങുവിൻ" വിധേയത്വം ക്രിസ്തുവിൽ ദൃശ്യമായിത്തീരുന്നു. "ഭർത്താക്കന്മാരെ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ" സ്നേഹം യേശുവിൽ പ്രകടമായിരുന്നു.

മൂന്നാമത്, ബസിനസ്സ് മണ്ഡലം നാം കാണുന്നു. ദാസന്മാർ അനുസരണമുള്ളവരും വിശ്വസ്തരുമായിരിക്കണം. (22–25). യജമാനന്മാർ നീതിയും ന്യായവും ആചരിക്കാൻ ഉത്സുകരായിരിക്കേണ്ടതാണ് (4:1). ഈ ധാർമ്മിക മഹത്വങ്ങളെല്ലാം ക്രിസ്തുവിലുണ്ടായിരുന്നു. ക്രിസ്തീയ മണ്ഡലത്തിലും, കുടുംബത്തിലും, ബിസിനസ് രംഗങ്ങളിലുമെല്ലാം ക്രിസ്തുവിന്റെ ഈ സവിശേഷ ഗുണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. പുളിപ്പ് ഇപ്പോഴും ഉണ്ടെങ്കിലും, രണ്ടിടങ്ങഴി നേരിയ മാവ് തെളിവായി കാണണം. ഈ പുതിയ സംഘം യഹൂദന്മാരും വിജാതീയരും ചേർന്ന് രൂപീകൃതമായതാണെന്ന് രണ്ട് അപ്പം ചൂണ്ടിക്കാണിക്കുന്നു. ഈ പ്രതീകാത്മകമായ വേദഭാഗത്ത് രഹസ്യഭാവത്തിലല്ല, മറിച്ച്, റോമർ 15–ൽ പ്രതിപാദിക്കുന്നതുപോലെ പുതിയൊരു സംഘമായിട്ടാണ് കാണപ്പെടുന്നത്. കേവലമായ സംഘടനയായിട്ടല്ല, സംഘമായിട്ടത്രെ.

"അപ്പത്തോടുരുകൂടെ ഒരു വയസ്സുപ്രായമുള്ള ഊനമില്ലാത്ത ഏഴു ചെമ്മരിയാട്ടിൻകുട്ടിയെയും ഒരു കാളക്കുട്ടിയെയും രണ്ടുമുട്ടാടിനെയും അർപ്പിക്കേണം; അവയും അവയുടെ ഭോജനയാഗവും പാനീയയാഗവും യഹോവക്ക് ഹോമയാഗമായിരിക്കേണം" (23:18).

ക്രിസ്തുവിന്റെ സവിശേഷ ഗുണങ്ങൾ വർണ്ണിക്കാൻ ദൈവം ആവിഷ്ക്കരിച്ചിരിക്കുന്ന ഓരോ വഴിപാടും ഈ പുതിയ ഭോജനയാഗത്തിൽ ചിത്രീകരിച്ചിരിക്കുന്നു. ഹോമയാഗം; ഭോജനയാഗം; സമാധാനയാഗം; പാപയാഗം; പാനീയയാഗം – ഇവയെല്ലാം

ഇവിടെക്കാണുന്നു. ക്രിസ്തു തന്റെ ക്രൂശിലെ മരണത്തിലൂടെ വിലയ്ക്കുവാങ്ങിയ വിശ്വാസ സംഘത്തിന്റെ ഉത്കൃഷ്ടമായ പദവിയെ ഇതു നിർദ്ദേശിക്കുന്നില്ലേ? ദൈവമഹത്വത്തിനുവേണ്ടി താൻ സാക്ഷാത്ക്കരിക്കുകയോ, അല്ലെങ്കിൽ, മനുഷ്യന്റെ അനുഗ്രഹത്തിനുവേണ്ടി പ്രവർത്തിക്കുകയോ, അവയെല്ലാം ദൈവമുമ്പാകെ നന്മക്കായിട്ടത്രെ നിലകൊള്ളുന്നത്. മാത്രമല്ല, അവ ദൈവത്തിന്റെ മഹത്വത്തിനുവേണ്ടി മുൻകൂട്ടി നിർണ്ണയിക്കപ്പെട്ടിരുന്നു. ക്രിസ്തു തന്റെ പ്രായശ്ചിത്തമരണത്തിലൂടെ സക്ഷാത്ക്കരിച്ചതോ, ഇപ്പോൾ അതിന്റെ ഫലമായി ചെയ്തുകൊണ്ടിരിക്കുന്നതോ ആയ വസ്തുതകൾ ദൈവം വ്യക്തമാക്കുകമാത്രമല്ല, അതു സ്വാംശീകരിക്കാനും, അതിനു പ്രത്യുത്തരം നൽകാനും ഉള്ള ശക്തിയും അവിടുന്നു നൽകിയിരിക്കുന്നു; അതു ദൈവത്തിന്റെ മഹത്വത്തിനും പ്രമോദത്തിനും വേണ്ടിയത്രെ. പ്രിയരേ, നമുക്കു ലഭ്യമായ അനുഗ്രഹം എത്രയോ ശ്രേഷ്ഠമാണ്! ഈ വഴിപാടുകളെല്ലാം അപ്പത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്നു.

ഈ വഴിപാടുകളെപ്പറ്റി നേരത്തെ നൽകിയ വിശദീകരണങ്ങൾ ആവർത്തിക്കാതെ തന്നെ മറ്റുചില പുതിയ സവിശേഷതകൾ ഇവയിൽ അടങ്ങിയിരിക്കുന്നത് നമുക്ക് ഇനി പരിശോധിക്കാം. ഈ വാക്യത്തിൽ പ്രതിപാദിച്ചിരിക്കുന്ന വഴിപാടുകളെല്ലാം സൗരഭ്യവാസനയുള്ളവയാണ്. ക്രിസ്തു മരണത്തോളം അനുസരണമുള്ളവനായതും, പിതാവിന്റെ ഹിതത്തിന് സമ്പൂർണ്ണമായി വിധേയപ്പെടുത്തിയതും ഈ വഴിപാടുകൾ നമ്മോട് സംസാരിക്കുന്നു. കാളക്കുട്ടി തന്റെ സഹിഷ്ണുതയോടുകൂടിയ സഹനത്തെ ചൂണ്ടിക്കാണിക്കുന്നു. ഒരിക്കലും താൻ ലക്ഷ്യത്തിൽനിന്നു വ്യതിചലിക്കാതെ, ക്രൂശിൽ ദൈവഹിതം നിവൃത്തിയാക്കുവോളം പതറാതെ മുന്നോട്ട് ഗമിക്കുകയായിരുന്നു. അത് തന്റെ പിതാവിൽ എത്രമാത്രം സന്തോഷദായകമായിരുന്നു. ശോധനയോ പ്രതിസന്ധിയോ ഒന്നും തന്നെ അവിടുത്തെ തന്റെ ദൗത്യനിർവ്വഹണത്തിൽനിന്ന് പിൻതിരിപ്പിക്കുകയുണ്ടായില്ല. “ഞാൻ എല്ലായ്പ്പോഴും അവിടുത്തേക്ക് പ്രസാദമുള്ളത് ചെയ്യുന്നു” (യോഹ. 8:29). പാപികൾ തനിക്കെതിരെ നടത്തിയ എല്ലാതരം ആക്രമണങ്ങളെയും അവിടുന്നു നേരിടുകയുണ്ടായി; അവയൊന്നും അവിടുത്തെ ലക്ഷ്യപ്രാപ്തിയിൽനിന്ന് വ്യതിചലിപ്പിച്ചില്ല. രണ്ടു മുട്ടാടുകൾ തനിക്ക് ദൈവഹിതത്തോടുണ്ടായിരുന്ന സമർപ്പണത്തെ സൂചിപ്പിക്കുന്നു. കാളക്കുട്ടി ആ ഹിതം സാക്ഷാത്ക്കരിക്കാനുള്ള ശക്തിയെ ചൂണ്ടിക്കാണിക്കുമ്പോൾ, മുട്ടാട് അത് നിവൃത്തിക്കാനുള്ള ഇച്ഛയെ വ്യഞ്ജിപ്പിക്കുന്നു. “ദഹനയാഗമായി” എന്നത് വീണ്ടും അവിടുത്തെ സമ്പൂർണ്ണ മനുഷ്യത്വത്തെ സൂചിപ്പിക്കുന്നു; ക്രൂശിൽ മരണത്തിന് സമർപ്പിച്ചുകൊണ്ട് സമ്പൂർണ്ണമായി ദൈവത്തെ അനുസരിച്ചപ്പോൾ, അവിടുന്നു നിർവ്വഹിച്ച പ്രവൃത്തികൾക്ക് തികഞ്ഞ ശക്തി പകരുകയായിരുന്നു അതിലൂടെ സംഭവിച്ചത്. ക്രിസ്തു നിവൃത്തിയാക്കിയ പ്രവൃത്തിയുടെ ഫലമായി ദൈവത്തിനു ലഭ്യമായ സന്തോഷത്തെയാണ് പാനീയയാഗം ദ്യോതിപ്പിക്കുന്നത്. പ്രിയരേ, ഇവയോടെല്ലാം നാം ബന്ധപ്പെട്ടിരിക്കുകയാണ്, കാരണം അവ അപ്പത്തോടുചേർന്നാണ് അർപ്പിക്കുകയുണ്ടായത്.

“ഒരു കോലാട്ടുകൊറ്റനെ പാപയാഗമായും ഒരു വയസ്സ് പ്രായമുള്ള രണ്ടു ആട്ടിൻകുട്ടിയെ സമാധാനയാഗമായും അർപ്പിക്കേണം” (23:19).

പിന്നിലേക്കു നോക്കിയാൽ, നീരാജനകറ്റപ്പെരുന്നാളിനോടുള്ള ബന്ധത്തിൽ പാപയാഗത്തെപ്പറ്റി യാതൊരു പരാമർശവുമില്ലെന്ന് കാണാവുന്നതാണ്. ക്രിസ്തുവിന്റെ മരണത്തോടുകൂടി പാപത്തിന് സുശക്തമായ പരിഹാരം നൽകിക്കഴിഞ്ഞുവെന്നും, തന്റെ

പുനരുത്ഥാനത്തിൽ അതിന്റെ ആധിപത്യത്തിനു ഭംഗം വന്നുവെന്നുമുള്ള അനുഗ്രഹീത യാഥാർത്ഥ്യമാണ് ഇത് വ്യക്തമാക്കുന്നത്. ക്രിസ്തുവിന്റെ മരണത്തിലൂടെ മരണത്തിന് പരിഹാരം വന്നു; അത് എന്നന്നേക്കും നീക്കപ്പെട്ടു എന്നതിന്റെ സാക്ഷ്യമാണ് അവിടുത്തെ പുനരുത്ഥാനം (റോമർ 4:25; 8:34).

ക്രിസ്തുവിന്റെ പുനരുത്ഥാനത്തോടെ പാപത്തിന് ആത്യന്തിക പരിഹാരം വന്നുകഴിഞ്ഞു (എബ്രാ. 9:28; 10:12). എന്നാൽ നമ്മിലുള്ള സമ്മിശ്ര സ്വഭാവം നിമിത്തമാണ് പാപയാഗം ഇവിടെ ആവിഷ്ക്കരിച്ചിരിക്കുന്നത്. പുളിപ്പ് നിമിത്തം ഈ വിശുദ്ധ ഗണം ദൈവമുമ്പാകെ സ്വീകാര്യമായിത്തീരുന്നതിനാവശ്യമായ ക്രമീകരണം ചെയ്തുകഴിഞ്ഞു. ഇനി, ആരെങ്കിലും പാപം ചെയ്യുകയാണെങ്കിൽ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ സന്നിധാനത്തിൽ ഉണ്ട് (1 യോഹ. 2:1). "ഒരു കോലാട്ടുകൊറ്റനെ പാപയാഗമായി അർപ്പിക്കേണം". അതിനെ അർപ്പിക്കുകയും അതിന്റെ രക്തം ചിന്തുകയും ചെയ്യുന്നതോടെ നാം ദൈവമുമ്പാകെ ശുദ്ധീകരിക്കപ്പെട്ടവരായി നിലകൊള്ളുന്നു. ദൈവത്തിന് ചെയ്യുന്ന നമ്മുടെ ശുശ്രൂഷയിൽ ധൈര്യം പകരുവാൻ പോരുന്നതാണിത്. "ഒരു കോലാട്ടുകൊറ്റനെ". "ഓരോ ആട്ടിൻകുട്ടിയെ വീതം എടുക്കണ"മെന്ന് പുറപ്പാട് 12-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. എന്തുകൊണ്ടാണ് ചെമ്മരിയാടിനെ എടുക്കണമെന്ന് പലപ്രാവശ്യം പറയുന്നതിനോടൊപ്പം, കോലാടിനെ അവഗണിക്കുകയും ചെയ്തതായി ഈ അദ്ധ്യായത്തിൽ കാണുന്നത്? ചെമ്മരിയാടിനെയോ കോലാടിനെയോ തിരഞ്ഞെടുക്കാനുള്ള സാവകാശം യിസ്രയേലിനുണ്ടായിരുന്നു. എന്തുകൊണ്ട്? ഒന്നു മറ്റൊന്നിന്റെ മറുവശമെന്നാണ് നമുക്കു പറയാൻ കഴിയുക. ചെമ്മരിയാടിൽ കർത്താവ് മരിക്കുവാൻ പ്രദർശിപ്പിച്ച സന്നദ്ധത നാം കാണുന്നു; എന്നാൽ, കോലാടിലാകട്ടെ, മരിക്കാനുള്ള തന്റെ സാമർത്ഥ്യമാണ് നിഴലിട്ടുനിൽക്കുന്നത്. മോശ പലപ്പോഴും ജനത്തിനുവേണ്ടി സന്നദ്ധനായത് കാണുന്നുണ്ട്, പക്ഷെ, അതിന് താൻ സാമർത്ഥ്യമുള്ളവനല്ലായിരുന്നു (പുറ. 33:32). ഇതേ നിലപാടുതന്നെ പൗലോസും സ്വീകരിച്ചതായി വായിക്കുന്നുണ്ട് (റോമർ 9:3); എങ്കിലും താൻ അതിനു പ്രാപ്തനല്ലായിരുന്നു. ദൈവത്തിന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. ക്രിസ്തു അതിനു സന്നദ്ധനായതിനോടൊപ്പം, സമർത്ഥനുമായിരുന്നു. ക്രിസ്തുവിൽ ചെമ്മരിയാടിന്റെയും കോലാടിന്റെയും നിഴൽ സാക്ഷാത്ക്കരിക്കപ്പെട്ടു. ദൈവത്താൽ നിയുക്തമായ പെസഹ കുഞ്ഞാട് എന്നൊരു കമനീയ ഗാനമുണ്ട്. ദൈവത്താൽ നിയുക്തമായ പെസഹ കോലാട് എന്നു എന്തുകൊണ്ട് പാടുന്നില്ല? സമുചിതമായൊരു സാദൃശ്യം. ഇവിടെ, ചെമ്മരിയാടല്ല, കോലാടത്രെ പ്രതിപാദ്യം.

"സമാധാനയാഗം അർപ്പിക്കേണം". സമാധാനയാഗം കൂട്ടായ്മയെ ചൂണ്ടിക്കാണിക്കുന്നു എന്നത് പ്രഖ്യാതമാണല്ലോ. ക്രിസ്തുവിന്റെ മരണത്തിന്റെ അടിസ്ഥാനത്തിൽ, ഇന്നു മഹനീയമായൊരു കൂട്ടായ്മ യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്നു. ഇതിനു മുമ്പ് ഈ അദ്ധ്യായത്തിൽ ഈ വഴിപാട് പരാമർശിച്ചിട്ടില്ല. ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്ത് മഹത്വീകരിക്കപ്പെട്ടവനായി ആരോഹണം ചെയ്തശേഷം പരിശുദ്ധാത്മാവ് പെന്തക്കോസ്തുനാളിൽ ഈ ഭൂമിയിലേക്ക് ഇറങ്ങിവന്നു വിശ്വാസികളിൽ ആവസിക്കുവോളം കൂട്ടായ്മ ആരംഭിക്കുകയുണ്ടായില്ല. പെന്തക്കോസ്തിൽ സമാരംഭിക്കപ്പെട്ട ഈ കൂട്ടായ്മ പിന്നീട് അവർ തുടർന്നതായും അപ്പോസ്തലന്മാരുടെ ഉപദേശം പഠിച്ച് അവർ മുന്നേറിക്കൊണ്ടിരുന്നതായും നാം അപ്പോസ്തലപ്രവൃത്തികൾ രണ്ടാം അദ്ധ്യായത്തിൽ വായിക്കുന്നുണ്ട് (2:42). ദൈവാത്മാവിന്റെ ശക്തിയിൽ മാത്രം അനുഭവവേദ്യ

മായിത്തീരുന്ന ഒന്നത്രെ ഈ കൂട്ടായ്മ. നാം ഉൾപ്പെട്ട പ്രാദേശിക സഭകളിൽ ഇത്തരം കൂട്ടായ്മകളുണ്ട് (1 കൊരി. 1:9). “തന്റെ പുത്രനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ”. പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിന്റെ സഹായത്തോടെ വ്യക്തിപരമായി നാം സംസർഗ്ഗം പുലർത്തുമ്പോഴും ഈ കൂട്ടായ്മ നമ്മുടെ ആത്മാവിന് അനുഭവിക്കുവാൻ ഇടയായിത്തീരുന്നു. സമാധാനയാഗത്തിന്റെ പ്രതീകമായ ക്രിസ്തുവാണ് എല്ലാറ്റിന്റേയും കേന്ദ്രം. ഈ മഹത്തായ പദവിയുടെ ഏറ്റവും സമുചിതമായ വിശദീകരണം ലൂക്കോസ് 15–ാം അദ്ധ്യായത്തിലുണ്ട്. പിതാവിനെയും പുത്രനെയും, ഒപ്പം കൊഴുപ്പിച്ച കാളക്കുട്ടിയെ അറുത്തു പാകം ചെയ്ത ഭക്ഷണത്തിൽനിന്ന് പങ്കാളികളായിത്തീർന്ന എല്ലാവരും ചേർന്ന് സന്തോഷിക്കുന്നതായി നാം വായിക്കുന്നു. ഇന്നത്തെ ക്രിസ്തീയതക്ക് ഒരു ചിത്രീകരണമാണിത്.

“പുരോഹിതൻ അവയെ ആദ്യവിളവിന്റെ അപ്പത്തോടും രണ്ടാട്ടിൻകുട്ടിയോടും കൂടെ യഹോവയുടെ സന്നിധിയിൽ നീരാജനം ചെയ്യേണം. അവ പുരോഹിതനുവേണ്ടി യഹോവക്ക് വിശുദ്ധമായിരിക്കേണം” (23:20).

യഹോവയുടെ “മുമ്പാകെ” ഇവ നീരാജനം ചെയ്യുന്നതിലൂടെ ദൈവത്തിന്റെ നയനങ്ങൾ അവയിൽ പതിയുന്നു. ദൈവമുമ്പാകെ തന്റെ പുത്രന്റെ സവിശേഷതകളും, അപ്പത്തോടുകൂടെ നിരാജനം ചെയ്യപ്പെടുകയുണ്ടായി; ഈ അപ്പം ആരെപ്പറ്റി സൂചിപ്പിക്കുന്നുവോ, അവർ ദൈവസന്നിധിയിൽ കൃപയുള്ളവരായിത്തീരേണ്ടതിനത്രെ. മോശയുടെ ഗ്രന്ഥങ്ങളിൽ അവർത്തിച്ചു പ്രതിപാദിച്ചിരിക്കുന്ന നാലു പ്രസ്താവനകളുണ്ട്; ആ വാക്കുകളെപ്പറ്റിയുള്ള വിശദീകരണം ഒരു സഹായമായിത്തീരാനിടയുണ്ട്. “യഹോവയോ”, “യഹോവയിൽനിന്ന്”; “യഹോവയുടെ മുമ്പാകെ”; “യഹോവയോട്”. “യഹോവയോ” എന്നതിന് തൊട്ടുപിന്നാലെ “മോശയോട് കൽപ്പിച്ചു” എന്നു കാണുക പതിവാണ്. നമ്മുടെ പങ്കാളിത്തത്തെയാണ് ഇത് സൂചിപ്പിക്കുന്നത് – അനുസരണം. “യഹോവയിൽ നിന്ന്” ലക്ഷ്യം എന്തൊക്കെയാണെങ്കിലും ദൈവത്തിൽ നിന്നാണ് അത് ഉത്ഭവിച്ചതെന്ന് സാരം. “യഹോവയുടെ മുമ്പാകെ” എന്നത്, അവിടുത്തെ സവിധത്തിൽ തന്റെ പ്രമോദത്തിന് നാം ചെയ്യുന്നതെന്തോ അതിനെ ചൂണ്ടിക്കാണിക്കുന്നു. “യഹോവയോട്” എന്ന പ്രയോഗം, നാം നേരിട്ട് യഹോവക്ക് ചെയ്യുന്നതെല്ലാം ഉൾപ്പെടുന്നു. ആകയാൽ, കർത്താവിന് നാം ചെയ്യുന്ന ശുശ്രൂഷ, അനുസരണം, നമ്മുടെ നിലപാട്, സ്തുതി, സ്തോത്രങ്ങൾ നാം അവിടുത്തേക്ക് അർപ്പിക്കുന്നത് സൂചിപ്പിക്കുന്നു. ഇതാണ് ക്രമമെന്ന് തോന്നുന്നു.

ഈ ദാനങ്ങൾ നീരാജനം ചെയ്തു കഴിയുമ്പോൾ, അവ പുരോഹിതനുവേണ്ടി യഹോവക്ക് വിശുദ്ധമായിരിക്കേണം എന്നു നാം കാണുന്നു. ഈ സംഗതികളെല്ലാമാണ് പൗരോഹിത്യം നിലനിർത്തുന്നത് – ക്രിസ്തുവും തന്റെ ജനത്തോട് ബന്ധപ്പെട്ടവയുമെല്ലാം. അവിടുത്തേക്ക് ജനത്തെ മാറ്റിനിർത്തിക്കൊണ്ടൊരു പൗരോഹിത്യമില്ലല്ലോ. അങ്ങനെയൊരു വിഷയം ലഭിക്കുന്നില്ല. കറ്റ നീരാജനം ചെയ്യുന്നതോടെ പുരോഹിതൻ എങ്ങനെ പങ്കാളിയായിത്തീരുന്നു എന്നു നാം കാണുന്നുവല്ലോ. ക്രിസ്തുവാണ് കൃപാസനത്തിലേക്ക് കടന്നു പുതിയൊരു പാത നമുക്കുവേണ്ടി തുറന്നുതന്നത്. അവിടുന്നു ദൈവസന്നിധിയിലേക്കു പ്രവേശം സാധ്യമാക്കിത്തീർത്തു. എന്നാൽ ക്രിസ്തീയ സംഘത്തോടു ചേർന്നു മാത്രമേ ഈ പൗരോഹിത്യം സജീവമാകുന്നുള്ളു എന്ന് ഈ

വഴിപാട് ചൂണ്ടിക്കാണിക്കുന്നു. ഈ വിഷയം ഭംഗിയായി കൈകാര്യം ചെയ്തിരിക്കുന്ന പുസ്തകം എബ്രായ ലേഖനമാണ്. അതിന്റെ ഒമ്പതാം അദ്ധ്യായത്തിൽ, സ്വന്ത രക്തത്താൽ തന്നെ ഒരിക്കലായിട്ട് വിശുദ്ധ മന്ദിരത്തിൽ ക്രിസ്തു പ്രവേശിച്ചു എന്നന്നേക്കുമുള്ള വീണ്ടെടുപ്പ് സാധിപ്പിച്ചു എന്നു നാം വായിക്കുന്നു (9:12). ഈ വിഷയത്തിന് ഉത്തരമായി 10-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 19-ാം വാക്യത്തിലേക്ക് പ്രവേശിക്കുവാൻ നമ്മോട് ബുദ്ധിയുപദേശിക്കുന്നു. പൗരോഹിത്യ പ്രതിഷ്ഠാവേളയിൽ അഹരോൻ കാണപ്പെടുന്നതുപോലെ, തേജസ്സും മഹത്വവും അണിഞ്ഞവനായി നാം ക്രിസ്തുവിനെ അവിടെ കാണുന്നു. എന്നാൽ 10-ാം അദ്ധ്യായത്തിൽ, അഹരോന്റെ പുത്രിമാരോടുള്ള ബന്ധത്തിൽ അവിടുന്നു കാണപ്പെടുന്നത് ഒരു സംഘത്തോടുചേർന്നാണ്. നമുക്കുവേണ്ടിയാണ് അവിടുന്നു അവിടെയായിരിക്കുന്നത്. ഇതാണ് പ്രാതിനിധ്യം. എന്നാൽ 10-ാം അദ്ധ്യായത്തിൽ അവിടെ നമുക്കും സ്ഥാനമുള്ളതായി കാണുന്നു. ഇതാണ് കൂട്ടായ്മ. അഹരോന് ഒരു സെറ്റ് വസ്ത്രം മാത്രമല്ല, മക്കളും ഉണ്ടല്ലോ. തന്റെ വസ്ത്രങ്ങൾ നിർമ്മിക്കപ്പെട്ടത് ജനത്തെ ദൈവസന്നിധിയിൽ പ്രതിനിധാനം ചെയ്യേണ്ടതിനായിരുന്നു. അദ്ദേഹത്തിന് അവിടെ പോകുവാൻ കഴിയുമായിരുന്നു; അതേസമയം വസ്ത്രത്തിന് കഴിയുകയില്ലായിരുന്നുവല്ലോ. തന്റെ പുത്രന്മാരെ അഭിഷേകം ചെയ്തത് അവർക്കും അഹരോന്റെ പൗരോഹിത്യാവകാശങ്ങളിൽ പങ്കാളിത്തം ലഭിക്കേണ്ടതിനായിരുന്നു. പ്രാതിനിധ്യത്തിൽ തൃപ്തരായി, കൂട്ടായ്മയുടെ സൗഭാഗ്യം ആനന്ദിക്കുവാൻ നമുക്ക് സാധിക്കാതെ പോകുന്നുണ്ടോ? 9-ഉം 10-ഉം അദ്ധ്യായങ്ങൾ തമ്മിലുള്ള വ്യത്യാസം ഇതാണ്. പുരോഹിതൻ എന്ന നിലയ്ക്ക് അവിടുന്നു പ്രവേശിച്ചുകഴിഞ്ഞു. അതിനാൽ, പുരോഹിതന്മാരെന്നവണ്ണം, നമുക്കും അകത്തു പ്രവേശിക്കാം. ആകയാൽ "അടുത്തു ചെല്ലുക" എന്ന പ്രബോധനം നാം കാണുന്നു.

"അന്നുതന്നെ നിങ്ങൾ വിശുദ്ധ സഭായോഗം വിളിച്ചുകൂട്ടേണം; അന്ന് സാമാന്യ വേല യാതൊന്നും ചെയ്യരുത്; ഇത് നിങ്ങളുടെ സകല വാസസ്ഥലങ്ങളിലും തലമുറ തലമുറയായി നിങ്ങൾക്കു എന്നേക്കുമുള്ള ചട്ടം ആയിരിക്കേണം" (23:21).

ഈ പെരുന്നാളിനോടനുബന്ധമായി നടക്കുന്ന വിശുദ്ധ സഭായോഗത്തിലേക്കാണ് നാം അടുത്തതായി പ്രവേശിക്കുന്നത്. ഐഹിക ജീവിതത്തിൽ എന്തെല്ലാം ഉത്തരവാദിത്വങ്ങൾ വ്യക്തിപരമായി നമുക്കുണ്ടെങ്കിലും, തന്റെ ജനം ഒരുമിച്ചുചേർന്നു ആരാധിക്കുന്നതിൽ ദൈവം എത്രമാത്രം സന്തോഷിക്കുന്നു എന്നത് നാം ഒരിക്കലും മറന്നുപോകരുത്. ദൈവത്തെ പ്രീതിപ്പെടുത്തിക്കൊണ്ടാണ് നാം നടക്കുന്നതെങ്കിൽ, വിശുദ്ധ സഭായോഗത്തിന് നാം അർഹമായ പ്രാധാന്യം കൽപ്പിക്കുകതന്നെ ചെയ്യും. എല്ലാത്തരം കടപ്പാടുകളിൽനിന്നും, ബദ്ധപ്പാടുകളിൽനിന്നും സ്വതന്ത്രമായി ക്രിസ്തുവിൽ നമുക്കുള്ള അവകാശത്തെ ആസ്വദിക്കേണ്ടതിന് അവിടുത്തെ സവിധത്തിൽ കടന്നുവരുന്നത് എത്ര വലിയ പദവിയാണ്. ദാസ്യവേല ചെയ്യേണ്ടതിന് ക്രിസ്തുവിന്റെ ശുശ്രൂഷകന്മാരായിത്തീരാനല്ല, ദാസന്മാരെന്നവണ്ണം ദൈവത്തെ ആരാധിക്കാനുമല്ല, പ്രത്യുത, ആത്മാവിനാൽ പുത്രത്വത്തിന്റെ സ്വാതന്ത്ര്യത്തിൽ ആത്മാവിൽ പിതാവിനെ സ്തുതിക്കാനും ആനന്ദിക്കാനും അത്രെ. ഇങ്ങനെ നാം വിശുദ്ധസഭായോഗത്തിലായിരിക്കുമ്പോൾ അത് ദൈവമുമ്പാകെ സത്യത്തിന്റെ ഉത്സമായിരിക്കും.

"എന്നേക്കുമുള്ള ചട്ടം" ദൈവീക വിഷയങ്ങളിൽ നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനെതിരെയുള്ള മുന്നറിയിപ്പുകളാണിത്. ക്രിസ്തു നിവൃത്തിച്ചതും, ക്രിസ്തീയ

സഭയിൽ ഇന്ന് അനുഭവവേദ്യമാക്കിത്തീർന്നതുമെല്ലാം നിഴലുകളായി, മഹനീയ പ്രതീകങ്ങളായി, ഈ പെരുന്നാളിൽ പ്രകാശിപ്പിച്ചിരിക്കുന്നു. ഈ യുഗാരംഭത്തിൽ ഇതു സംബന്ധിച്ച യാഥാർത്ഥ്യങ്ങളെല്ലാം പ്രകടമായിരുന്നു; അതു അന്ത്യത്തോളം നിലനിർത്തിയാൽ നാം ബുദ്ധിയുള്ളവരായിരിക്കും. ഇതു കേവലം വാസസ്ഥലങ്ങളിൽ പരിമിതപ്പെടുത്താതെ, എന്നേക്കും നിലനിർത്തേണ്ടതാണ്. ഈ പെരുന്നാൾ പഴഞ്ചനാണെന്നു പറയുന്ന പുതിയ തലമുറ വരാനിടയുണ്ട്. ഈ യഹോവയുടെ ഉത്സവത്തെ യഹൂദന്മാരുടെ ഉത്സവമാക്കിത്തീർത്തത് ഇത്തരത്തിലൊരു നീചമായ പ്രവൃത്തിയല്ലെന്നു ആർക്കു പറയാൻ കഴിയും? എന്നേക്കുമുള്ള ഒരു ചട്ടം നൽകിയതിലൂടെ മേൽപ്പറഞ്ഞതുപോലുള്ള ദുഷ്പ്രവണതയിൽനിന്ന് ജനത്തെ വ്യതിചലിപ്പിക്കാൻ സാധിക്കുന്നു. വിശേഷിച്ചു ഉൽപതിഷ്ണുക്കളുടെ വർദ്ധിതമായ സാന്നിധ്യമുള്ള ഇന്ന്, വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടുവാൻ “നാം കൂടുതൽ ദത്തശ്രദ്ധരായിരിക്കേണ്ടതാണ്” (യൂദാ. 3). അങ്ങനെ ചെയ്താൽ, പുതിയ ഭോജനയാഗം അനുഷ്ഠിക്കുന്നവരെന്നവണ്ണം നമ്മുടേതായ എല്ലാ ഉത്തരവാദിത്വങ്ങളും ആനന്ദവും നമുക്ക് യഥായോഗ്യം വിനിയോഗിക്കാൻ സാധിക്കും; ഈ സംഗതികളെല്ലാം മനസ്സിൽ വെച്ചുകൊണ്ട്, അവയെല്ലാം യാഥാർത്ഥ്യമാണെന്ന് ഉറപ്പാക്കിക്കൊണ്ട്, നമുക്ക് ഉത്സവം ആചരിക്കാം.

യുഗപരമായി, ഈ നാലു പെരുന്നാളുകളും ഇന്ന് ദൈവം ചെയ്തുകൊണ്ടിരിക്കുന്ന കാര്യപരിപാടിയോളം എത്തിക്കുന്നു. ഒരു ജനത്തെ ദൈവത്തിനു വീണ്ടെടുക്കുന്നതോടെ ആരംഭിക്കുന്ന പെസഹ പെരുന്നാളാണ് ഒന്നാമത്തേത്. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ – നമ്മുടെ ആത്മാവിന്റെ ആഹാരമെന്നവണ്ണം ക്രിസ്തുവിൽ നിന്ന് പോഷണം സ്വീകരിച്ച് പ്രായോഗികമായി എല്ലാത്തരം തിന്മകളും ഉരിഞ്ഞുകളയുന്നത്.

ആദ്യഫലകറ്റപ്പെരുന്നാൾ – പുനരുത്ഥാനം പ്രാപിച്ച ക്രിസ്തു. ഭോജനയാഗം – മരിച്ചവരിൽ നിന്ന് ഉയിർത്ത ക്രിസ്തു സ്വർഗ്ഗത്തിൽ കയറിയതിനുശേഷം അയച്ച പരിശുദ്ധാത്മാവ് പെന്തക്കോസ്തുനാളിൽ അവരോഹണം ചെയ്തു രൂപീകൃതമായ ദൈവസഭ ക്രിസ്തുവിനോടുചേർന്നു നിന്നുകൊണ്ട് തന്റെ സവിശേഷ ഗുണങ്ങൾ പ്രദർശിപ്പിക്കുന്നത്. ഇതാണ് ക്രിസ്തീയ സഭ – ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ മുതലാണ് നമ്മുടെ ദിവസം സമാരംഭിക്കുന്നത്. ക്രിസ്തുവിന്റെ കാഹളധ്വനി മദ്ധ്യാകാശത്തിൽ മുഴങ്ങുവോളം നാം ഇവിടെയുണ്ടായിരിക്കും. നമ്മുടെ സ്ഥാനം സ്വർഗ്ഗത്തിലേക്ക് മാറ്റപ്പെടേണ്ടതിന് അതോടെ നാം ഇവിടെനിന്ന് തിരോഭവിക്കും. യിസ്രയേലും വിജാതീയരിൽനിന്ന് ഒരു ഭാഗവും അതിനുശേഷം ദൈവത്തിന്റെ സാക്ഷ്യം വഹിക്കേണ്ടതിന് ഇവിടെനിന്നും എഴുന്നേൽക്കും, വിജാതീയരെപ്പറ്റി ഇവിടെ യാതൊരു പരാമർശവും കാണുന്നില്ലെങ്കിലും. ഇതിലേക്ക് വെളിപാടു പുസ്തകത്തിൽനിന്ന് നാം തെളിവുകൾ കണ്ടെത്തേണ്ടിയിരിക്കുന്നു (7:9–17). അങ്ങനെ ആദ്യത്തെ നാലു പെരുന്നാളുകളുടെ നിവൃത്തി ക്രിസ്തീയ സഭയിൽ നാം കാണുന്നു. ഇനി വരാനിരിക്കുന്ന ലോകത്തിൽ യിസ്രയേൽ വീണ്ടും ദൈവം തങ്ങൾക്കുവേണ്ടി നിയോഗിച്ച കാലഘട്ടത്തിലാകുമ്പോൾ അവസാനത്തെ മൂന്നു പെരുന്നാളുകളുടെ നിവൃത്തീകരണമാകും (എബ്രാ. 2:5). സഭ മഹത്വീകരിക്കപ്പെടുന്നതിനും, ആ മഹത്വീകരണം വരാനിരിക്കുന്ന ദൈവരാജ്യത്തിൽ പ്രദർശിക്കപ്പെടുന്നതിനും ഇടയിൽ ഒരു പ്രത്യേക കാലഘട്ടം ഉണ്ടായിരിക്കും. അതിനാൽ യിസ്രയേലിന്റെ പുനരുജ്ജീവ

നവും, അവരുടെ ദേശീയ മാനസാന്തരവും, ആത്യന്തിക വിമോചനവും അടുത്ത മൂന്ന് ഉത്സവങ്ങളിൽ നിഴലായി നിൽക്കുന്നു. അവയെപ്പറ്റി പരാമർശിക്കുന്നതിന് മുമ്പ്, 22-ാം വാക്യത്തെപ്പറ്റി ഏതാനും സംഗതികൾ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. പുതിയ വിവർത്തനത്തിൽ ഇത് ഒരേ ഖണ്ഡികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് - പുതിയ ഭോജനയാഗത്തോടൊപ്പം. ആദ്യത്തെ നാലു പെരുന്നാളുകളോട്, ഇതും ബന്ധപ്പെട്ടുതന്നെ പോകുന്നു എന്നർത്ഥം.

"നിങ്ങളുടെ നിലത്തില വിളവ് എടുക്കുമ്പോൾ വയലിന്റെ അരികെ തീരത്തു കൊയ്യരുത്; അതു ദരിദ്രർക്കും പരദേശികൾക്കും വിട്ടേക്കണം. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു" (23:22).

യിസ്രയേലിന്റെ അനുഗ്രഹത്തിൽ പങ്കചേരാൻ വിജാതീയർക്കു അവസരം ലഭിക്കുന്നതിനെയാണ് ഈ വാക്യം സൂചിപ്പിക്കുന്നതെന്ന് ചിലർ വ്യാഖ്യാനിക്കുന്നു; എന്നാൽ ഈ വേദഭാഗത്തിന് ഈ ഒരു അർത്ഥമില്ല. എന്തുകൊണ്ട്? ഇന്നത്തെ അനുഗ്രഹങ്ങൾ യിസ്രയേലിനു നൽകിയിരിക്കുന്ന വാഗ്ദാനങ്ങൾക്കു അത്യന്തം അതീതമായിപ്പോകുന്നവയാണ്. മഹത്തായ ഈ കൃപായുഗാനന്തരം ദൈവ നാമത്തെ ഉയർത്തിപ്പിടിക്കുന്ന ഒരു ശേഷിപ്പ് ജാതികളിൽനിന്ന് ഉയർന്നുവരികയും, അവർ യിസ്രയേലിനോടുള്ള ബന്ധത്തിൽ വരാനിരിക്കുന്ന ലോകത്തിൽ ദൈവീക കാര്യപരിപാടിയുടെ പങ്കാളിത്വം വഹിക്കേണ്ടിയിരിക്കുന്നു എന്നു നാം മനസ്സിലാക്കുന്നു. അഞ്ച് അപ്പവും രണ്ട് മീനും കൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചതിനുശേഷം പ ന്ത്രണ്ട് കൊട്ട അവശേഷിപ്പിച്ചതിനെപ്പറ്റി നാം വായിക്കുന്നുണ്ടല്ലോ (മർക്കോസ് 14). അവ ഓരോന്നും യിസ്രയേൽ 12 ഗോത്രങ്ങൾക്കും വേണ്ടിയായിരുന്നു. മത്തായി സുവിശേഷത്തിന്റെ ആദ്യത്തെ 10 അദ്ധ്യായങ്ങളിൽ ഈ അവശേഷിച്ച കഷണങ്ങളെപ്പറ്റി വിവക്ഷിച്ചിരിക്കുന്നതായി നാം മനസ്സിലാക്കുന്നു. "മനുഷ്യപുത്രൻ വരുവോളം നിങ്ങൾ യിസ്രയേൽ പട്ടണങ്ങളെ സഞ്ചരിച്ചു തീരുകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്താ. 10:23). ക്രിസ്തു തിരസ്കരിക്കപ്പെട്ടതിനാൽ ഈ നിയോഗം ഒരിക്കലും പ്രായോഗികമാക്കാൻ സാധിച്ചില്ല. എന്നാൽ തന്റെ മരണപുനരുത്ഥാനത്തിനുശേഷം അവർക്ക് മറ്റൊരു നിയോഗം നൽകിയതായി 28-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. ദൈവസഭയുടെ തിരോധാനാനന്തരം യിസ്രയേലിലെ ശേഷിപ്പ് 10-ാം അദ്ധ്യായത്തിൽ പരാമർശിച്ചിരിക്കുന്ന നിയോഗദൗത്യം ഏറ്റെടുക്കുമെന്നതിന് യാതൊരു സംശയവുമില്ല. മശിഹായുടെ ആഗമനത്തിന് മുന്നോടിയായുള്ള ഒരുക്കമാണിത്. ഇത് മറ്റൊരു ശ്രദ്ധേയമായ വിഷയത്തിലേക്ക് വിരൽ ചൂണ്ടുന്നു, മശിഹായുടെ വഴി ഒരുക്കുന്നതിന് യോഹന്നാൻ സ്നാപകൻ തെരഞ്ഞെടുക്കപ്പെട്ടുവല്ലോ, യിസ്രയേൽ വീണ്ടും മശിഹായുടെ പുനരാഗമനത്തിനു മുമ്പ് പ്രത്യേകിച്ചൊരു കാലഘട്ടത്തിലൂടെ കടന്നുപോകേണ്ടതുണ്ടെന്ന് നാം കാണുന്നു; അതത്രെ യോഹന്നാൻ സ്നാപകന്റെ ചരിത്രത്തിലൂടെ നാം കാണുന്നത്. എന്നാൽ അടുത്ത പ്രാവശ്യത്തെ ഫലം വ്യത്യസ്തമത്രെ.

പഴയ നിയമത്തിന്റെ അവസാന പുസ്തകത്തിൽ, യഹോവയുടെ ദിവസം ആഗതമാകുന്നതിന് മുമ്പ്, താൻ ഏലിയാവിനെ അവർക്ക് അയയ്ക്കും എന്നൊരു വാഗ്ദാനം നൽകിയിരിക്കുന്നു (മലാഖി 4: 5). യോഹന്നാൻ സ്നാപകൻ ഈ വാഗ്ദത്തിന്റെ നിവൃത്തിയായിരുന്നു എന്നു വ്യക്തമാണ്. യോഹന്നാന്റെ ജനനം പ്രഖ്യാപിച്ചുകൊണ്ട് ദൈവദൂതൻ പറയുന്നു: "അവൻ അവനുമുമ്പായി ഏലിയാവിന്റെ ആത്മാവോടും ശക്തിയോടുംകൂടെ നടക്കും". യോഹന്നാനെപ്പറ്റി പരാമർശിക്കവേ, ക്രിസ്തു പറഞ്ഞു: "നിങ്ങൾക്കു

ഗ്രഹിക്കാൻ മനസ്സുണ്ടെങ്കിൽ വരുവാനുള്ള ഏലിയാവ് അവൻ തന്നെ" (മത്താ. 11:14). "എന്നാൽ ഏലിയാവ് വന്നു കഴിഞ്ഞു എന്നു ഞാൻ നിങ്ങളോട് പറയുന്നു; എങ്കിലും അവർ അവനെ അറിഞ്ഞുകൊള്ളാതെ തങ്ങൾക്കു തോന്നിയതെല്ലാം അവനോട് ചെയ്തു. അവ്വണ്ണം മനുഷ്യപുത്രനും അവരാൽ കഷ്ടപ്പെടുവാനുണ്ട് എന്ന് ഉത്തരം പറഞ്ഞു" (മത്താ. 17:12) എന്ന് കർത്താവ് തന്റെ ശിഷ്യന്മാരോട് വീണ്ടും പറയുന്നു. പരീശന്മാർ താൻ ഏലിയാവാണോ എന്നു ചോദിച്ചപ്പോൾ, "ഞാനല്ല" എന്ന് യോഹന്നാൻ പറഞ്ഞത് ശ്രദ്ധേയമാണ് (യോഹ. 1:21). എന്തുകൊണ്ട്? അതിന്റെ ഉത്തരം കർത്താവ് നൽകിക്കഴിഞ്ഞു: നിങ്ങൾക്കു ഗ്രഹിക്കാൻ കഴിയുമെങ്കിൽ". അതിനാൽ തന്നെ സ്വീകരിച്ചവർക്കെല്ലാം യോഹന്നാൻ ഏലിയാവായിരുന്നു. തന്നെ നിരസിച്ചവർക്ക് അവൻ ഏലിയാവല്ല. താൻ ഏലിയാവാണോ എന്ന് ചോദിച്ചവർ തന്നെയാണ് തന്റെ സാക്ഷ്യത്തെ നിഷേധിക്കുകയും, പിന്നീട് താൻ സാക്ഷ്യം വഹിച്ച വ്യക്തിയെ ക്രൂശിച്ചതും. അവരെ സംബന്ധിച്ചിടത്തോളം അവൻ തീർച്ചയായും ഏലിയാവായിരുന്നില്ല. എന്നാൽ യേശുവിനെ മശിഹായായി അംഗീകരിച്ച സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അവൻ ഏലിയാവു തന്നെ. അങ്ങനെ യോഹന്നാനിൽ മലാഖിയുടെ പ്രാവചനിക പ്രഖ്യാപനത്തിന്റെ നിവൃത്തി കാണുന്നു. ഈ വസ്തുതയ്ക്ക് കർത്താവ് വീണ്ടും സാക്ഷ്യം വഹിക്കുന്നു. മശിഹായിലേക്ക് ചൂണ്ടിക്കാണിച്ച എല്ലാ പഴയനിയമം പ്രവചനങ്ങളുടെയും സംഗ്രഹം അവനായിരുന്നു. "സകല പ്രവാചകന്മാരും ന്യായപ്രമാണവും യോഹന്നാൻ വരെ പ്രവചിച്ചു" (മത്താ. 11:13). ദൈവത്തിന്റെ ക്രിസ്തുവിനെ അവതരിപ്പിക്കുവാൻ ദൈവം വാഗ്ദാനം ചെയ്ത എല്ലാറ്റിന്റേയും മഹനീയ ഉത്തരം അവനിൽ ആയിരുന്നു നിക്ഷിപ്തമായിരുന്നത്. പഴയ നിയമത്തിന്റെ പ്രാവചനിക വചനങ്ങൾക്കനുസ്രുതമായി യിസ്രയേലിനു ദൈവരാജ്യം ആവിഷ്ക്കരിക്കുന്നത് യോഹന്നാനിൽ തുടങ്ങി കർത്താവിന്റെ പ്രാരംഭകാല ശുശ്രൂഷയിൽ മുന്നേറിയതായി നാം കാണുന്നു. മത്തായി സുവിശേഷത്തിൽ ഈ വിഷയം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഒരു പ്രതിസന്ധി കടന്നുകൂടി. യോഹന്നാൻ സാക്ഷ്യം വഹിച്ചവനെ തങ്ങൾ അംഗീകരിക്കുകയില്ലെന്നു യോഹന്നാനെ നിഷേധിച്ചവർ വ്യക്തമാക്കുകയുണ്ടായി; ഈ സുവിശേഷത്തിന്റെ 11–ാം അദ്ധ്യായത്തിലേക്കു വരുമ്പോൾ, രാജാവ് തിരസ്കരിക്കപ്പെട്ടതായി നാം മനസ്സിലാക്കുന്നു. "അനുഗ്രഹിക്കപ്പെട്ടവന്റെ അനുഗ്രഹിക്കപ്പെട്ടവൻ" എന്ന് ഉരുവിട്ടവരുടെ അധരങ്ങളിൽനിന്നു തന്നെ "കഷ്ടം, കഷ്ടം" എന്ന വാക്കുകൾ നാം കേൾക്കുന്നു (മത്താ. 5:3; 11:21). 11–ാം അധ്യായത്തിൽ യിസ്രയേൽ തങ്ങളുടെ രാജാവിനെ തിരസ്കരിക്കുമ്പോൾ, രാജാവ് യിസ്രയേലിനെ തിരസ്കരിക്കുന്നതായി 12–ാം അദ്ധ്യാത്തിൽ നാം വായിക്കുന്നു. തുടർന്ന് "എന്റെ സഭ" എന്ന് നമ്മുടെ കർത്താവ് പറയുന്ന പുതിയ പാത്രം അനാവരണം ചെയ്യുന്ന കാര്യം 13–18 വരെയുള്ള അദ്ധ്യായങ്ങളിൽ കാണുന്നു. (16:18). പഴയ നിയമ പ്രവചനത്തോടുള്ള ദൈവരാജ്യത്തിന്റെ ആവിർഭാവം കുറേ കാലത്തേക്ക്, കർത്താവിന്റെ ശുശ്രൂഷയിൽ, വിച്ഛേദിക്കപ്പെടുകയും, സഭ അതോടെ ആവിർഭവിക്കുകയും ചെയ്യുന്നതായി നാം കാണുന്നു. ഈ യാഥാർത്ഥ്യം വ്യക്തമാക്കിയതിന്റെ വെളിച്ചത്തിൽ, പിന്നീട് യേശു തന്നെ മശിഹായെന്നു വെളിപ്പെടുത്തരുതെന്ന് തന്റെ ശിഷ്യന്മാരോട് കൽപ്പിക്കുന്നു (മത്താ. 26:20). അവിടുന്നു സഭയെപ്പറ്റി പ്രസ്താവിച്ചു; അതിന്നുവേണ്ടിയായിരുന്നു താൻ കഷ്ടപ്പെട്ടിരുന്നതും, അതിനാൽ, മശിഹായെന്നവണ്ണം താൻ യിസ്രയേലിന് ആവിഷ്ക്കൃതമാകുന്നത്, ഈ യുഗം പരിസമാപ്തിയിലെത്തുവോളം, മാറ്റിവെയ്ക്കപ്പെടേണ്ടിയിരിക്കുന്നു. അത് പുനരാരംഭിക്കുമ്പോൾ, അവിടുന്നു ഒരിക്കൽകൂടി യിസ്രയേലിലേക്ക് തിരിയും. എങ്ങനെയാണ് അവിടുന്നു വീണ്ടും ആരം

ഭിക്കുക? അവിടുന്നു ആദ്യം ആരംഭിച്ചതുപോലെ തന്നെയാണെന്നു കരുതാം, മത്തായി സുവിശേഷത്തിലെ പ്രാരംഭ അദ്ധ്യായങ്ങളിലേതുപോലെ. അതിന്റെ ഭാവിബന്ധം വെളിപാട് 11–ൽ കാണുന്നു. അന്നത്തെ സംയുക്തമായ രണ്ടു സാക്ഷികൾ മോശയും ഏലിയാവും ആണ്. ഇതും മലാഖി 4:5–ന്റെ നിവൃത്തിയായിരിക്കും. യിസ്രയേൽ തങ്ങളുടെ രാജാവിനെ തിരസ്കരിച്ചതുകൊണ്ട് ആദ്യം പരാജയപ്പെട്ടെങ്കിലും, അത് വീണ്ടും സംഭവിക്കും. ഇതാണ് ഈ ചെയിന്റെ കണ്ണിയെന്നു നമുക്ക് വിശ്വസിക്കാം. ഏലിയാവ്; സ്നാപകയോഹന്നാൻ; സാക്ഷികളിൽ ഒന്ന്. യിസ്രയേലിനെ മശിഹാ ഭരിക്കുന്നത് ഉപേക്ഷിക്കപ്പെട്ടിട്ടില്ല; ദൈവസഭയോടുള്ള ബന്ധത്തിൽ കൂടുതൽ മെച്ചമായ അനുഗ്രഹങ്ങൾ സാക്ഷാത്ക്കരിക്കപ്പെട്ടതുകൊണ്ട്, അത് മാറ്റിവെയ്ക്കപ്പെട്ടെന്നു മാത്രം. ലേവ്യ 23–ൽ നാം വിചിന്തനം ചെയ്തുകൊണ്ടിരിക്കുന്ന വാക്യത്തിൽ ഈ ഇടവേള ദൃശ്യമാണ്. യിസ്രയേലിനോടുള്ള ബന്ധത്തിൽ ദൈവീക പരിപാടികളുടെ പുനരാരംഭമാണ് അവിടുത്തെ വിവക്ഷ. അങ്ങനെ യോഹന്നാൻ എന്തുകൊണ്ട് ഏലിയാവിനെ സൂചിപ്പിക്കുന്നു എന്നും, എന്തുകൊണ്ട് അങ്ങനെ അല്ലായിരുന്നു എന്നും നമുക്കു കാണാൻ കഴിയുന്നു.

ഇനി, പരീശന്മാർ യോഹന്നാനുമായി നടത്തുന്ന അഭിമുഖം യെശയ്യാവ് 40:3–ൽ നിന്നുള്ളതാണെന്ന് നമുക്കു കാണാവുന്നതാണ്. യെശയ്യാ പ്രവചനത്തിന്റെ പുതിയ വിഭജനമാണ് ഈ അദ്ധ്യായത്തോടെ ആരംഭിക്കുന്നത്, അവിടെത്തന്നെ യഹോവയുടെ ദാസനെയും അവതരിപ്പിച്ചിരിക്കുന്നു. 40 മുതൽ 48 വരെയുള്ള അദ്ധ്യായങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നു. അതിൽ മശിഹ യിസ്രയേലിന് പ്രത്യക്ഷനാകുന്ന വിഷയത്തിൽ ധാരാളം വിശദീകരണങ്ങൾ ഉണ്ട്, അവിടുത്തെ തിരസ്കരണവും വ്യക്തമായി പ്രവചിച്ചിട്ടുണ്ട്. വാസ്തവത്തിൽ, മത്തായി 12–ൽ നമ്മുടെ കർത്താവിനോടുള്ള ബന്ധത്തിൽ 42–ാം അദ്ധ്യായം ഉദ്ധരിച്ചിട്ടുണ്ട്; അവിടെത്തന്നെയാണ് ക്രിസ്തു തിരസ്കൃതനായിത്തീരുന്നതും, അതിനുശേഷം വിജാതീയരിലേക്ക് തിരിയുന്നതുമായി നാം കാണുന്നത് (യെശ. 42:1–4; മത്താ. 12:18–21). അതുകൊണ്ടാണ് ക്രിസ്തുവിനെ തിരസ്കരിക്കുകയും അവിടുത്തെ നാശം അന്വേഷിക്കുകയും ചെയ്ത ജനത്തോട് സംസാരിക്കവേ, യോഹന്നാൻ തന്റെ സന്ദേശം ഈ പ്രവചനത്തിൽനിന്ന് കൈക്കൊണ്ടത്. “മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ വാക്കാവിത്”. ക്രിസ്തുവിനെ യിസ്രയേൽ തിരസ്കരിക്കുന്ന ഘട്ടത്തിൽ തന്നെയാണ് യോഹന്നാൻ തന്റെ സുവിശേഷം ആരംഭിക്കുന്നത്; ഈ സുവിശേഷത്തിൽ തന്നെയാണല്ലോ താൻ ഏലിയാവല്ലെന്നു യോഹന്നാൻ പറഞ്ഞത്. ഈ ആശയം അതിൽ വ്യക്തമാണ്. മശിഹാ വിനയാന്വിതനായി ആവിഷ്ക്കരിക്കപ്പെട്ടിരിക്കുകയാണ്, ആരംഭത്തിൽ തന്നെ; വിശ്വാസത്താൽ മാത്രമെ അവിടുത്തെ സ്വീകരിക്കുവാൻ സാധിക്കുമായിരുന്നുള്ളു. വിശ്വാസത്തോടെ യോഹന്നാനെ സ്വീകരിച്ചവർക്ക് കർത്താവ് ആവിഷ്ക്കരിച്ച അനുഗ്രഹങ്ങൾ ലഭിക്കുകയുണ്ടായി. യേശുവിനെ ഇപ്രകാരം തങ്ങളുടെ രാജാവായി സ്വീകരിക്കാൻ വിസ്സമതിച്ചവർ, ഇനി ഭാവിയിൽ സംഭവിക്കേണ്ട ഈ പ്രവചന നിവൃത്തിക്കായി കാത്തിരിക്കേണ്ടിയിരിക്കുന്നു. ഈ പ്രാരംഭ സംവിധാനങ്ങളെല്ലാം ഭാവിയിൽ യിസ്രയേലിനോടുള്ള ബന്ധത്തിൽ നടക്കുമെന്നാണ് കരുതേണ്ടത്. അടുത്ത പ്രാവശ്യം, ഈ സ്ഥാനം അലങ്കരിക്കുന്നവൻ ആരുമാകട്ടെ, അവൻ യിസ്രയേൽ ജനത്തിന് ഏലിയാവായിരിക്കും; കൃപയാലുള്ള തെരഞ്ഞെടുപ്പ് അവനെ ആ നിലയിൽ സ്വീകരിക്കുന്നതുമാണ്. യോഹന്നാൻ വീണ്ടും വരുമെന്ന് തോന്നുന്നില്ല; യോഹന്നാൻ ഏലിയാവുമല്ല. ആത്മീകമാണ് വിഷയം. യഥാർത്ഥമനുഷ്യരല്ല വിവക്ഷ. ഏകദൈവവിശ്വാസത്തിലേക്ക് യിസ്രയേലിനെ മടക്കിക്കൊണ്ടുവരുവാൻ ഉദ്യ

മിച്ച മഹാനായിരുന്നുവല്ലോ ഏലിയാവ്. യോഹന്നാനും അതേ സന്ദേശവുമായിട്ടാണ് ആവിർഭവിച്ചത്; അതുകൊണ്ടത്രെ കർത്താവ് അവനെ ഏലിയാവെന്ന് വിളിച്ചത്. പരിശുദ്ധാത്മാവ് ഏലിയാവിന്റെ "ആത്മാവോടും ശക്തിയോടും" കൂടെ എന്നു പറഞ്ഞതിന്റെ ആശയം ഇതുതന്നെ. വെളിപാട് 11-ൽ പരാമർശിച്ചിരിക്കുന്നത് നിവൃത്തിയാകുമ്പോൾ ഇതു വീണ്ടും നടക്കും. ഈ വാക്യത്തിൽ അന്തർലീനമായിരിക്കുന്ന ഇടവേളയെപ്പറ്റി വിശദീകരിക്കാൻ ഇത്രയും പറഞ്ഞെന്നു മാത്രം.

നീരാജനകറ്റപ്പെരുന്നാളിന് ഒരു വിളവെടുപ്പ് ശേഖരണം പൂർത്തിയായി; ബാർലിയുടെയും ഗോതമ്പിന്റെയും വിളവെടുപ്പിനോടുള്ള ബന്ധത്തിൽ പുതിയ ഭോജനയാഗം നടക്കുന്നു. വിളവെടുപ്പിന്റെ അന്ത്യത്തിൽ ഉതിർന്ന മലരുകൾ പെറുക്കുന്നതിനെപ്പറ്റിയാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്, അല്ലാതെ ചിലർ ചിന്തിക്കുന്നതുപോലെ, വിളവെടുപ്പിന്റെ ആരംഭമല്ല. ഇതേ ആശയം തന്നെയാണല്ലോ 12 കൊട്ട നിറച്ചെടുത്തതും സൂചിപ്പിക്കുന്നത്. ഭാവിയിൽ യിസ്രയേലിന്റെ ശേഷിപ്പിന് ജാതീയമായി ഉണ്ടാകാനിരിക്കുന്ന ദൈവീക സന്ദർശനമാണ് അർത്ഥമാക്കുന്നത്.

രൂത്തിന്റെ പുസ്തകത്തിൽ ഇതിന്റെ നിഴൽ നമുക്കു കാണാൻ കഴിയും. ഇവിടെ, വ്യക്തിപരമായ പരാമർശമാണ് സാധാരണ നാം വിവക്ഷിക്കുന്നതെങ്കിലും, യിസ്രയേലിന്റെ മടങ്ങിവരവിന്റെ ചിത്രം ഇവിടെ ദർശിക്കുന്നുണ്ട്. ജാതീയമായി യിസ്രയേൽ തങ്ങളുടെ ദൈവത്തിൽനിന്ന് വ്യതിചലിച്ച് ജാതികളുടെ ഇടയിൽ സുഖത്തിനും സംതൃപ്തിക്കും തിരിയുന്നതിന്റേയും ചിത്രമാണ് നവോമിയിലും ഏലിമെലേക്കിലും നാം കാണുന്നത്. അവർ ഇങ്ങനെ ചെയ്യുമെന്ന് അവരുടെ പിതാവായ യാക്കോബ് നേരത്തെ പ്രവചിക്കുകയുണ്ടായി (ഉൽപ്പ. 49:15). ഒന്നിധികം സ്ഥലങ്ങളിൽ പോകാനുള്ള തെരഞ്ഞെടുപ്പ് ഏലിമെലേക്കിന് എടുക്കാമായിരുന്നു. തെക്കോട്ട് അവന് പോകുവാൻ കഴിയുമായിരുന്നു. എന്നാൽ അവിടെ മിസ്രയീമായിരുന്നു – ദൈവന്യായം വിധിച്ച ദേശം ഒരുപക്ഷെ, അവൻ ആ വഴിക്കു പോകുവാൻ ഭയപ്പെട്ടിട്ടുണ്ടാവണം. പിന്നെ, വടക്കോട്ട് നോക്കിക്കാണും എന്നാൽ അവിടെ ബാബേലായിരുന്നു – വിഗ്രഹാരാധന നിറഞ്ഞ രാജ്യം. അവിടേക്കും പോകാൻ ഭയപ്പെട്ടിരുന്നിരിക്കണം. അതിനാൽ അവൻ കിഴക്കോട്ട് തിരിഞ്ഞു – മോവാബിലേക്ക്. അതെ, അതാണ് അവൻ ചെന്നുചേർന്ന ഇടം. ജഡീക സുഖത്തിന്റെ ദേശം (യിര. 48:11). ഏതായാലും, ഒരു യാഥാസ്ഥിക യഹൂദനെന്ന നിലയ്ക്ക്, അവൻ ചിന്തിച്ചുകാണും, ദൈവം നാം ഉദ്ദേശിക്കുന്ന ഒരുവനെപ്പോലെ അല്ലെന്ന്. ദേശത്ത് ഒരു ക്ഷാമമുണ്ടായി. തങ്ങളുടെ തന്നെ പരാജയം കൊണ്ടാണ് ആ ക്ഷാമം ഉണ്ടായതെന്ന അവർക്കു ബോദ്ധ്യമുണ്ടായിരുന്നോ എന്ന് തോന്നുന്നില്ല. എങ്കിലും, ദൈവീക ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച്, ദേശം വിടാൻ തന്നെയാണ് ഏലീമേലേക്ക് നിശ്ചയിച്ചത്. അങ്ങനെ അവൻ മോവാബിൽ എത്തിച്ചേർന്നു; അവിടെവെച്ചു തന്നെ മരിക്കുകയും ചെയ്തു. വാസ്തവത്തിൽ, തങ്ങൾ സ്വന്തദേശത്തു അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകളെക്കാൾ കൂടുതൽ പ്രതിസന്ധികൾ അവർ അന്യദേശത്ത് നേരിടുകയുണ്ടായി. നവോമി മടങ്ങിപ്പോകാൻ തീരുമാനിച്ചതിൽ അത്ഭുതപ്പെടാനില്ല. മടങ്ങിപ്പോകുന്ന നവോമി യിസ്രയേലിന്റെ ശേഷിപ്പിനെ പ്രതിനിധീകരിക്കുന്നു. മടങ്ങിവരാത്ത അവിശ്വാസികളായ ജാതിയെ ഏലിമേലേക്കും പ്രതിനിധീകരിക്കുന്നു. യിസ്രയേലിന്റെ ശേഷിപ്പിനോടുള്ള ബന്ധത്തിൽ അനുഗ്രഹത്തിലേക്കു വരുന്ന വിജാതീയരെയാണ് രൂത്ത് പ്രതിനിധീകരിക്കുന്നത്. "നിന്റെ ദൈവം എന്റെ ദൈവം". യിസ്രയേൽ നിറഞ്ഞവരായി പുറത്തുപോയി. അവരെ വീണ്ടും ഒഴിഞ്ഞവരായി ദൈവം മടക്കിക്കൊണ്ടുവരി

കയും ചെയ്യും. പുറത്തുപോയത് തെറ്റായിപ്പോയെന്നു അവർ സമ്മതിക്കും, അതോടെ, അവരെ ദൈവം മടക്കിക്കൊണ്ടുവരുന്നതുമാണ്, നവോമിയെ മടക്കിക്കൊണ്ടുവരുന്നതുപോലെ (1:21). യിസ്രയേലിന്റെ വയലിൽ രൂത്ത് ഉതിർന്ന മണികൾ പെറുക്കുന്നു; 4:22–ൽ ദാവീദിനെപ്പറ്റി ആദ്യമായി രേഖപ്പെടുത്തിയിരിക്കുന്നതും വിലപ്പെട്ട ചിന്തയാണ്. നവോമിയെ ഒരു സാധുവായും, രൂത്തിനെ ഒരു പരദേശിയായും നമുക്ക് നിരീക്ഷിക്കാവുന്നതാണ്. ഇത് ലേവ്യ 23:22–നോട് ബന്ധപ്പെട്ടു വ്യാഖ്യാനിക്കാനും കഴിയും. അങ്ങനെ ഈ വയലിൽനിന്ന് ഒരു ഭാഗം സഭയ്ക്കുവേണ്ടി വേർതിരിക്കുകയും, അവർ മശിഹായുടെ സ്വന്തമായിത്തീരുവോളം അവരുടെ ശേഷിപ്പിനെ സഭ സഹായിക്കുമെന്നും നാം കാണുന്നു. ബാർലിയുടെയും ഗോതമ്പിന്റെയും വിളവെടുപ്പിന്റെ നേട്ടം അവർക്ക് ഇനിയും കരഗതമാക്കാനിരിക്കുന്നതേയുള്ളു; മാത്രമല്ല, ദാവീദ് അവരുടെ രജാവായിത്തീരുന്നതുമാണ് (2:4, 22).

“യഹോവ പിന്നെയും മോശയോട് അരുളിച്ചെയ്തത്: നീ യിസ്രയേൽ മക്കളോട് പറയേണ്ടത് എന്തെന്നാൽ: ഏഴാം  മാസം ഒന്നാം തിയതി നിങ്ങൾക്ക് കാഹളധ്വനിയുടെ വ്യാപകവും വിശുദ്ധ സഭായോഗമുള്ള സ്വസ്ഥ ദിവസവുമായിരിക്കേണം. അന്ന് സാമാന്യ വേല യാതൊന്നും ചെയ്യാതെ യഹോവയ്ക്ക് ദഹനയാഗം അർപ്പിക്കേണം” (23–25).

ഈ മൂന്ന് ഉത്സവങ്ങളും എല്ലാം മാസത്തിൽ തന്നെ നടക്കുന്നു എന്നത് ശ്രദ്ധേയമാണ്. യിസ്രയേലിനോടുള്ള ബന്ധത്തിൽ പ്രത്യക്ഷമായ ദൈവരാജ്യത്തിന്റെ ആവിർഭാവമാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. കാഹളധ്വനിയുടെ ജ്ഞാപകം മാസത്തിന്റെ ഒന്നാം ദിവസം ആഘോഷിക്കുന്നതാണ് ഈ മഹത്തായ സംഭവത്തിന്റെ പ്രധാന സംഗതി. സംഖ്യ. 10–ൽ വെള്ളികൊണ്ടുള്ള കാഹളങ്ങൾ ഉണ്ടാക്കുന്നതും ഉപയോഗിക്കുന്നതും സംബന്ധിച്ച് നൽകിയിരിക്കുന്ന വിശദീകരണത്തോട് ബന്ധപ്പെട്ടതാണ് ഈ ഉത്സവം. ഈ അദ്ധ്യായത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിച്ചാൽ, കാഹളം ഊതേണ്ട സന്ദർഭങ്ങൾ കുറഞ്ഞത് അഞ്ച് പ്രാവശ്യമെങ്കിലും ഉണ്ടെന്ന് കാണാൻ കഴിയും. അത് ഈ ഉത്സവത്തെപ്പറ്റി കുറെ കാര്യങ്ങൾ നമ്മെ ഉത്ബോധിപ്പിക്കാൻ പര്യാപ്തമാണ്.

“അവൻ നിനക്കു സഭയെ വിളിച്ചുകൂട്ടുവാനും പാളയത്തെ പുറപ്പെടുവിക്കാനും ഉതകേണം” (10:2). ഇതാണ്  ഇത് ഉപയോഗിക്കാനുള്ള പ്രഥമ സന്ദർഭം. ഈ കാഹളങ്ങൾ വെള്ളികൊണ്ട് ഉണ്ടാക്കിയവയാണെന്ന വസ്തുത ചൂണ്ടിക്കാണിക്കുന്നത്, യഹോവ തന്റെ ജനത്തോട് ചെയ്യുന്ന എല്ലാ ഇടപാടുകളും, അവിടുന്നു വീണ്ടെടുപ്പിന്റെ അടിസ്ഥാനത്തിൽ ചെയ്യുന്നു എന്നതാണ്. ലൂക്കോസ് രേഖപ്പെടുത്തിയിരിക്കുന്ന കർത്താവിന്റെ പ്രഭാഷണത്തിൽ – കാഹളധ്വനിയുടെ ജ്ഞാപകത്തോട്  ബന്ധപ്പെട്ട സംഭാഷണം – “നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തിരിക്കുന്നു” എന്ന ഏതാനും സംഭവങ്ങൾ കർത്താവ് പറയുന്നതായി നാം വായിക്കുന്നുണ്ട് (ലൂക്കോസ് 21:28).  ഇതിനോട് ബന്ധപ്പെട്ട് തന്നെ മത്തായി രേഖപ്പെടുത്തിയിരിക്കുന്ന ഇതേ സംഭാഷണത്തിൽ കർത്താവു പറയുന്നു. “അവൻ തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടും കൂടെ അയയ്ക്കും; അവർ അവന്റെ  വ്രതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലു ദിക്കിൽനിന്നും കൂട്ടിച്ചേർക്കും” (24:31). സഭയെ വിളിച്ചു ചേർക്കുന്നതിന്റെ ഉത്തരമാണിത്. മാത്രമല്ല, വെള്ളി ചൂണ്ടിക്കാണിക്കുന്നത് പോലെ, അവർ വീണ്ടെടുപ്പിന്  വിളിക്കപ്പെടുന്നവരാണ്.

"പാളയത്തെ പുറപ്പെടുവിക്കാനും" (10:2). കാഹളം ഉപയോഗിക്കുന്നതിന്റെ രണ്ടാമത്തെ സന്ദർഭമാണിത്. ആദ്യത്തെ കാഹളധ്വനിയിൽ കിഴക്കുഭാഗത്തുള്ള പാളയം യാത്ര തുടങ്ങുന്നു; രണ്ടാമത്തെ ധ്വനിയിൽ തെക്കൻ പാളയവും യാത്ര ആരംഭിക്കുന്നു (10:5). വാഗ്ദത്ത ദേശത്തിലേക്കുള്ള മുന്നേറ്റമാണ് ഇവിടുത്തെ വിവക്ഷ.

"ഒരു കാഹളം മാത്രം ഊതിയാൽ യിസ്രയേലിന്റെ സഹസ്രാധിപന്മാരായ പ്രഭുക്കന്മാർ നിന്റെ അടുക്കൽ കൂടേണം" (വാക്യം 4). ഇവിടെ, യിസ്രയേലിന്റെ നേതാക്കന്മാർ മോശെയുടെ അടുക്കൽ വന്നു, മോശ മുഖാന്തരം യഹോവയ്ക്ക് അറിയിക്കുവാനുള്ള സന്ദേശങ്ങളെല്ലാം സ്വീകരിക്കേണം.

"നിങ്ങളുടെ ദേശത്ത് നിങ്ങളെ ഞെരുക്കുന്ന ശത്രുവിന്റെ നേരേ നിങ്ങൾ യുദ്ധത്തിന് പോകുമ്പോൾ ഗംഭീര ധ്വനിയായി കാഹളം ഊതേണം, എന്നാൽ നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ ഓർത്ത് ശത്രുക്കളുടെ കൈയിൽ നിന്നു രക്ഷിക്കും" (10:9). ഇവിടെ, ശത്രുക്കളുടെ കൈയിൽനിന്നു വിടുവിക്കുന്നതിന് ദൈവം ഇടപെടുന്ന യാഥാർത്ഥ്യം വ്യക്തമാക്കിയിരിക്കുന്നു.

"നിങ്ങളുടെ സന്തോഷദിവസങ്ങളിലും ഉത്സവങ്ങളിലും മാസാരംഭങ്ങളിലും നിങ്ങൾ ഹോമയാഗങ്ങളും സമാധാനയാഗങ്ങളും കഴിക്കുമ്പോൾ കാഹളം ഉതേണം; അവ നിങ്ങൾക്കു ദൈവത്തിന്റെ സന്നിധിയിൽ ജ്ഞാപകമായിരിക്കും; യഹോവയായ ഞാൻ നിങ്ങളുടെ ദൈവമാകുന്നു" (10:10). അവർക്കുണ്ടാകുന്ന മോചനങ്ങളിലും ദൈവസന്നിധിയിൽ സന്തോഷിക്കുന്ന സന്ദർഭങ്ങളിലും ഊതേണ്ട കാഹളത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. കാഹളപ്പെരുന്നാൾ ഇതെല്ലാം ഉൾപ്പെട്ടിരിക്കുന്ന ഒരു ആഘോഷമാണ്.

ഒന്നാമത്, മുഴുസഭയെയും ഒരുമിച്ച് ചേർക്കുന്നതിന് ജനത്തെ മുഴുവൻ ഉണർത്തുന്ന കാഹളം മത്തായി 24–ൽ നമ്മുടെ കർത്താവു ചൂണ്ടിക്കാണിക്കുന്ന കാഹളധ്വനിയെ ഇത് അനുസ്മരിപ്പിക്കുന്നതായി തോന്നുന്നു. അവർ തങ്ങളുടെ അവകാശഭൂമിയിലേക്ക് കൂട്ടത്തോടെ പ്രവേശിക്കുന്നതിനേയും ചൂണ്ടിക്കാണിക്കുന്നു. ദൈവത്തിനു പറയാനുള്ളത് കേൾക്കാൻ ആയിരങ്ങളുടെ നായകന്മാർ ചെവികൾ കൂർപ്പിച്ച് വെയ്ക്കേണ്ടത് ആവശ്യമായിത്തീരും; ദൈവരാജ്യത്തിന്റെ സന്ദേശം അവരിലേക്ക് അപ്പോൾ പ്രക്ഷേപണം ചെയ്യുന്നതാണ്. അതിനെതുടർന്ന്, അനവധി പ്രവാചകന്മാർ മുൻകൂട്ടി പ്രഖ്യാപിച്ചിട്ടുള്ളതുപോലെ, ദേശത്തിലേക്ക് ആക്രമണകാരികൾ കുതിച്ചുകയറും. അപ്പോൾ അവർ യഹോവയോട് നിലവിളിക്കും, അവിടുന്നു അവരെ ഓർത്ത് ശത്രുക്കളുടെ കൈകളിൽ നിന്നു വിടുവിക്കുകയും ചെയ്യും. അനന്തരം സന്തോഷത്തിന്റെ കാലം ആഗതമാകുന്നു; ഉത്സവങ്ങളുടെ നിവൃത്തീകരണം; അവരുടെ അമാവാസികളിൽ അവർ സന്തോഷിക്കണം; അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ – ഹോമയാഗം – ഒരിക്കൽകൂടി അവർ ദൈവത്തിന്റെ മുമ്പാകെ നിൽക്കുന്നു; വീണ്ടും അവർ തങ്ങളുടെ കൂട്ടായ്മയിലേക്ക് – സമാധാനയാഗം – പ്രതിഷ്ഠിക്കപ്പെടുന്നു. അന്ന്, യഹോവ തങ്ങളുടെ ദൈവമാണെന്ന്, പരസ്യമായി വെളിപ്പെടുന്നതാണ്.

കാഹളപ്പെരുന്നാളിനോടുള്ള ബന്ധത്തിൽ സഹായം ലഭിക്കുന്നതിനെപ്പറ്റി സംഖ്യാ 10–ൽ മാത്രമല്ല പരാമർശമുള്ളത്. സങ്കീർത്തനം 81–ൽ ഇത് വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. "അമാവാസിയിലും നമ്മുടെ ഉത്സവദിവസമായ പൗർണമാസിയിലും കാഹളം ഊതുവീൻ". സംഖ്യ 10–ൽ നാം വീക്ഷിച്ച പല സംഗതികളും ഇവിടെ

കാണുന്നുണ്ട്; എന്നാൽ, തങ്ങളുടെ ശത്രുക്കളിൽ നിന്ന് അവരെ വിടുവിക്കുന്നതാണ് ഈ സങ്കീർത്തനത്തിലെ മുഖ്യ പ്രമേയം. നേതൃത്വ രാജ്യമെന്ന നിലയിൽ യിസ്രയേലിന്റെ യഥാസ്ഥാപനമാണ് അമാവാസിയിലൂടെ വീക്ഷിക്കുന്നത്. ചന്ദ്രൻ ഇന്നയോളം ഉദിച്ചിട്ടില്ല, എന്നാൽ അനതിവിദൂരഭാവിയിൽ അവർ കരുത്താർജ്ജിച്ചു വിവിധ രാജ്യങ്ങലുടെ നേതൃത്വത്തിലേക്കു ഉയർന്നുവരും. അമാവാസിയിൽ കാഹളം ഊതും– അത് പുതിയൊരു ആരംഭമായി പരിണമിക്കും.

ഇതിനോടുള്ള ബന്ധത്തിൽ മറ്റൊരു പരാമർശവും നാം കാണുന്നു, അത് യശെയ്യാവ് 18:3–ൽ ആണ്. “ഭൂതലത്തിലെ സർവ്വ നിവാസികളും ഭൂമിയിൽ പാർക്കുന്നവരും ആയുള്ളോരെ, പർവ്വതത്തിന്മേൽ കൊടിയുയർത്തുമ്പോൾ, നിങ്ങൾ നോക്കുവീൻ, കാഹളം ഊതുമ്പോൾ കേൾപ്പിൻ” ഈ ചെറിയ അദ്ധ്യായത്തിൽ യിസ്രയേൽ മടങ്ങി സ്വന്തദേശത്തേക്കു വരുന്നത് സ്പഷ്ടമാക്കിരിയ്ക്കുന്നതിനാൽ അതിനെപ്പെറ്റി വിശദീകരിക്കേണ് കാര്യം തന്നെയില്ല. നീണ്ട കാലമായി ചിതറപ്പെടുകയും, ആക്രമിക്കപ്പെടുകയും, അനുസ്യൂതം കാത്തിരിക്കേണ്ടിവരികയും ചെയ്ത ഒരു ജനതയാണ് യിസ്രയേൽ. അളക്കുന്നതും ചവിട്ടിക്കളയുന്നതും നദികൾ ദേശത്തെ വിഭാഗിക്കുന്നതുമായ ജാതികൾ. അതുകൊണ്ടാണ് വെളിപാട് പുസ്തകത്തിൽ  നാലു പ്രാവശ്യം നദികളിന്മേൽ ന്യായവിധി ഉണ്ടാകുന്നത് നാം കാണുന്നത്. എങ്കിലും അവരുടെ ദൈവമായ യഹോവ ഈ നദികളെ ന്യായം വിധിക്കും; ഒപ്പം അവർ നിവസിച്ച ദേശത്തേയും; യിസ്രയേൽ വിടുവിക്കപ്പെടുകയും, യഥാസ്ഥാപിതമാകുകയും ചെയ്യും. അമാവാസി ഉയർന്നുവരികയും, അവർ രാഷ്ട്രങ്ങളുടെ വാലല്ല, തലയായിത്തീരുകയും ചെയ്യും. കൂടാരപ്പെരുന്നാൾ അവർ ആഘോഷിക്കും. അതിൽ കാഹളധ്വനിയുടെ ഉത്സവം ആരംഭമായിരിക്കും.

നാം വിചിന്തനം ചെയ്തുകൊണ്ടിരുന്ന അദ്ധ്യായത്തിലേക്കും പെരുന്നാളിലേക്കും മടങ്ങിവരട്ടെ; “ജ്ഞാപകം” എന്ന വാക്ക് ഇവിടെ അർത്ഥമാക്കുന്നത് ഓർമ്മയെയാണ്. യോർദ്ദാനിൽ നിന്ന് എടുത്ത 12 കല്ലുകളെ അനുസ്മരിപ്പിക്കുന്ന അതേ വാക്കുതന്നെയാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. യിസ്രയേലിന്റെ പുനരുജ്ജീവനം തങ്ങളെ പല കാര്യങ്ങൾ അനുസ്മരിപ്പിക്കുന്നില്ലേ? മാസത്തിന്റെ ഒന്നാം ദിവസം ഒരു പുതിയ ആരംഭത്തെ സൂചിപ്പിക്കുന്നു. അവരെ മിസ്രയീമിൽനിന്ന് വിടുവിച്ചതുപോലെ ഒന്നാമത്തെ മാസത്തിലല്ല, മറിച്ച്, ഏഴാം മാസമാണ്  അവരുടെ രണ്ടാമത്തെ ആരംഭം. ആ ദിവസം അവർക്ക് ഒരു “സ്വസ്ഥത” ഉണ്ടായിരിക്കും. യാതൊരുവിധ വേലയും അവർ അന്നു ചെയ്കയില്ല, പകരം അവർക്ക് വിശുദ്ധ സഭായോഗം ഉണ്ടായിരിക്കും. ഇന്ന് അവർ വളരെ സജീവമായി പങ്കെടുത്തുകൊണ്ടിരിക്കുന്ന വ്യവസായങ്ങളും രാഷ്ട്രീയങ്ങളുമെല്ലാം തങ്ങൾ ഒഴിവാക്കുന്ന കാലം വരുന്നതിനെ ഇതു സൂചിപ്പിക്കുന്നു എന്ന് തോന്നുന്നു; ഇത് അവരെ പല കാര്യങ്ങളും അനുസ്മരിപ്പിക്കും, കാരണം, ജ്ഞാപകത്തിന്റെ കാഹളധ്വനി ദൈവം അവരോട് സംസാരിക്കുന്നതായി സൂചിപ്പിക്കുന്നു. മാത്രമല്ല, “യോഹവയ്ക്ക് ദഹനയാഗം അർപ്പിക്കുന്ന”ത് അവരുടെ ഇടയിൽ യഹോവയ്ക്ക് അർഹിക്കുന്ന സ്ഥാനം വീണ്ടും ലഭിക്കുന്നതിനെ സൂചിപ്പിക്കുന്നു.

ഒരു പുനരുജ്ജീവനം ഉണർവ്വും ഉണ്ടായി ജനം വീണ്ടും ദേശത്തിലേക്ക് ചലിക്കുകയും ചെയ്യും. ആത്യന്തികമായി വിളിച്ച് തങ്ങളുടെ അവകാശഭൂമിയിലേക്ക് വീണ്ടും അതിവസിപ്പിക്കുന്ന ദൈവത്തിന്റെ പദ്ധതിയാണിത്. എങ്കിലും ഈ ആനന്ദപ്രദമായ സന്ദർഭം  സമാഗതമാകുന്നതിന് മുമ്പ്, ദൈവം അവരുമായി ഒരു ഉടമ്പടി ചെയ്യണം; അടുത്ത ഉത്സവത്തിൽ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്.

“യഹോവ പിന്നെയും മോശയോട് അരുളിച്ചെയ്തത്: ഏഴാം മാസം 10–ാം തിയതി പാപപരിഹാര ദിവസം ആകുന്നു. അന്നു നിങ്ങൾക്കു വിശുദ്ധ സഭായോഗം ഉണ്ടാകേണം; നിങ്ങൾ ആത്മതപനം ചെയ്യുകയും യഹോവയ്ക്ക് ദഹനയാഗം അർപ്പിക്കയും വേണം” (26–27).

കാഹളധ്വനിപ്പെരുന്നാളിലൂടെ യിസ്രയേലിനു നഷ്ടപ്പെട്ട മഹത്വത്തിലേക്ക് ഉണർത്തുന്ന സ്ഫുടമായ വിളിയാണെങ്കിൽ, ഈ ഉത്സവത്തിൽനിന്ന് നാം മനസ്സിലാക്കുന്നത്, അവരിൽ ദേശീയ മാനസാന്തരം ഉത്ഭൂതമാക്കുമെന്നാണ്. ഈ ഉത്സവത്തോടുള്ള ബന്ധം ലേവ്യാപുസ്തകത്തിലെ തന്നെ 16–ാം അദ്ധ്യായം പരിശോധിച്ചാൽ മനസ്സിലാക്കാൻ സധിക്കും. അവിടെ ഈ ഉത്സവത്തിന്റെ അനുഷ്ഠാനമാണ് നമുക്ക് കാണാൻ കഴിയുന്നത്. മഹത്തായ ആ അദ്ധ്യായം അവധാന പൂർവ്വം പരിശോധിച്ചാൽ, അവിടെ, ക്രിസ്തുവിന്റെ പ്രവൃത്തികൾ മൂന്നു വിധത്തിൽ പ്രതീകങ്ങളായി വ്യക്തമാക്കിയിരിക്കുന്നത് ദർശിക്കാവുന്നതാണ്. കാളക്കുട്ടി – സഭയ്ക്കുവേണ്ടിയുള്ള പ്രായശ്ചിത്തം. കോലാട്ടുകൊറ്റൻ – യിസ്രയേലിനു വേണ്ടിയുള്ള പ്രായശ്ചിത്തം. എന്നാൽ, കൃപാസനത്തിൽ തളിക്കുന്ന കോലാട്ടുകൊറ്റന്റെ രക്തത്തോട് അനുബന്ധമായി, എല്ലാറ്റിന്റേയും നിരപ്പ് അവിടെ ദർശിക്കുന്നു. അതിപരിശുദ്ധ സ്ഥലത്താണ് ആ രക്തം കൊണ്ടുപോകേണ്ടത്. വിശുദ്ധ സ്ഥലത്തേയും സമാഗമന കൂടാരത്തെയും ശുദ്ധീകരിക്കുന്ന രക്തവും ഉണ്ട് (16:16). അതിനുശേഷം പ്രാകാരത്തിലുള്ള യാഗപീഠത്തിൽ രക്തം തളിക്കുന്നതും നാം കാണുന്നു. എല്ലാറ്റിനേയും നിരപ്പിക്കുന്നതിന്റെ നിഴലാണിത്. ലേവ്യ. 16:33–ഉം കൊലോസ്യർ 1:20–ഉം താരതമ്യപ്പെടുത്തിയാൽ ഈ വസ്തുത വ്യക്തമാകും. എല്ലാ വ്യക്തികളെയും എല്ലാ വസ്തുക്കളേയും – സഭ, യിസ്രയേൽ, വസ്തുക്കൾ – ക്രിസ്തു നിരപ്പിക്കുന്ന മഹത്തായ പ്രവൃത്തിയുടെ പ്രദർശനമാണ് ശ്രദ്ധേയമായ ഈ അദ്ധ്യായത്തിൽ അവലോകനം ചെയ്തിരിക്കുന്നത്. എന്നാൽ, ഇന്ന്, സഭ മാത്രമേ ഇതിന്റെ അനുഗ്രഹം സ്വാംശീകരിക്കുന്നുള്ളു. എല്ലാറ്റിന്റേയും അടിസ്ഥാനം ക്രൂശിൽ സ്ഥാപിക്കുകയുണ്ടായി, എന്നാൽ സഭയ്ക്കു മാത്രമേ ഈ അനുഗ്രഹം ലഭിക്കുകയുണ്ടായത്. അടുത്തതായി യിസ്രയേൽ ജനം അനുഗ്രഹത്തിലേക്കു വരും; അവരോടു കൂടെ മറ്റെല്ലാവർക്കും ലഭിക്കും, കാരണം ഈ അദ്ധ്യായത്തിന്റെ ക്രമപ്രകാരം ആദ്യം വരുന്നത് സഭയാണ് – കാളക്കുട്ടിയുടെ രക്തത്തിന്റെ അടിസ്ഥാനത്തിൽ ആദ്യമായി നിരപ്പ് പ്രാപിച്ച അഹരോനും അവന്റെ പുത്രന്മാരും ആണല്ലോ ഒന്നാമത്തെ ഗുണഭോക്താക്കൾ. അനന്തരം യിസ്രയേൽ, ആട്ടുകൊറ്റന്റെ രക്തം കൃപാസനത്തിലേക്ക് കൊണ്ടുപോയി തളിച്ചത് അവർക്കുവേണ്ടിയായിരുന്നു. അതിനെ തുടർന്നു വിശുദ്ധ സ്ഥലം, സമാഗമന കൂടാരം, യാഗപീഠം എന്നിവയെല്ലാം രക്തത്തിന്റെ പ്രായശ്ചിത്തത്തിന്റെ പരിധിക്കുള്ളിൽ വരുന്നു. ഈ ശ്രദ്ധേയമായ വിഷയം അധികം വിവരിക്കുന്നതിന് സ്ഥലപരിമിധി അനുവദിക്കുന്നില്ല. ഏതായാലും ഇത് ലേവ്യ 16–ൽ വ്യക്താക്കിയിട്ടുണ്ട്.

ഈ ഉത്സവത്തിന്റെ ക്രമപ്രകാരം, ക്രിസ്തു കാൽവറിയിൽ സമ്പാദിച്ച രക്ഷയുടെ ഗുണഭോക്താക്കളായി യിസ്രയേൽ അത്രേ ഇനി പരിഗണിക്കേണ്ടത്. അവർക്കു വേണ്ടി ക്രിസ്തു രക്ഷ ഒരുക്കിയിട്ട് നീണ്ടകാലമായിട്ടും, അവർ ഇന്നയോളം അത് മനസ്സിലാക്കുകയോ അതിന്റെ അനുഗ്രഹത്തിലേക്ക് വരികയോ ഉണ്ടായില്ല. എന്നാൽ അവർ ക്രിസ്തുവിലേക്ക് തിരിയും, അന്ത്യകാലത്ത്. അപ്പോൾ അവർക്ക് അതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്യും (2 കൊരി. 3:16). അന്ന് അവർക്കുണ്ടായ സവിശേഷാനുഭ

വങ്ങൾ ഈ ഉത്സവത്തിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങളിൽ നിന്ന് വ്യക്തമാകുന്നതാണ്. എങ്കിലും ഇക്കാര്യം നാം ശ്രദ്ധിക്കണം. 25–ാം അദ്ധ്യായത്തിൽ മഹത്തായ യോവേൽ സംവത്സരത്തെപ്പറ്റിയുള്ള വിവരണങ്ങൾ കൊടുത്തിട്ടുണ്ട്. കാഹളം മുഴക്കുന്ന ദിവസം (9) "നിങ്ങൾ താന്താന്റെ അവകാശത്തിലേക്ക് മടങ്ങിപ്പോകേണം; ഓരോരുത്തരും താന്താന്റെ കുടുംബത്തിലേക്കു മടങ്ങിപ്പോകുകയും വേണം" (10). മഹാ പാപ പരിഹാര ദിവസത്തോടു ചേർന്നു ഏഴാം മാസം പത്താം തിയതി കാഹളം ഊതേണം. യിസ്രയേൽ ദൈവത്തിങ്കലേക്ക് തിരിയുന്നതിനെയാണ് ഇത് അർത്ഥമാക്കുന്നത്.

"അന്നു നിങ്ങൾ യാതൊരു വേലയും ചെയ്യരുത്; അതു നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ നിങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കഴിക്കേണ്ടതിനുള്ള പാപപരിഹാരദിവസം" (23:28).

ഈ ഉത്സവം സംബന്ധിച്ചു പരാമർശിച്ചിരിക്കുന്ന സുപ്രധാനമായ രണ്ടു സംഗതികളാണ് മേലുദ്ധരിച്ചത്; അവ രണ്ടും മൂന്നു പ്രാവശ്യം ആവർത്തിക്കുകയും ചെയ്തിട്ടുണ്ട്. അവ ആത്മതപനവും വേലയിൽ നിന്നുള്ള വിശ്രമവുമാണ്. ആത്മതപനം വ്യക്തമായ മാനസാന്തരമാകുന്നു. മാനസാന്തരം ഉളവാക്കുന്നതെന്താണെന്ന് ദൈവവചനത്തിൽ അധികം അന്വേഷിക്കേണ്ടതുമില്ല. സെഖ. 12:10–14–ൽ പരിശോധിച്ചാൽ മതി. ഇവിടെ കൃപയാൽ ശേഷിപ്പിനുണ്ടാകുന്ന തിരഞ്ഞെടുപ്പിലൂടെ ഉളവാകുന്ന മാനസാന്തരം വിശാലാർത്ഥത്തിൽ നമുക്കു കാണാൻ കഴിയും (റോമർ 1:5). ദാവീദ് – രാജകീയ പരമ്പര, നാഥാൻ – പ്രാവചനിക പരമ്പര, ലേവി – പൗരോഹിത്യ പരമ്പര, ശിമയി – സാധാരണക്കാർ; എല്ലാവരും ആ ദിവസത്തിലെ മാനസാന്തരത്തിൽ ഉൾപ്പെടും; ദൈവത്തിന്റെ അനുഗ്രഹം കാംക്ഷിക്കുന്ന ഏതു ഉന്നത നിലവാരത്തിലുള്ളവരും അതിൽനിന്ന് വിട്ടുനിൽക്കുകയില്ല. സകല ജഡവും ദൈവത്തിന്റെ രക്ഷയെ കാണും (ലൂക്കോസ് 3:8).

ആത്മതപനത്തെപ്പറ്റി നമുക്കുവേണ്ടി രേഖപ്പെടുത്തിയിരിക്കുന്നതും, നമ്മുടെ ഹൃദയം കവരുന്നതുമായ മറ്റൊരു പ്രസിദ്ധ വേദഭാഗമാണ് യെശ. 53. ഇവിടെ, നമ്മുടെ കർത്താവിന്റെ ചരിത്രം, തന്റെ ജനനം, തിരസ്ക്കരണം, ക്രൂശിലെ മരണം – എല്ലാം നമ്മുടെ മുമ്പാകെ അവതരിപ്പിച്ചിട്ടുണ്ട്. ഒരു ഇളയ തൈപോലെ താൻ യഹോവയുടെ മുമ്പാകെ വളരുന്നതായി രണ്ടാം വാക്യത്തിൽ വായിക്കുന്നു. വരണ്ട നിലത്തുനിന്ന് വേർ മുളയ്ക്കുന്നതുപോലെ പൗരുഷത്തിലേക്ക് വളരുന്ന മശിഹായെപ്പറ്റി വർണ്ണിച്ചിരിക്കുന്നു. ജഡികനെ ആകർഷിക്കുന്ന ബാഹ്യപ്രൗഢികളായ ആകാരഭംഗിയോ സൗന്ദര്യമോ രൂപഗുണമോ ഒന്നും കൂടാതെ പരസ്യ ശുശ്രൂഷയിലേക്ക് ചുവടെടുത്തു വെയ്ക്കുന്നു. അതിനാൽ, അവർ അവിടുത്തെ ഇഷ്ടപ്പെടുന്നില്ല (53:2). തന്റെ താഴ്ചയുള്ള ജനനവും താഴ്മയുള്ള ജീവിതവും നിമിത്തം അവർ അവിടുത്തെ നിന്ദിക്കുന്നു. വ്യസനവും ദുഃഖവും ആയിരുന്നു തന്റെ പങ്ക്. അവിടുത്തെ കണ്ടവർ മുഖം മറെച്ചുകളഞ്ഞു. എല്ലാ നിലയിലും അവർ നിരപഹസിച്ചു. നേതാക്കന്മാർ ആരും തന്നെ അവിടുത്തെ ആദരിച്ചില്ല. എന്തുകൊണ്ടാണ് താൻ വ്യസനപാത്രമായും രോഗം ശീലിച്ചവനായും കാണപ്പെട്ടത്? തന്നെ തിരസ്കരിക്കുകയും ക്രൂശിക്കുകയും ചെയ്യാൻ എല്ലാ ജാതിക്കാരും സന്നദ്ധരായതുകൊണ്ടാണ് അവിടുത്തെ ആത്മാവിന് വ്യസനമുണ്ടായത്. അവരുടെയെല്ലാം വേദനയും സഹാനുഭൂതിയോടെ താൻ വഹിച്ചതുകൊണ്ടത്രെ ഇത്രമാത്രം ദുഃഖം അനുഭവിക്കേണ്ടിവന്നത്. ദയാവായ്പോടെ അവിടുന്നു അവരുടെ ദുഃഖങ്ങളെ വഹിച്ചതുകൊണ്ടാണ്, അവരെയെല്ലാം സൗഖ്യമാക്കുവാൻ സന്നദ്ധനായത് (മത്താ. 8:17).

എങ്കിലും താൻ അപ്പോൾ അനുഭവിച്ച ദുഃഖം, ഗത്ശമനയിലും ക്രൂശിലും വെച്ച് അനുഭവിച്ചതിനോട് തുലനം ചെയ്യുമ്പോൾ നിസ്സാരമായിരിക്കുന്നു. അവസാനം, ദുർബലനായ പിലാത്തോസിന്റെ അന്യായമായ വിധിപ്രകാരം, അവിടുന്നു ക്രൂശിതനായിക്കിടക്കുന്നത് കണ്ടപ്പോൾ അവർ എന്താണ് തന്നെക്കുറിച്ച് ചിന്തിച്ചത്? ദൈവം അവിടുത്തെ ശിക്ഷിക്കുകയും അടിക്കുകയും ദണ്ഡിപ്പിക്കുകയുമായിരുന്നു എന്നാണവർ ചിന്തിച്ചത് (53:4). തന്റെ അഗാധമായ വേദനാവേളയിൽ, ഇങ്ങനെയാണ് അവർ തന്നെപ്പറ്റി ചിന്തിച്ചതും പറഞ്ഞതും. എന്നാൽ അവർ പ്രാണവേദനയോടെ തങ്ങളുടെ കണ്ണുകളുയർത്തി ദൈവത്തെ അന്വേഷിക്കുമ്പോൾ, അവർ സത്യം കണ്ടെത്തും. ഒരു അതിക്രമക്കാരനാണെന്നു അവർ വിചാരിച്ചവൻ; കാൽവറിക്രൂശിൽ മരിക്കാൻ ഏൽപ്പിച്ചുകൊണ്ട് ദൈവത്തെ പ്രീതിപ്പെടുത്തുകയാണെന്ന് അവർ കരുതിയ വ്യക്തി; അതെ, ദൈവം എതിരായതുകൊണ്ട് മരിക്കുകയാണെന്ന് അവർ പറഞ്ഞവനെ “ദൈവം അടിച്ചും ശിക്ഷിച്ചും ദണ്ഡിപ്പിച്ചും” ഇരിക്കുകയാണെന്നു അവർ വിചാരിച്ചു; എന്നാൽ അന്നാളിൽ അവർ പറയും: അവിടുന്നു നമ്മുടെ അതിക്രമങ്ങൾ നിമത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു എന്ന്. താൻ തന്റെ തന്നെ അകൃത്യങ്ങൾ നിമിത്തമാണ് മുറിവേറ്റതെന്നു അവർ ഒരിക്കൽ ചിന്തിക്കുകയുണ്ടായി, എന്നാൽ, അന്നാളിൽ അവരുടെ മാനസാന്തരം നിമിത്തം അവരുടെ അതിക്രമങ്ങൾ നിമിത്തമാണ് അവിടുന്നു മുറിവേറ്റതെന്നു മനസ്സിലാക്കി അവിടുത്തെ സ്വീകരിക്കുന്നതാണ്. എന്തൊരു രൂപാന്തരം! എന്തൊരു പീഢനം! എന്തൊരു മാനസാന്തരം! തങ്ങളുടെയെല്ലാം അതിക്രമം യഹോവ തന്റെ മേൽ ചുമത്തുകയായിരുന്നു എന്ന് അന്ന് അവർ മനസ്സിലാക്കും (53:6). മഹാപാപ പരിഹാര ദിവസം യഹോവയുടെ മുമ്പാകെ ജനത്തിന്റെ പാപം വഹിക്കുന്ന അഹരോന്റെ ഉത്തരം ഇവിടെ കാണുന്നു. തങ്ങളുടെ ആത്മതപനം അവരുടെ കണ്ണുകൾ തുറന്നു ഇതു കാണാനും, മാനസാന്തരത്തോടെ ദൈവത്തിങ്കലേക്കു തിരിയുവാനും, തങ്ങൾ അവിടുത്തെ ക്രൂശിൽ തറച്ചുകൊന്നപ്പോൾ, വാസ്തവത്തിൽ, അവിടുന്നു അവർക്കുവേണ്ടിയായിരുന്നു അങ്ങനെ ചെയ്തതെന്ന് അവസാനം അവർക്ക് തിരിച്ചറിയുവാനും, അങ്ങനെ ക്രിസ്തുവിനെ സ്വീകരിക്കുവാനും ഇടവരും.

തങ്ങളുടെ നീതീകരണത്തിന് യാതൊരു ശ്രമവും അവർ നടത്തേണ്ടതില്ലെന്നു അടുത്ത അനുശാസനം – “യാതൊരു വേലയും പാടില്ല” – അവരെ ബുദ്ധിയുപദേശിക്കുന്നു. ഏത്ര സൂക്ഷ്മതയോടെയാണ് ദൈവം ഈ അനുശാസനം രേഖപ്പെടുത്തിയിരിക്കുന്നത്. മഹാപാപ പരിഹാര ദിവസം പണ്ട് യിസ്രയേൽ വിശ്രമിച്ചതുപോലെ, അവരുടെ ശേഷിപ്പും വിശ്രമിക്കും. അന്നത്തെ ദിവസം അഹരോൻ ചെയ്ത ഒരേ ഒരു കാര്യം, രക്തം ഏകനായി കൊണ്ടുപോയി കൃപാസനത്തിൽ തളിച്ചതായിരുന്നു. പ്രശസ്തമായൊരു ഗാനത്തിന്റെ ചുവടു പിടിച്ച് അന്നത്തെ അവരുടെ അവസ്ഥയെപ്പറ്റി നമുക്ക് ഇങ്ങനെ ആലപിക്കാവുന്നതാണ്.

“വലുതോ ചെറുതോ ഒന്നും തന്നെ;
ഒന്നും തന്നെ യിസ്രയേൽ ചെയ്തില്ല;
യേശു ചെയ്തു, എല്ലാം ചെയ്തു, പണ്ടു, പണ്ട്”.

“അന്ന് ആത്മതപനം ചെയ്യാത്ത ഏവനേയും അവന്റെ ജനത്തിൽ നിന്നു ഛേദിച്ചുകളയേണം” (23:29).

അവിശ്വാസികൾക്കുണ്ടാകുന്ന ശിക്ഷയാണ് ഇവിടുത്തെ വിവക്ഷ. യിസ്രയേലിന്റെ ശേഷിപ്പ് മാനസാന്തരപ്പെട്ട് കർത്താവിങ്കലേക്ക് തിരിഞ്ഞു യോസേഫിന്റെ സഹോദരന്മാർ പറഞ്ഞതുപോലെ, "അവൻ നിമിത്തം ഞങ്ങൾ കുറ്റക്കാർ" എന്നു പറയും. അതേസമയം, അന്തിക്രിസ്തുവിനോട് ചേർന്നുനിന്നു യിസ്രയേലിൽ മത്സരികളായിത്തീരുന്നവർ ആത്മതപനം ചെയ്യാൻ വിസ്സമതിക്കും, അതിന്റെ ഫലമായി അവർ ഛേദിക്കപ്പെടുകയും ചെയ്യും. തിരഞ്ഞെടുപ്പ് അവശേഷിക്കും, അതായത്, അതിന് യാതൊരുവിധ പരിഗണനയും ഉണ്ടായിരിക്കുന്നതല്ലെന്നു സാരം; ദൈവമുമ്പാകെ തങ്ങളുടെ അപരാധങ്ങൾ ബോധ്യപ്പെടുമ്പോൾ അവർ എല്ലാ തെറ്റുകളും ഏറ്റുപറഞ്ഞ് കർത്താവിനെ സ്വീകരിക്കും. അതിനെത്തുടർന്ന് അവരുടെ അനുഗ്രഹത്തിന് രണ്ടു കാര്യങ്ങൾ സംഭവിക്കും. ക്രിസ്തുയേശു മുഖാന്തരം സാക്ഷാത്ക്കരിക്കപ്പെട്ട വീണ്ടെടുപ്പ് അവർ സന്തോഷത്തോടെ സ്വീകരിക്കുന്നു; കൃപാസനത്തിന്മേൽ തളിക്കുന്ന രക്തത്തിന്റെ ഉത്തരം അത്രെ ഇത്. യഹോവയുടെ ജനമെന്നവണ്ണം അവർ പരസ്യമായി പുനഃസ്ഥാപിക്കപ്പെടും – മരുഭൂമിയിലേക്കു തള്ളിവിടുന്ന ആട്ടുകൊറ്റന്റെ ഉത്തരം. ലേവ്യാ പുസ്തകം 16–ാം അദ്ധ്യായത്തിൽ മരുഭൂമിയിലേക്കു തള്ളിവിടുന്ന ഒരു കാളക്കുട്ടിയെപ്പറ്റി യാതൊരു പരാമർശവും ഇല്ലെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. അഹരോനും തന്റെ കുടുംബത്തിനും വേണ്ടി വേർ തിരിക്കുന്ന കാളക്കുട്ടി ക്രിസ്തുവിനേയും തന്റെ സഭയേയുമാണ് പ്രതിനിധീകരിക്കുന്നത്. സഭയ്ക്ക് യിസ്രയേലിനെപ്പോലെ ദൈവമുമ്പാകെ ദേശീയമായൊരു സ്ഥാനമില്ല, അതിനാൽ, മരുഭൂമിയിലേക്ക് തള്ളിവിടുന്ന ഒരു കാളക്കിടാവിന്റെ ആവശ്യം ഉദിക്കുന്നില്ല. ദൈവമുമ്പാകെയും ലോകത്തിന്റെ മുമ്പാകെയും യിസ്രയേൽ ജാതീയമായി നിരപ്പ് പ്രാപിക്കേണ്ടിയിരിക്കുന്നു. ദൈവജനമെന്ന അവരുടെ സ്ഥാനം അന്ന് ഒരിക്കൽകൂടി അവർ നിറവേറ്റുന്നതാണ്. യിസ്രയേൽ ദൈവരാജ്യത്തിൽ സംസ്ഥാപിതമായശേഷം തങ്ങളുടെ ദൈവമുമ്പാകെ സന്തോഷിക്കുന്ന അവസാനത്തെ ഉത്സവ ദിവസത്തിലേക്ക് ഈ അദ്ധ്യായത്തിലെ അവസാനത്തെ ഉത്സവം നമ്മെ നയിക്കുന്നു.

"യഹോവ പിന്നെയും മോശയോട് അരുളിച്ചെയ്തത്: നീ യിസ്രയേൽ മക്കളോട് പറയേണ്ടത് എന്തെന്നാൽ: ഏഴാം മാസം 14–ാം തിയതി മുതൽ ഏഴു ദിവസം യഹോവയ്ക്ക് കൂടാരപ്പെരുന്നാൾ ആകുന്നു. ഒന്നാംമ ദിവസത്തിൽ വിശുദ്ധ സഭായോഗം ഉണ്ടായിരിക്കേണം; അന്നു സാമാന്യവേല യാതൊന്നും ചെയ്യരുത്. ഏഴു ദിവസം യഹോവയ്ക്ക് ദഹനയാഗം അർപ്പിക്കേണം; അന്ന് അന്ത്യസഭായോഗം; സാമാന്യവേല യാതൊന്നും ചെയ്യരുത്" (33–36).

ഈ അവസാനത്തെ ഉത്സവത്തിൽ ദൈവരാജ്യത്തിൽ യിസ്രയേൽ ആനന്ദിക്കുന്ന മഹത്തായ സന്ദർഭം നാം കാണുന്നു. ഏഴാം മാസത്തിൽ നടക്കുന്ന ഈ മൂന്നു ഉത്സവങ്ങളും അവരുടെ മഹത്തായ ആനന്ദതിമിർപ്പിനെയത്രെ ചിത്രീകരിക്കുന്നത്. ദൈവവചനം അവനിലേക്ക് കടന്നു ചെല്ലുന്നതു നിമിത്തം പനരുജ്ജീവനവും ഉണർവ്വും ലഭിക്കുന്ന യിസ്രയേൽ തങ്ങളുടെ അതിക്രമങ്ങളെപ്പറ്റി ഓർത്തു മാനസാന്തരപ്പെടുന്നു. ദേശീയ മാനസാന്തരം അവരെ ദേശീയമായ ക്ഷമാപണത്തിലേക്ക് നയിക്കുന്നു; അതിനെ തുടർന്ന് ദൈവജനമെന്ന അവരുടെ പദവി വീണ്ടും അവർക്കു ലഭിക്കുകയും ചെയ്യുന്നു. മിസ്രയീമിൽ നിന്നുള്ള തങ്ങളുടെ മോചനം തുടങ്ങി ദൈവരാജ്യത്തിൽ അവർ സംസ്ഥാപിതമാകുന്നതുവരെയുള്ള അവരുടെ എല്ലാ വഴികളും അന്ന് അവർ അവലോകനം ചെയ്യും (മർക്കോ. 9:7).

ദൈവത്തിന്റെ വിവേചന ശക്തി ജാതീയമായി ചരിത്രത്തിൽ മൂന്നു പ്രാവശ്യം അവർ അനുഭവിച്ചറിഞ്ഞതാണ്. ഒന്നാമത് മിസ്രയീമിൽ വെച്ച്, നീട്ടിയ കരങ്ങളോടെ അവിടുന്നു അവരെ വിടുവിച്ചപ്പോൾ. രണ്ടാമത്, പേർഷ്യൻ രാജാവായ കോരശിന്റെ കൽപ്പനയാൽ ബാബേലിൽ നിന്നു മോചനം ചോദിച്ചപ്പോൾ. മൂന്നാമത്, ജാതികളുടെ കാലത്തിന്റെ അന്ത്യത്തിൽ എല്ലാ ജാതിക്കാരുടെയും അധീനതയിൽനിന്നു വിമോചിതരാകുമ്പോൾ. അവർ ഒന്നാമത് മിസ്രയീമിൽ നിന്ന് പുറത്തുവന്നപ്പോൾ അവർ കൂടാരങ്ങളിലായിരുന്നു പാർത്തത്. തൽക്കാലത്തേക്ക് അവർക്ക് സ്ഥിരമായൊരു വാസസ്ഥലം ഇല്ലായിരുന്നു. പരദേശികളായിരുന്നു എന്നതിന്റെ ലക്ഷണമായിരുന്നു അത്, കാരണം അവർ കനാനെ ലക്ഷ്യമാക്കി പ്രയാണം ചെയ്യുകയായിരുന്നുവല്ലോ. അവൻ അന്ന് അവർ കൂടാരങ്ങളിൽ പാർത്തതിന്റെ ഓർമ്മയാണ് കൂടാരപ്പെരുന്നാളിന്റെ ഹേതു. വളരെക്കാലങ്ങൾക്കുശേഷം അവർ ബാബിലോണിൽനിന്ന് പുറത്തുവന്നപ്പോഴും ഈ കൂടാരപ്പെരുന്നാൾ ആചരിച്ചത് ശ്രദ്ധേയമാണ് (എസ്രാ. 3:4). ഇവിടെ ഒരിക്കൽ കൂടി ദൈവം അവരെ വിടുവിച്ചതിനെ അവർ അനുസ്മരിക്കുന്നു. അങ്ങനെ അവസാനത്തിലും സംഭവിക്കും. മാത്രമല്ല, കൂടാരപ്പെരുന്നാളിന് പങ്കെടുക്കാത്ത യാതൊരു ജാതിയെയും ദൈവം ശിക്ഷിക്കുമെന്നും സെഖ. 14:16-ൽ നാം വായിക്കുന്നു. എല്ലാ ജാതിക്കാരും വാഗ്ദത്ത ദേശത്തു വന്നു ദൈവം തന്റെ ജനത്തിനുവേണ്ടി ചെയ്ത വസ്തുതകൾ ഓർക്കേണം എന്നത്രെ അവിടുന്നു ഉദ്ദേശിക്കുന്നത്. "എന്നാളിലും ശേഷിച്ചിരിക്കുന്ന ഏവനും സൈന്യങ്ങളുടെ യഹോവയായ രാജാവിനെ നമസ്കരിക്കാനും കൂടാരപ്പെരുന്നാൾ ആചരിക്കാനും ആണ്ടുതോറും വരും" (സെഖ. 14:16).

കൂടാരപ്പെരുന്നാൾ എല്ലാ ജാതിക്കാർക്കും സന്തോഷത്തിന്റെ സന്ദർഭമാണ്. യിസ്രയേലിന്റെ കൊയ്ത്തിനും വിളവെടുപ്പിനും ശേഷം അവർ കൂടാരങ്ങളിൽ വസിച്ചുകൊണ്ട് തങ്ങളുടെ ദൈവത്തിന്റെ അനുഗ്രഹങ്ങളിൽ സന്തോഷിക്കും; കൂടാരങ്ങൾ ദൈവീക മോചനപ്രക്രിയയുടെ ശക്തമായ പ്രവൃത്തികൾ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. മുന്തിരിയുടെ വിളവെടുപ്പു കഴിഞ്ഞാണ് എപ്പോഴും കൊയ്ത്തു നടക്കുക, അതിനാലാണ് ധാന്യവും വീഞ്ഞുമെന്ന് പറയുന്നത്, അല്ലാതെ, വീഞ്ഞും ധാന്യവുമെന്ന് ഒരിയ്ക്കലും പറയാറില്ല. യുഗപരമായി പറഞ്ഞാൽ, കൊയ്ത്ത് വിവേചനപരമായ ന്യായവിധിയെ ചൂണ്ടിക്കാണിക്കുന്നു; അതേസമയം മുന്തിരിക്കൊയ്ത്താകട്ടെ, ആരേയും അവശേഷിപ്പിക്കാത്ത ന്യായവിധിയെയും. നല്ലതും തിയതും തമ്മിൽ വേർതിരിക്കുന്നതിനെ പരാമർശിക്കാൻ കൊയ്ത്ത് ചൂണ്ടിക്കാണിക്കുന്നതുകൊണ്ട്, ഒന്നാമത് നടക്കേണ്ടത് ഇതാണ് (മത്തായി 13:49; 24:40). നല്ലതെല്ലാം ശേഖരിക്കപ്പെട്ടുകഴിഞ്ഞാൽ, അവശേഷിക്കുന്നത് തിയതാണല്ലോ. അത് ആരെയും ഒഴിവാക്കാത്ത ന്യായവിധിയിലേക്ക് നയിക്കുന്നു (വെളി. 14:14). ഈ ന്യായവിധി ഭൂമിയിൽ നടന്നതിനു ശേഷമാണ് യിസ്രയേലിനെ വിടുവിച്ച് മഹനീയമായ കൂടാരപ്പെരുന്നാളിന്റെ പങ്കാളികളാക്കിത്തീർക്കുന്നത്. ഫറവോനെയും മിസ്രയീമിനെയും ന്യായം വിധിച്ചതായിരുന്നു അവരോടുള്ള ബന്ധത്തിൽ സംഭവിച്ച ഒന്നാമത്തെ ന്യായവിധി. ബെത്ശസ്സറേയും ബാബേലിനേയും ന്യായം വിധിച്ചത് രണ്ടാമത്തേതായിരുന്നു. അവസാനത്തേത് സാത്താനേയും മറ്റെല്ലാ ജാതികളേയും ന്യായം വിധിക്കുന്നതാണ്. അന്നത്തെ ഉത്സവം എത്ര കമനീയമായിരിക്കും! യിസ്രയേലിനെതിരെ എല്ലാ ജാതിക്കാരെയും അവസാനം കൂട്ടിച്ചേർക്കേണ്ടതിന് സാത്താനെ അനുവദിക്കുമെങ്കിലും, അവരെ തൊടുവാൻ അവനെ അനുവദിക്കുമോ എന്നു തോന്നുന്നില്ല, കാരണം തീ ആകാശത്തു നിന്നിറങ്ങി അവന്റെ കൂട്ടാളികളെയെല്ലാം നശിപ്പിക്കുകയാണല്ലോ.

മറ്റൊരു ശ്രദ്ധേയമായ കാര്യം ഈ ഉത്സവത്തിൽ വെളിപ്പെടുന്നുണ്ട്. എട്ടാം ദിവസത്തെപ്പറ്റി ഇതിൽ പരാമർശമുണ്ട്. മഹാദിവസമെന്ന് പറയപ്പെടുന്ന ഈ ദിവസമാണ്, "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ" (യോഹ. 7:37) എന്ന് കർത്താവ് വിളിച്ചു പറഞ്ഞത്. കൂടാരപ്പെരുന്നാളിലാണ് ഇത് സംഭവിച്ചതെന്ന് ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ വായിക്കുന്നുണ്ട് (7:2). എട്ടാം ദിവസം നിത്യതയെ ചൂണ്ടിക്കാണിക്കുന്നു. വരാനിരക്കുന്ന ലോകത്തിൽ ദൈവീക വഴികൾ മഹത്വസമ്പൂർണ്ണമായൊരു സമാപ്തിയെ പ്രാപിക്കുമ്പോൾ, ദൈവം തന്റെ നിത്യമായ പ്രമോദത്തിന് സൂക്ഷിച്ചിരിക്കുന്നത് പുതിയ ആകാശം, പുതിയ ഭൂമിയിലേക്ക് നീങ്ങുന്നതാണ്. വെളിപാട് 21:3-ൽ നിന്ന് നാം മനസ്സിലാക്കുന്നത്, ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം" എന്ന മഹത്തായ അനുഭവത്തിൽ സഭ വിലയം പ്രാപിക്കുമെന്നാണ്. യിസ്രയേലും ജാതികളിൽനിന്നും രക്ഷിക്കപ്പെട്ടവരുമാണ് മനുഷ്യർ എന്നതിനാൽ ഉദ്ദേശിക്കുന്നതെന്ന് വ്യക്തം. അന്ന് ജാതികളുടെയിടയിൽ ഒരു വിഭജനങ്ങളും ഉണ്ടായിരിക്കുകയില്ല. സ്വർഗ്ഗിയ സംഘവും ഭൗമിക സംഘവും എന്നതു മാത്രമാണ് ഉണ്ടാകുമെന്ന് തോന്നാവുന്ന വിഭജനം. സ്വർഗ്ഗീയ സംഘം സഭയും, യിസ്രയേലും ജാതികളിൽനിന്ന് രക്ഷിക്കപ്പെട്ടവരുമാണ് ഭൗമിക സംഘവും എന്ന് വ്യക്തമാണ്. ദൈവം സഭയെ മാത്രമല്ല നിത്യമായ മഹത്വത്തിലേക്ക് എത്തിച്ചേർക്കുന്നത്, യിസ്രയേലും ജാതികളിൽ നിന്നും രക്ഷയിലേക്ക് വന്നവരും അതിൽ ഉൾപ്പെടും. ഓരോന്നും അതിന്റേതായ സ്ഥാനത്തായിരിക്കും. എല്ലാവർക്കും ദൈവമഹത്വമുണ്ടായിരിക്കും. ഇതെല്ലാം ഉത്സവത്തിന്റെ എട്ടാം ദിവസത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് നമുക്ക് കാണാവുന്നതാണ്.

"ദാഹിക്കുന്നവനെല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ" എന്നു കർത്താവു പറഞ്ഞ ദിവസം ഇതായിരുന്നു. നീണ്ട കാലം ജാതികൾ യഹോവയുടെ ഉത്സവത്തെ യഹൂദന്മാരുടെ ഉത്സവമായി മാറ്റിയിരുന്നു. അതിനാൽ, ദൈവീകാനുഗ്രഹത്താൽ നിറയുന്നതിനു പകരം അവർ ഈ ഉത്സവങ്ങളിൽ വരണ്ടവരും ദാഹിക്കുന്നവരുമായിരുന്നു. ന്യായപ്രമാണം പാലിക്കുന്നതിൽ അവർ ദയനീയമായി പരാജയപ്പെട്ടതുകൊണ്ട് അത് അവരെ അനുഗ്രഹത്തിലേക്ക് നയിച്ചില്ല. ഇനി അവർക്ക് അവശേഷിച്ചിരിക്കുന്ന ഏക പ്രത്യാശ ക്രിസ്തുവിലേക്ക് തിരിയുക എന്നതാണ്. തന്റെ അടുക്കൽ വരുന്ന ഏവർക്കും ആത്മാവിനെ ദാനമായികൊടുക്കും. എട്ടാം ദിവസത്തിൽ നമ്മുടെ കർത്താവ് ബന്ധപ്പെടുത്തുന്നത് ഇതാണ് – പരിശുദ്ധാത്മാവെന്ന ദാനം. ധാന്യവും വീഞ്ഞും ശേഖരിച്ച ശേഷമാണ് ഈ ഉത്സവം ആഘോഷിക്കുന്നതെന്ന് നാം നേരത്തെ ചിന്തിക്കുകയുണ്ടായി, എന്നാൽ ഈ രണ്ടു പ്രധാന സംഗതികളോട് മറ്റൊരു കാര്യം കൂടി ആവർത്തന പുസ്തകത്തിൽ കൂട്ടിച്ചേർത്തിരിക്കുന്നുണ്ട്; അത് എണ്ണയാകുന്നു. അഞ്ചു പ്രാവശ്യം ഈ പുസ്തകത്തിൽ ധാന്യവും വീഞ്ഞും എണ്ണയും എന്നു നാം വായിക്കുന്നു. മറ്റെല്ലാറ്റിനെക്കാൾ അത്യധികമായി തങ്ങൾ ഇതിനുമുമ്പ് അറിഞ്ഞിട്ടില്ലാത്തവിധം പരിശുദ്ധാത്മാവിനെ പകരുന്നതാണ് യിസ്രയേലിന്റെ പുനരുജ്ജീവനത്തിന്റെയും അനുഗ്രഹത്തിന്റെയും സവിശേഷത (യോവേൽ 2:28). "ആ കാലത്ത് ഞാൻ ഉത്തരം നൽകും എന്ന് യഹോവ അരുളിചെയ്യുന്നു: ഞാൻ ആകാശത്തുനിന്നു ഉത്തരം നൽകും; അതു ഭൂമിയ്ക്ക് ഉത്തരം നൽകും; ഭൂമി ധാന്യത്തിനും വീഞ്ഞിനും എണ്ണക്കും ഉത്തരം നൽകും; അവർ യിസ്രയേലിനും ഉത്തരം നൽകും" (ഹോശ. 2:21, 22). യിസ്രയേൽ എന്നാൽ ദൈവം വിതയ്ക്കുന്നു എന്നത്രെ. ആലയത്തിൽ നിന്ന് അന്ന് വെള്ളം പ്രവഹിക്കും (യെഹ. 47); കൂടാരം എണ്ണയാൽ അഭിഷേകം ചെയ്യും (ലേവ്യ. 13:10). ദൈവാത്മാവ് വ്യാപരി

ക്കുന്ന ദിവസത്തെപ്പറ്റിയാണ് ഇങ്ങനെയെല്ലാം പറഞ്ഞിരിക്കുന്നത്. ദൈവം യിസ്രയേലിനോട് എന്നേക്കും വസിക്കുന്നതിനെയാണ്, ആത്മാവിൽ അവർക്കുണ്ടാകുന്ന സുരക്ഷിതമാണ് ഇതിലെല്ലാം കൂടെ അർത്ഥമാക്കുന്നത്. പരിശുദ്ധാത്മാവിന്റെ ദാനമാണല്ലോ കർത്താവ് എട്ടാം ദിവസമായി ബന്ധിപ്പിക്കുന്നത്.

എട്ടാം ദിവസത്തെ മറ്റൊരു ആലോചന പുനരുത്ഥാനമാണ്. മരണത്തിന്നതീതമായ ശക്തിയുടെ അനുഭവത്തിലേക്ക് യിസ്രയേൽ ഇനി വരാനിരിക്കുന്നതേയുള്ളു. അവർ ശാരീരികമായി മരിച്ചു ഉയിർത്തെഴുന്നേൽക്കുകയില്ല, എന്നാൽ ഇപ്പോൾ ക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ ലഭ്യമായ ജീവനിലേക്ക് വരാൻ അവർക്ക് അന്നു ഇടയാകും. നമുക്ക് ഈ ജിവൻ ഇന്നുണ്ട്. യിസ്രയേലിന് ദൈവരാജ്യത്തിൽ വെച്ചായിരിക്കും ഈ ജീവന്റെ അനുഭവം ലഭിക്കുക (ദാനി. 12:2; മത്തായി 25:46). നിത്യതയിലും അങ്ങനെയുണ്ടാകും. മറുരൂപാമലയിൽ വെച്ചുണ്ടായത് ഇതിനൊരു നിഴലാണ് (ലൂക്കോ. 9:28 – 36). സുമാർ എട്ടു ദിവസത്തിനു ശേഷമാണ് ഇത് സംഭവിച്ചതെന്ന് ലൂക്കോസ് ചൂണ്ടിക്കാണിക്കുന്നുണ്ടല്ലോ. പഴയ നിയമ വിശുദ്ധന്മാർ മഹത്വത്തിന്റെ കാർമേഘത്തിലായിരിക്കും പത്രോസും യാക്കോബും യോഹന്നാനും ശേഷിപ്പിന്റെ പ്രതീകമാണ്. ആ സന്ദർഭത്തിൽ നിദ്രയുണ്ടാകുമെങ്കിലും, ഉണരും; മശിഹായുടെ മഹത്വം അവർ കാണും; അവിടുത്തോടുകൂടി മഹത്വത്തിൽ ഒരു സംഘത്തേയും. "നിലത്തിലെ പൊടിയിൽ നിദ്ര കൊള്ളുന്നവരിൽ പലരും ഉണരും" (ദാനി. 12:2). ഇവിടെ, ഈ പ്രതീകങ്ങളിൽ, ദൈവരാജ്യം സ്ഥാപിതമാകുന്നതും, ആ ദിവസത്തിൽ യിസ്രയേൽ തങ്ങളുടെ സ്ഥാനം അലങ്കരിക്കുന്നതും നാം കാണുന്നു. എട്ടാം ദിവസത്തെ "വിശുദ്ധ സഭായോഗം" കൂടുന്ന ദിവസം എന്നു വിളിച്ചിരിക്കുന്നു. ഈ വാക്കിന്റെ അർത്ഥം "തടയുക" എന്നാണ്. സഭ ദൈവസന്നിധിയിൽ വിശുദ്ധയോഗം കൂടുമ്പോൾ ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ മഹത്വവും ദൈവീക വിശുദ്ധിയും കൊണ്ട് അവർ ഹൃദയം നിറഞ്ഞിരിക്കും. പരിശുദ്ധാത്മാവിന്റെ സന്നിധിയിൽ അവർ ഇരിക്കുമ്പോൾ, മറ്റെല്ലാറ്റിൽ നിന്നും ഒഴിവുള്ളവരായിരിക്കുമ്പോൾ ഈ അനുഭവം അവർക്കുണ്ടാകുന്നു. അവർ തങ്ങളുടെ തലകൾ ആരാധനക്കായി താഴ്ത്തും.

യിസ്രയേലിനോടുള്ള ബന്ധത്തിൽ ദൈവം നിവർത്തിച്ചുകൊണ്ടിരിക്കുന്ന മഹത്തായ ലക്ഷ്യത്തെപ്പറ്റി നാം ഈ അദ്ധ്യായത്തിൽ വിശദീകരിച്ചുവല്ലോ. ആദ്യത്തെ നാലു ഉത്സവങ്ങളും പൂർത്തിയായി കഴിഞ്ഞപ്പോൾ, സുവിശേഷം വിശ്വസിക്കുന്നതിന്റെ ഫലമായിട്ടാണ് ശേഷിപ്പിന് തങ്ങളുടെ പങ്കാളിത്തം ലഭിക്കുന്നതെന്ന്, നാം കണ്ടുകഴിഞ്ഞുവല്ലോ. സ്വർഗ്ഗീയ സംഘത്തിൽ ഒരു പങ്ക് ഉള്ളതുകൊണ്ടാണ് അവർക്കിങ്ങനെ സാക്ഷാത്ക്കരിക്കാൻ സാധിക്കുന്നതെന്ന് നാം ചിന്തിക്കുകയുണ്ടായി ഒരു ജാതിയെന്നവണ്ണം യിസ്രയേൽ ഇനിയും കർത്താവിന്റെ സന്നിധിയിലേക്ക് വരാനിരിക്കുന്നു; അവർ ഒരു ഭൗമിക സംഘമായി രൂപപ്പെടാനിരിക്കുന്നതേയുള്ളു. പ്രവാചക പുസ്തകങ്ങളിൽ അതിന്റെ നിഴലുകൾ കാണുന്നുണ്ട്. "ഞാൻ ആകാശത്തെ ഉറപ്പിച്ചു ഭൂമിക്ക് അടിസ്ഥാനം ഇടുകയും സീയോനോട്: നീ എന്റെ ജനം എന്നു പറകയും ചെയ്യേണ്ടതിന്നു ഞാൻ എന്റെ വചനങ്ങളെ നിന്റെ വായിൽ ആക്കി എന്റെ കൈയ്യുടെ നിഴലിൽ നിന്നെ മറെച്ചിരിക്കുന്നു" (യെശ. 51:16). 13–ാം വാക്യത്തിൽ പുതുവാനഭൂമികൾ സൃഷ്ടിക്കുന്നതും, 16–ാം വാക്യത്തിൽ അവരെ അതിലാക്കുന്നതും നാം കാണുന്നു. അവരെ സൃഷ്ടിച്ചവൻ തന്നെയാണ് അവരെ അതിലാക്കുന്നതും. അവിടുന്നു സ്വർഗ്ഗത്തിൽ സഭയെ സ്ഥാപിക്കുകയും, ഭൂമിയുടെ അടിസ്ഥാനം യിസ്രയേലിനെക്കൊണ്ട് പണിയിക്കുകയും

ചെയ്യും. ദൈവീക കാര്യപരിപാടിപ്രകാരമുള്ള സമയമാകുമ്പോൾ ദൈവരാജ്യത്തിൽ എല്ലാം അതാതിന്റെ സ്ഥാനത്ത് സ്ഥാപിതമാകും; അവിടുന്നു തന്റെ സ്വസ്ഥതയിലേക്കു പ്രവേശിക്കുകയും ചെയ്യും. പ്രാരംഭത്തിൽ ഈ അദ്ധ്യായത്തിന്റെ തലവാചകത്തിൽ ദർശിച്ചതുപോലെ, ഈ മഹത്തായ ലക്ഷ്യത്തിലേക്കാണ് ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. തന്റെ പ്രവർത്തികൾ നാം മനസ്സിലാക്കേണ്ടതിന് അവിടുന്നു തന്റെ പദ്ധതികൾ ദയാവായ്പോടെ നമുക്ക് അറിയിച്ചു തന്നിട്ടുമുണ്ട്. താൻ ചെയ്യുന്നത് എന്താണെന്ന് നാം അറിഞ്ഞ്, എങ്ങനെ ബാക്കി കാര്യങ്ങൾ നിർവ്വഹിക്കുന്നു എന്നു നാം ബോധ്യമുള്ളവരാകണമെന്ന് ഉറപ്പുവരുത്തേണ്ടതിനാണ് അവിടുന്നു ഇങ്ങനെ ചെയ്യുന്നത്. ഘട്ടം ഘട്ടമായി ഈ കാര്യം ഈ അദ്ധ്യായത്തിൽ വിശദമാക്കിയിട്ടുണ്ട്.

പെസഹാ പെരുന്നാളിൽ കണ്ടതുപോലെ, ക്രിസ്തുവിന്റെ മരണത്തിന്റെ അടിസ്ഥാനത്തിൽ; പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളിൽ ദർശിച്ചതുപോലെ, തിന്മയെ വർജ്ജിച്ച് നന്മ ആവിഷ്ക്കരിക്കുന്നതിനോടുള്ള ബന്ധത്തിൽ; ആദ്യഫലക്കറ്റപ്പെരുന്നാളിൽ കർത്താവായ യേശുവിന്റെ പുനരുത്ഥാനം കണ്ടതുപോലെ; പുതിയ ഭോജനയാഗത്തിൽ സഭാരൂപീകരണം ദർശിച്ചതുപോലെ; കാഹളധ്വനിയുടെ പെരുന്നാളിൽ യിസ്രയേലിന്റെ യഥാസ്ഥാപനം കണ്ടതുപോലെ; മഹാപാപപരിഹാരദിവസപ്പെരുന്നാളിൽ യിസ്രയേലിന്റെ ദേശീയ മാനസാന്തരം ദർശിച്ചതുപോലെ; കൂടാരപ്പെരുന്നാളിൽ വരാനിരിക്കുന്ന ലോകത്തിൽ ഭാവിയിൽ സ്ഥാപിതമാകുന്ന രാജ്യത്തിന്റെ മഹത്വവും, നിത്യതയിലേക്കുള്ള പ്രയാണവും കണ്ടതുപോലെയാണ് ദൈവീക കാര്യപരിപാടിയും, സ്വസ്ഥത സാക്ഷാത്ക്കരിക്കപ്പെടുന്നത്. ലോകത്തിൽ പാപത്താൽ സംജാതമായ സമസ്ത മലിനതകളും നീക്കി ദൈവീക പദ്ധതിയുടെ പൂർത്തീകരണമായി അതിനെ രൂപാന്തരപ്പെടുത്തുന്ന സമയം ആസന്നമായി. “വെള്ളം സമുദ്രത്തിൽ നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ മഹത്വത്തിന്റെ പരിജ്ഞാനത്താൽ പൂർണ്ണമാകും” (ഹബ. 2:14). പിന്നെ, ദൈവരാജ്യത്തിന്റെ കാലശേഷം, ഇപ്പോഴത്തെ ആകാശവും ഭൂമിയും പുതുവാനഭൂമികളാക്കിത്തീർത്തു അവിടുന്നു എന്നന്നേക്കും തന്റെ സ്നേഹത്തിൽ വിലയം പ്രാപിക്കും. കൂടാരപ്പെരുന്നാളിന്റെ എട്ടാം ദിവസം ചൂണ്ടിക്കാണിക്കുന്നത് ഇതാണ്.

ദൈവത്തിന്റെ ഈ കാര്യപരിപാടികൾ കുറെകൂടി ഭംഗിയായി അറിയേണ്ടതിന്നു കരുണാവത്സലനായ കർത്താവ് നമ്മെ സഹായിക്കുമാറാകട്ടെ; ദൈവം തന്റെ സ്വർഗ്ഗീയ സംഘത്തോടും ഭൗമിക സംഘത്തോടും ബന്ധപ്പെട്ട് തന്റെ നിത്യമായ മഹത്വത്തിന് എന്ത് ചെയ്യുന്നു എന്നും, ഇപ്പോൾ തന്റെ പദ്ധതികൾ എന്താണെന്ന് ഏറെക്കുറെ നമുക്ക് നേരിയൊരു അവബോധം ഉണ്ടാകണമെന്നും, അറിഞ്ഞ്, അവിടുത്തോടു ഐക്യതയും കൂട്ടായ്മയും ഉണ്ടായി, ഭക്ത്യാദരവോടെ അവിടുത്തെ സേവിച്ച്, “മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷത” അടുത്തിരിക്കുന്നു എന്നറിഞ്ഞ് ഭയത്തോടെ ദൈവീക മഹത്വത്തിന്റെ പ്രദർശനത്തിനായി കാത്തിരിക്കേണ്ടതിനും ദൈവം ദൈവം ഇടവരുത്തട്ടെ (തീത്തോസ് 2:13).